



# ആഗോള സാമ്പത്തികമാന്ദ്യം ഇസ്‌ലാമിക പരിപ്രേക്ഷ്യം

**എം.എം. അക്ബർ**

മനുഷ്യരെ ഇഹപരവിജയത്തിലേക്ക് നയിക്കുന്ന ദർശനമാണ് ഇസ്‌ലാം. മനുഷ്യമനസ്സുകൾക്കത്ത് മാറ്റങ്ങളുണ്ടാക്കിക്കൊണ്ടാണ്. ഇസ്‌ലാം അതിന്റെ പ്രയോഗവൽക്കരണത്തിന് തുടക്കം കുറിക്കുന്നത്. വ്യക്തിയുടെ മനസ്സിനും ശരീരത്തിനും സൗഖ്യം നൽകുകയും കുടുംബത്തിനകത്ത് ശാന്തിനിലനിൽക്കുകയും സമൂഹത്തിൽ നീതിയും സമാധാനവും നിലനിർത്തുകയും ചെയ്യുന്നതിന് ഇസ്‌ലാമിക നിയമങ്ങളുടെ പ്രയോഗവൽക്കരണം നിമിത്തമാകുന്നു. എന്നാൽ ഇതെല്ലാം ആരംഭിക്കുന്നത് വ്യക്തിയുടെ മനസ്സിനകത്തേക്ക് സ്രഷ്ടാവിനെക്കുറിച്ച കൃത്യമായ ബോധവും മരണാന്തര ജീവിതത്തെപ്പറ്റിയുള്ള വ്യക്തമായ അറിവും സന്നിവേശിപ്പിച്ചുകൊണ്ടാണ്.വിശ്വാസത്തിൽ നിന്നാരംഭിച്ച് മരണാനന്തര ജീവിത്തിലെ സ്വർഗപ്രവേശത്തിലെത്തുന്നതാണ് മുസ്‌ലിമിന്റെ ജീവിതസരണി. ഈ സരണിയിൽ സ്വാഭാവികമായും വന്നു ഭവിക്കുന്നതാണ് വ്യക്തിയുടെയും കുടുംബത്തിന്റെയും സമൂഹത്തിന്റെയുമെല്ലാം ശാന്തിയും സമാധാനവും. സ്രഷ്ടാവായ അല്ലാഹുവിന്റെ പ്രീതി ലക്ഷ്യമാക്കി ജീവിതത്തെ കരുപ്പിടിപ്പിക്കുമ്പോൾ ഇതെല്ലാം സ്വാഭാവികമായും ഉണ്ടായിത്തീരുമെന്നർത്ഥം.

മുസ്‌ലിമിന്റെ ജീവിതം അവനു മാത്രമല്ല ചുറ്റുപാടിനും ഗുണദായകമാവുമെന്നതിൽ സംശയമില്ല. ഒരു കുടുംബത്തിൽ ഒരാൾ മാത്രമാണ് മുസ്‌ലിമായി ജീവിച്ചിരിക്കുന്നതെങ്കിലും അവന്റെ ഇസ്‌ലാമിക വ്യക്തിത്വത്തിന്റെ ഗുണഫലങ്ങൾ കുടുംബത്തിന് മൊത്തത്തിൽ ഉപകാരപ്രദമായിരിക്കും. ഇതേപോലെത്തന്നെയാണ് സമൂഹത്തിനും. ഇലപൊഴിയുകയോ മറ്റു പ്രയാസങ്ങൾ സൃഷ്ടിക്കുകയോ ചെയ്യാത്തതും എല്ലാസമയത്തും കനി നൽകികൊണ്ടിരി

ക്കുകയും ചെയ്യുന്ന മരത്തോടാണ്. മുഹമ്മദ് നബിﷺ മുസ്‌ലിമിനെ ഉപമിച്ചിട്ടുള്ളത്. (ബുഖാരി, മുസ്‌ലിം)എന്നതിൽ നിന്നുതന്നെ അവന്റെ സാന്നിധ്യം സമൂഹത്തിന് എത്രത്തോളം ഉപകാരപ്പെടുന്നതായിരിക്കുമെന്ന് വ്യക്തമാണ്. മുസ്‌ലിമിന്റെ മതവും ജീവിതവും സംസ്കാരവുമെല്ലാം മറ്റുള്ളവർക്കുകൂടി ഗുണദായകമായിക്കുമെന്നർത്ഥം.

സാമ്പത്തികരംഗത്തെ ആഗോളപ്രതിസന്ധിയെക്കുറിച്ച ചർച്ചയിൽ ഇസ്‌ലാം കടന്നുവരുന്നത്. ഇവിടെയാണ്. ഇസ്‌ലാമിക ദർശനത്തിന്റെ ഒരു ചെറിയ ഭാഗം മാത്രമാണ് അതിന്റെ സാമ്പത്തിക നിയമങ്ങൾ. അവ പൂർണമായി പ്രയോഗവൽക്കരിക്കാൻ കഴിയുക ഇസ്‌ലാമികവിശ്വാസവും കർമ്മമാർഗങ്ങളും സ്വീകരിച്ചവർക്കു തന്നെയാണ്. എന്നാൽ പ്രസ്തുത നിയമങ്ങൾ സ്വീകരിക്കപ്പെടുന്നതുവഴി ഉണ്ടാവുന്ന സാമൂഹ്യമാറ്റങ്ങളുടെ ഗുണഭോക്താക്കളാവാൻ എല്ലാവർക്കും കഴിയും. മാത്രവുമല്ല, സാമ്പത്തിക ക്രമത്തിന്റെ കാര്യത്തിൽ ഇസ്‌ലാം നൽകുന്ന നിർദ്ദേശങ്ങൾ പഠനവിധേയമാക്കുകയും അവയുടെ വെളിച്ചത്തിൽ തങ്ങൾ സ്വീകരിച്ചുപോരുന്ന സാമ്പത്തിക നിലപാടുകളെ പരിശോധിച്ച് തിരുത്തലുകൾ വരുത്തുകയും ചെയ്യാൻ ഇസ്‌ലാമികാദർശം സ്വീകരിക്കാത്തവർക്കു പോലും കഴിയും. മുതലാളിത്തത്തിന്റെ പ്രതിസന്ധിക്ക് അതിന്റെ തന്നെ ഭൂമികയിൽ നിന്നുകൊണ്ടുള്ള പരിഹാരനിർദ്ദേശങ്ങൾ ഏറെ ഉന്നയിക്കപ്പെടുന്നുണ്ടെങ്കിലും അവയൊന്നും തന്നെ ശാശ്വത പരിഹാരം പ്രദാനം ചെയ്യുന്നില്ലെന്ന തിരിച്ചറിവ് ഇത്തരമൊരു പരിശോധനയുടെ പ്രസക്തി ബോധ്യപ്പെടുത്തുന്നുണ്ട്.

സമൂഹം പ്രയാസപ്പെടുമ്പോൾ പ്രസ്തുത പ്രയാസത്തിൽനിന്ന് സഹജീവികളെ രക്ഷപ്പെടുത്തുന്നതിനായി പരിശ്രമിക്കേണ്ടത് മുസ്‌ലിംകളുടെ ഉത്തരവാദിത്തമാണ്. ദൈവികമാർഗദർശനവും അതു മുന്നോട്ടു വെക്കുന്ന സാമ്പത്തിക നിർദേശങ്ങളും ആധുനിക മനുഷ്യരുടെ പ്രശ്നങ്ങൾക്ക് പരിഹാരമേകുന്നതാണ് എന്ന് തിരിച്ചറിയുന്ന മുസ്‌ലിം പ്രസ്തുതപരിഹാരനിർദേശങ്ങൾ പൊതുസമൂഹത്തിനു മുമ്പിൽ സമർപ്പിക്കുവാൻ ബാധ്യസ്ഥനാണ്. സമാനമായൊരു സാഹചര്യത്തിൽ ഖജനാവിന്റെ ഉത്തരവാദിത്തമേറ്റെടുത്ത യൂസുഫ് ﷺ നബിയുടെ മാതൃക മുസ്‌ലിംകൾക്കു മുമ്പിലുണ്ട്. രാജാവ് കണ്ട സ്വപ്നത്തിന്റെ വ്യാഖ്യാനമായി സമൃദ്ധിയുടെ ഏഴു വർഷം വരുവാനുണ്ടെന്നും അതിന് ശേഷം ക്ഷാമത്തിന്റെ ഏഴുവർഷമുണ്ടാവുമെന്നും സമൃദ്ധി വർഷത്തിൽ സൂക്ഷിച്ചുവെച്ചതിൽ നിന്നാണ് ക്ഷാമവർഷങ്ങളിൽ ഉപയോഗിക്കുകയെന്നുമെല്ലാം രാജാവിനെ അറിയിച്ചശേഷം യൂസുഫ് നബി ﷺ പറഞ്ഞത് "താങ്കൾ എന്നെ ഭൂമിയിലെ ഖജനാവുകളുടെ അധികാരമേൽപിക്കൂ. ഞാനൊരു വിവരമുള്ള സൂക്ഷിപ്പുകാരനായിരിക്കും, തീർച്ച(12:55) എന്നായിരുന്നു" ഖജനാവിന്റെ ഉത്തരവാദിത്തമേൽപിക്കപ്പെട്ടാൽ ദൈവികബോധന പ്രകാരം അത് കൈകാര്യം ചെയ്ത് ക്ഷാമ വർഷങ്ങളിൽ ജനങ്ങൾക്ക് ക്ഷേമമുണ്ടാക്കുന്ന തരത്തിലുള്ള സംവിധാനങ്ങളുണ്ടാക്കുമെന്ന പ്രതീക്ഷയാണ് ഉത്തരവാദിത്തമേറ്റെടുക്കുവാനുള്ള യൂസുഫ്നബിﷺയുടെ സന്നദ്ധതയിൽ നമുക്ക് കാണാനാകുന്നത്. ലോകം പ്രതിസന്ധിയുടെ കയ്പ് അനുഭവിച്ചുക്കൊണ്ടിരിക്കുമ്പോൾ ദൈവികബോധന പ്രകാരമുള്ള പരിഹാരങ്ങളുണ്ടെങ്കിൽ അതു നിർദേശിക്കേണ്ടത് അക്കാര്യം മനസ്സിലാക്കിയവരുടെ ബാധ്യതയാണെന്നർത്ഥം.

**1. നാഥനോടുള്ള നന്ദികേട്:**

"കിതച്ചുകൊണ്ടോടുന്നവയും, അങ്ങനെ ഉരസി തീപ്പൊരി പാറിപ്പിക്കുന്നവയും, എന്നിട്ട്, അതിരാവിലെ അക്രമണം നടത്തുന്നവയും, അപ്പോൾ, പൊടിപടലമിളക്കി അതിലൂടെ സംഘത്തിനു നടുവിൽ കടന്നവയും തന്നെ സത്യം! മനുഷ്യൻ തന്റെ നാഥനോട് നന്ദികെട്ടവൻ തന്നെ, തീർച്ച. അവൻ അതിന് സാക്ഷ്യം വഹിക്കുന്നവനുമാണ്. നിശ്ചയം, ധനസ്നേഹം കഠിനമായവനാണവൻ" (100:1 8)

യജമാനനുവേണ്ടി യുദ്ധക്കളത്തിൽ പോരാടുന്നവനാണ് കുതിര. അത് എന്നും ആഢ്യത്വത്തിന്റെ പ്രതീകമായിരുന്നു. അത്യന്താധുനിക വാഹനങ്ങൾ വ്യാപകമായി ഉപയോഗിക്കപ്പെടുമ്പോഴും രാജകീയവാഹനമായി അവതരിപ്പിക്കപ്പെടുന്നത് കുതിര തന്നെ! കുതിരപ്പന്തയം ഇന്നും പണമുള്ളവന്റെ വിനോദമാണ്. അന്താരാഷ്ട്ര നിലവാരത്തിലുള്ള സ്കൂളുകൾ എടുത്തു പറയുന്നത് തങ്ങൾ കുട്ടികളെ കുതിര സവാരി പഠിപ്പിക്കുന്നുവെന്നാണ്. മനുഷ്യന്റെ ആഢ്യത്വത്തിന്റെ ചിഹ്നവും അവനെ സംരക്ഷിക്കാനായി പോർക്കളത്തിൽ അടരാടുന്നവനും യജമാനന്റെ അഭിമാനസംരക്ഷണത്തിനായി സ്വന്തം ജീവൻ തൃണവൽഗണിക്കുകയും ചെയ്യുന്ന കുതിര നമുക്ക് നൽകുന്ന ഒരു പാഠമുണ്ട്. സ്വന്തം നാഥനോട് മനുഷ്യർ നന്ദികെട്ടവരാണെന്ന പാഠം. തനിക്ക് ഭക്ഷണവും പാർപ്പിടവും പരിശീലനവും നൽകുന്ന യജമാനനു വേണ്ടി കിതച്ചോടുകയും കുളമ്പുകൾ ഉരസി തീപ്പൊരി പാറിപ്പിക്കുകയും ഉറക്കം പോലുമില്ലാതെ പ്രഭാതത്തിലുണർന്ന് പോർക്കളത്തിലേക്ക് തിരിക്കുകയും പൊടിപടലങ്ങൾ ഇളക്കി അതിലൂടെ ശത്രുസംഘത്തിന് നടുവിലേക്ക് കുതിക്കുകയും ചെയ്യുന്ന കുതിരയുമായി തന്നെ താരതമ്യം ചെയ്താൽ നാഥനോട് എത്രത്തോളം കൃതഘ്നനാണ് താ



നെന്ന് ഓരോ മനുഷ്യർക്കും ബോധ്യപ്പെടുകതന്നെ ചെയ്യും, തീർച്ച. തന്നെ സൃഷ്ടിക്കുകയും തനിക്കാവശ്യമുള്ളതെല്ലാം ഒരുക്കിത്തരികയും ചെയ്ത നാഥന്റെ വിധിവിലക്കുകൾ പാലിക്കാതെ ജീവിക്കുന്ന മനുഷ്യർ എത്ര മാത്രം നന്ദികെട്ടവരാണ്!

തന്റെ നന്ദികേടിന് മനുഷ്യർ തന്നെ സ്വയം സാക്ഷിയാണെന്ന് പ്രസ്താവിച്ച ശേഷം 'ധനസ്നേഹം കഠിനമായവനാണവൻ, തീർച്ച' യെന്നാണ് ഖുർആൻ പറയുന്നതെന്ന കാര്യം പ്രത്യേകം ശ്രദ്ധേയമാണ്. ധനത്തെ സ്നേഹിക്കുകയും അത് നൽകിയവനെ വിസ്മരിക്കുകയും ചെയ്യുകയെന്ന നന്ദികേടാണ്. മനുഷ്യരിൽ മിക്കവരും പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. മനുഷ്യരാരും തന്നെ യാതൊന്നും ഇവിടെ പുതുതായി നിർമിക്കുന്നില്ല. പടച്ചവൻ ഒരുക്കിത്തന്ന പ്രപഞ്ചത്തെ ഉപയോഗപ്പെടുത്തുകമാത്രമാണ് മനുഷ്യർ ചെയ്യുന്നത്. ഭൂമിയിലെ വസ്തുതകൾ തങ്ങൾക്കാവശ്യമായ രീതിയിൽ മാറ്റിയെടുക്കുന്നു, മനുഷ്യർ അതിന്നായാണ് അവർ ഗവേഷണങ്ങളിലേർപ്പെടുന്നത്. പടച്ചവൻ തന്ന ബുദ്ധിയുപയോഗിച്ച് അവൻ സൃഷ്ടിച്ച വസ്തുക്കളെ തങ്ങൾക്ക് ഉപകാരപ്രദമായ രീതിയിൽ മാറ്റിയെടുക്കുക മാത്രമാണ് അവന്റെ പണി. അതു ചെയ്യുന്ന മനുഷ്യൻ തന്റെ ബുദ്ധിയിൽ അഹങ്കരിക്കുന്നു. ബുദ്ധിയും വസ്തുവും തന്ന് അനുഗ്രഹിച്ചവനെ വിസ്മരിക്കുകയും അവന്റെ വിധിവിലക്കുകൾ കാറ്റിൽ പറത്തുകയും ചെയ്യുന്നു. എത്ര വലിയ കൃതഘ്നത!

ഈ കൃതഘ്നതയാണ് മാനവരാശി നേരിട്ടതും നേരിട്ടുകൊണ്ടിരിക്കുന്നതുമായ സകല പ്രതിസന്ധികൾക്കുമുള്ള അടിസ്ഥാന കാരണം. സമ്പത്ത് അല്ലാഹു നൽകുന്നതാണ്, അവനാണ് അതിന്റെ യഥാർത്ഥ അവകാശി, അവനത് അവൻ ഇച്ഛിക്കുന്നവർക്ക് നൽകുന്നു.

"തീർച്ചയായും നിന്റെ രക്ഷിതാവ് താൻ ഉദ്ദേശിക്കുന്നവർക്ക് ഉപജീവനമാർഗം വിശാലമാക്കികൊടുക്കുന്നു. (ചിലർക്കത്) ഇടുങ്ങിയതാക്കുകയും ചെയ്യുന്നു" (ഖുർആൻ 17:30)

"അല്ലാഹു നിങ്ങളിൽ ചിലരെ മറ്റു ചിലരെക്കാൾ ഉപജീവനത്തിന്റെ കാര്യത്തിൽ മെച്ചപ്പെട്ടവരാക്കിയിരിക്കുന്നു" (16:71)

"അല്ലാഹു നിങ്ങൾക്ക് നൽകിയിട്ടുള്ള സമ്പത്തിൽ നിന്ന് അവർക്ക് നിങ്ങൾ നൽകി സഹായിക്കുകയും ചെയ്യുക"(24:33)



**അമേരിക്കയിൽ നൊവാഡാ സ്റ്റേറ്റിലെ ലാസ് വേഗാസ് നഗരത്തിലേക്ക് കയറുമ്പോൾ തന്നെ 'പാപനഗരത്തിലേക്ക് സ്വാഗതം' എന്ന കൂറ്റൻ നിയോൺ ബോർഡാണ് ഒരാളെ സ്വാഗതം ചെയ്യുന്നത്. എല്ലാ തിൻമകളും അതിന്റെ പൂർണവും നഗ്നവുമായ രീതിയിൽ നടമാടുന്ന പാപനഗരം! പൂർണ നഗ്നനൃത്തം നടക്കുന്ന 31 ക്ലബ്ബുകൾ! രണ്ടു ഡസനിലധികം ചൂതാട്ടകേന്ദ്രങ്ങൾ! രതിയെയും ചൂതാട്ടത്തെയും ചൂടുപിടിപ്പിക്കുവാൻ മദ്യത്തിന് പകുതി വിലമാത്രം! പാപനഗരത്തിൽ ഒരു വർഷമെത്തുന്ന സന്ദർശകർ നാലുകോടി! പാപങ്ങൾക്ക് വേണ്ടി മാത്രം ഒരു നഗരമുണ്ടാക്കുവാൻ മുതലാളിത്ത സ്വതന്ത്രവിപണിക്കു മാത്രമേ കഴിയൂ.**

അല്ലാഹു നൽകിയ സമ്പത്തിന്റെ കൈവശാധികാരിയാണ് അത് നൽകപ്പെട്ടവൻ എന്ന ബോധത്തിന്റെ അഭാവമാണ് സകലവിധ സാമ്പത്തിക കുറ്റങ്ങളുടെയും അടിസ്ഥാന കാരണം തനിക്ക് ലഭിച്ച സമ്പത്തെല്ലാം തന്റെ സ്വന്തം അധ്വാനത്തിന്റെയും ബുദ്ധിയുടെയും ഫലമാണെന്ന് കരുതുന്നവരാണ് സമ്പന്നരധികവും. മൂസാ നബിﷺയുടെ സമുദായത്തിൽ ജീവിച്ചിരുന്ന ഖാറൂൻ എന്ന ധനാഢ്യനെപ്പറ്റി പരാമർശിക്കവെ അയാൾ പറഞ്ഞതായി ഖുർആൻ ഉദ്ധരിക്കുന്നത് തന്റെ കൈവശമുള്ള വിദ്യകൊണ്ട് മാത്രമാണ് എനിക്കിത് ലഭിച്ചത് (ഖുർആൻ 28:78) എന്നാണ് സ്രഷ്ടാവിനെ മറന്ന് സ്വന്തം ഔന്നത്യത്തിൽ അഭിമാനിച്ച ഖാറൂൻ അവസാനം നിലംപരിശായ സ്വന്തം കഴിവുകൊണ്ടു മാത്രം ലഭിച്ചതാണ് തന്റെ സ്വത്തുകൾ മുഴുവനും എന്ന് അഹങ്കരിച്ച ഖാറൂനിൽ നിന്ന് അല്ലാഹു സ്വത്തുക്കൾ തിരിച്ചെടുക്കുകയും അയാളെതന്നെയും നാമാവശേഷമാക്കുകയും ചെയ്തപ്പോഴാണ് 'ഖാറൂനിനെപ്പോലെയായിരുന്നെങ്കിൽ...' എന്ന് ആഗ്രഹിച്ചിരുന്നവർക്ക് ബോധമുണ്ടായത്. ആ അധപതനത്തിന്റെ കഥ ഖുർആൻ തന്നെ വിവരിക്കുന്നു. "തീർച്ചയായും ഖാറൂൻ മൂസായുടെ ജനതയിൽ പെട്ടവനായിരുന്നു. എന്നിട്ട് അവൻ അവരുടെ നേരെ അതിക്രമം കാണിച്ചു. തന്റെ ഖജനാവുകൾ ശക്തൻമാരായ ഒരു സംഘത്തിനു പോലും ഭാരമാകാൻ തക്കവണ്ണമുള്ള നിക്ഷേപങ്ങൾ നാം അവന് നൽകിയിരുന്നു. അവനോട് അവന്റെ ജനത ഇപ്രകാരം പറഞ്ഞ സന്ദർഭം (ശ്രദ്ധേയമത്രെ) നീ പുളകം കൊള്ളേണ്ട. പുളകം കൊള്ളുന്നവരെ അല്ലാഹു തീർച്ചയായും ഇഷ്ടപ്പെടുകയില്ല. അല്ലാഹു നിനക്ക് നൽകിയിട്ടുള്ളതിലൂടെ നീ പരലോകവിജയം തേടുക. ഐഹികജീവിതത്തിൽ നിന്ന് നിനക്കുള്ള ഓഹരി നീ വിസ്മരിക്കുകയും വേണ്ട. അല്ലാഹു നിനക്ക് നൻമ ചെയ്തത് പോലെ നീയും നൻമചെയ്യുക. നീ നാട്ടിൽ കുഴപ്പത്തിന് മുതിരരുത്. കുഴപ്പമുണ്ടാക്കുന്നവരെ അല്ലാഹു തീർച്ചയായും ഇഷ്ടപ്പെടുന്നതല്ല. ഖാറൂൻ പറഞ്ഞു: എന്റെ കൈവശമുള്ള വിദ്യകൊണ്ട് മാത്രമാണ് എനിക്കിതു ലഭിച്ചത്. എന്നാൽ അവന്നു മുമ്പ് അവനേക്കാൾ കടുത്ത ശക്തിയുള്ളവരും, കൂടുതൽ സംഘബലമുള്ളവരുമായിരുന്ന തലമുറകളെ അല്ലാഹു നശിപ്പിച്ചിട്ടുണ്ടെന്ന് അവൻ മനസ്സിലാക്കിയിട്ടില്ലേ? തങ്ങളുടെ പാപങ്ങളെ പറ്റി കുറ്റവാളികളോട് അന്വേഷിക്കപ്പെടു

ന്നതല്ല. അങ്ങനെ അവൻ ജനമദ്ധ്യത്തിലേക്ക് ആർഭാടത്തോടെ ഇറങ്ങി പുറപ്പെട്ടു. ഐഹികജീവിതം ലക്ഷ്യമാക്കുന്നവർ അത് കണ്ടിട്ട് ഇപ്രകാരം പറഞ്ഞു: ഖാറൂന് ലഭിച്ചത് പോലുള്ളത് ഞങ്ങൾക്കുമുണ്ടായിരുന്നെങ്കിൽ എത്ര നന്നായിരുന്നേനെ. തീർച്ചയായും അവൻ വലിയ ഭാഗ്യമുള്ളവൻ തന്നെ! ജ്ഞാനം നൽകപ്പെട്ടിട്ടുള്ളവർ പറഞ്ഞു: നിങ്ങൾക്ക് നാശം! വിശ്വസിക്കുകയും സൽകർമ്മം പ്രവർത്തിക്കുകയും ചെയ്തിട്ടുള്ളവർക്ക് അല്ലാഹുവിന്റെ പ്രതിഫലമാണ് കൂടുതൽ ഉത്തമം. ക്ഷമാശീലമുള്ളവർക്കല്ലാതെ അത് നൽകപ്പെടുകയില്ല. അങ്ങനെ അവനെയും അവന്റെ വനത്തേയും നാം ഭൂമിയിൽ ആഴ്ത്തികളഞ്ഞു. അപ്പോൾ അല്ലാഹുവിന് പുറമെ തന്നെ സഹായിക്കുന്ന ഒരു കക്ഷിയും അവന്നുണ്ടായില്ല. അവൻ സ്വയം രക്ഷിക്കുന്നവരുടെ കൂട്ടത്തിലുമായില്ല. ഇന്നലെ അവന്റെ സ്ഥാനം കൊതിച്ചിരുന്നവർ (ഇന്ന്) ഇപ്രകാരം പറയുന്നവരായിത്തീർന്നു: അഹോ! കഷ്ടം! തന്റെ ദാസൻമാരിൽ നിന്ന് താൻ ഉദ്ദേശിക്കുന്നവർക്ക് അല്ലാഹു ഉപജീവനം വിശാലമാക്കികൊടുക്കുകയും, (താൻ ഉദ്ദേശിക്കുന്നവർക്ക് അതു) ഇടുങ്ങിയതാക്കുകയും ചെയ്യുന്നു. ഞങ്ങളോട് അല്ലാഹു ഔദാര്യം കാണിച്ചിരുന്നില്ലെങ്കിൽ ഞങ്ങളെയും അവൻ ആഴ്ത്തിക്കളയുമായിരുന്നു. അഹോ, കഷ്ടം! സത്യനിഷേധികൾ വിജയം പ്രാപിക്കുകയില്ല." (28: 76-82)

ആദിവാസികളെ ആട്ടിയോടിച്ചും കൊന്നൊടുക്കിയും കൊണ്ട് യുറോപ്യൻമാർ സ്ഥാപിച്ച അമേരിക്കയെന്ന രാഷ്ട്രം മൂന്നാം ലോകരാജ്യങ്ങളുടെയും എണ്ണയുൽപാദക രാഷ്ട്രങ്ങളുടെയും മേൽ കുതന്ത്രങ്ങളിലൂടെ അധീശത്വം നേടിയെടുത്തതിന്റെ ചരിത്രമാണ് കഴിഞ്ഞ രണ്ടു നൂറ്റാണ്ടുകൾക്ക് പറയാനുള്ളത്. ഡോളറിന്റെ സ്വർണ പിൻബലം എടുത്തുകളയുകയും മറ്റു ലോകകറൻസികളുടെ മേൽ അതിന്റെ ആധിപത്യം സ്ഥാപിക്കുകയും ചെയ്തതിനു ശേഷം 'തന്റെ ബുദ്ധികൊണ്ട് ലോകത്തെ കീഴടക്കിയവൻ' എന്ന ചട്ടമ്പിമനഃസ്ഥിയുമായാണ് അമേരിക്ക ലോകത്തിന്റെ മുന്നിൽ നിൽക്കുന്നത്. അമേരിക്കൻ വിദേശനയത്തിന്റെ വക്താക്കളിൽ ഒരാളായ ചാൾസ് ക്രോത്തമ്മാർ ഒന്നരപതിറ്റാണ്ടുകൾക്ക് മുമ്പ് എഴുതി 'ഒരു ഏകധ്രുവ ലോകത്താണ് നാം ഇന്നു ജീവിക്കുന്നത്. നമുക്ക്, അമേരിക്കക്കാർക്കു ഇത് ഗുണകരമാകണം. നമ്മുടെ നിലപാട് ശരിയായിരിക്കുകയും നമ്മുടെ താൽപര്യങ്ങൾക്ക് ഭീഷണിയുണ്ടാവുകയും ചെയ്യുന്നിടത്ത് ഏകപക്ഷീയമായ നടപടികൾ എടുക്കേണ്ടിവന്നാലും നാം ഇടപെടണം' (Charles Krauthammer Bless Our Pax Americana, Washington post, 22 March 991)

നാഥന്റെ അനുഗ്രഹങ്ങൾ അനുഭവിക്കുകയും അതു നൽകിയവനെ വിസ്മരിക്കുകയും ചെയ്യുന്നവർക്ക് നാശമാണ് വന്നുഭവിക്കുകയെന്ന വസ്തുത ചരിത്രസംഭവങ്ങൾ ഉദ്ധരിച്ചുകൊണ്ട് ഖുർആൻ വ്യക്തമാക്കുന്നു.

"സ്വന്തം ജീവിതസുഖത്തിൽ മതിമറന്ന് അഹങ്കരിച്ച എത്രരാജ്യങ്ങൾ നാം നശിപ്പിച്ചിട്ടുണ്ട്. അവരുടെ വാസസ്ഥലങ്ങളതാ, അവർക്കു ശേഷം അപൂർവ്വമായല്ലാതെ അവിടെ ജനവാസമുണ്ടായിട്ടില്ല. നാം തന്നെയായി(അവയുടെ) അവകാശി"(28:58)

**2. ധനം ശാശ്വതമാണെന്ന ധാരണ**

"നിങ്ങൾ അറിയുക: ഇഹലോകജീവിതമെന്നാൽ കളിയും വിനോദവും അലങ്കാരവും നിങ്ങൾ പരസ്പരം ദുരഭിമാനം നടിക്കലും സ്വത്തുകളിലും സന്താനങ്ങളിലും പെരുപ്പം കാണിക്കലും മാത്രമാണ്- ഒരു മഴ പോലെ. അതു മൂലമുണ്ടായ ചെടികൾ കർഷകരെ ആശ്ചര്യപ്പെടുത്തി. പിന്നീടതിന് ഉണക്കം ബാധിക്കുന്നു. അപ്പോൾ അത് മഞ്ഞനിറം പൂണ്ടതായി നിനക്ക് കാണാം. പിന്നീടതു തുരുമ്പായിപ്പോകുന്നു. എന്നാൽ പരലോകത്ത് (ദുർവൃത്തർക്ക്) കഠിനമായ ശിക്ഷയും (സദ്



വൃത്തർക്ക്) അല്ലാഹുവിങ്കൽ നിന്നുള്ള പാപമോചനവും പ്രീതിയും ഉണ്ട്. ഐഹികജീവിതംവഞ്ചനയുടെ വിഭവമല്ലാതെ മറ്റൊന്നുമല്ല." (ഖുർആൻ 57:20)

സമൃദ്ധിയുടെ മടിത്തട്ടിൽ ജീവിക്കുമ്പോൾ ഇത് എന്നെന്നും നമ്മോടൊപ്പമുണ്ടാകുമെന്ന ഒരു ധാരണ സൃഷ്ടിക്കപ്പെടാറുണ്ട്. എന്നാൽ വസ്തുത മറിച്ചാണ്. ധനം ശാശ്വതമല്ല. ഇന്ന് പണമുള്ളവന്റെ പക്കൽ നാളെ അതുണ്ടായിരിക്കണമെന്നില്ല, ഇന്നത്തെ ദരിദ്രൻ നാളെ സമ്പന്ന

**സ്വർണ്ണത്തിനും വെള്ളിക്കും പകരമായി പ്രതിനിധി നോട്ടുകൾ ഉപയോഗിക്കാൻ തുടങ്ങിയതു മുതൽ തന്നെ ഈ രംഗം വഞ്ചനയിലും കാപട്യത്തിലും അധിഷ്ഠിതമായിക്കഴിഞ്ഞിരുന്നു. ഇല്ലാത്ത സ്വർണ്ണത്തിന്റെയും വെള്ളിയുടെയും പേരിലായിരുന്നു നോട്ടടിച്ചിരുന്നത്. അവരുടെ കൈയ്യിൽ എത്രത്തോളം സ്വർണ്ണവും വെള്ളിയുമുണ്ടെന്ന് ആർക്കും അറിയാത്തതുകൊണ്ടുതന്നെ ജനങ്ങളെ കബളിപ്പിച്ചുകൊണ്ട് നോട്ടുകൾ അടിക്കാൻ അവർക്ക് സാധിച്ചു.**

നായി മാറുകയും ചെയ്തേക്കാം. സ്വന്തം ബുദ്ധിയും അധ്വാനവും മാത്രമാണ് തനിക്കുള്ള സമ്പാദ്യത്തിനു പിന്നിലെന്ന് അഹങ്കരിക്കുന്നവർക്ക് സ്വാഭാവികമായും ഉണ്ടാവുന്ന ധാരണയാണ് ഈ സമ്പത്ത് എന്നെന്നും നമ്മുടെ പക്കലുണ്ടാവും എന്നത്. ഇതു വസ്തുതയല്ലെന്ന് നാം പറയുകയും പാടുകയും ചെയ്യാറുണ്ടെങ്കിലും സ്വന്തം കാര്യത്തിൽ കയ്യിലുള്ള സമ്പത്ത് ശാശ്വതമാണെന്ന ധാരണയോടു കൂടിയുള്ളതാണ് ഓരോരുത്തരുടെയും നിലപാടുകൾ. ഈ ധാരണ നാശമാണ്. സാമ്പത്തിക നഷ്ടമുണ്ടാവുമ്പോൾ മനുഷ്യർ മനോരോഗികളും ലഹരി അടിമകളുമെല്ലാം ആകുന്നത് ഈ ധാരണയുടെ ദുഷ്ഫലങ്ങളാണ്. സമ്പത്ത് അല്ലാഹുവിന്റേതാണെന്നും അത് അവൻ തന്നെ ഒരു പ്രത്യേക കാലത്തേക്ക് പ്രത്യേകമായ ദൗത്യത്തിന് വേണ്ടി ഏൽപ്പിച്ചിരിക്കുകയാണെന്ന് മനസ്സിലാക്കുന്ന ഒരു വിശ്വാസിക്ക് ധനനഷ്ടം മൂലം മനോരോഗങ്ങളുണ്ടാവുകയില്ല; അവൻ ആത്മഹത്യയിൽ അഭയം തേടി തന്റെ ഇഹലോകവും പരലോകവും നഷ്ടപ്പെടുത്തുകയുമില്ല.




അമേരിക്കൻ എഴുത്തുകാരിയായ ആൻ ലാന്റേഴ്സ് തന്റെ ഒരു ലേഖനത്തിൽ ചിന്തോദ്ധീപകമായ ഒരു കാര്യം എടുത്തുപറയുന്നുണ്ട്. '1923-ൽ ചിക്കാഗോയിലെ എഡ്ജ് വാട്ടർ ബീച്ച് ഹോട്ടലിൽ ലോകത്തെ ഏറ്റവും സമ്പന്നരായ എട്ടു പേർ ഒത്തുകൂടി. അവരുടെ മൊത്തത്തിലുള്ള ആസ്തി അമേരിക്കൻ ട്രഷറികളിലുള്ള സമ്പത്തിനേക്കാൾ അധികമായിരുന്നു, ലോകത്തെ ഏറ്റവും വലിയ കുത്തകകളിലൊന്നായിരുന്ന ഇന്റർനാഷണൽ മാച്ച് കോർപ്പറേഷൻ മേധാവി ഇവാൻ ക്യൂഗർ, വാൾസ്ട്രീറ്റിലെ പ്രശസ്തനും അതിസമ്പന്നനുമായ ഊഹക്കച്ചവടക്കാരനായിരുന്ന ജെസ്സെലിവർമോർ, അമേരിക്കയിലെ ഏറ്റവും വലിയ സ്വതന്ത്ര ഇരുമ്പ് നിർമ്മാണ ശാലയായിരുന്ന ബെത്‌ലഹേം സ്റ്റീലിന്റെ ചെയർമാനായിരുന്ന ചാൾസ് എം സ്ക്വാബ്, കോമൺവെൽത്ത് എഡിസൺ കമ്പനിയുടെ ചെയർമാനായിരുന്ന സാമുവൽ ഇൻസൽ, അമേരിക്കയിലെ ഏറ്റവും വലിയ വാതക കമ്പനിയായിരുന്ന അസോസിയേറ്റഡ് ഗ്യാസ് ആന്റ് ഇലക്ട്രിക് യൂട്ടിലിറ്റി എംപയർ പ്രസിഡണ്ടായിരുന്ന ഹൊവാർഡ് ഹോപ്സൺ, ന്യൂയോർക്ക് സ്റ്റോക്ക് എക്സ്ചേഞ്ച് പ്രസിഡണ്ടായിരുന്ന റിച്ചാർഡ് വൈറ്റ്നി, വേൾഡ് ബാങ്ക് ഓഫ് ഇന്റർ നാഷണൽ സെറ്റിൽമെന്റ്സ് പ്രസിഡണ്ടായിരുന്ന ലിയോൺ ഫ്രെയ്സർ, പ്രസിഡണ്ട് ഹാർഡിംഗ്സിന്റെ കാബിനറ്റ് ഇന്റീരിയർ സിക്രട്ടറിയായിരുന്ന ആൽബർട്ട് ഹാൾ എന്നിവരായിരുന്നു ഒത്തുചേർന്ന എട്ടുപേർ. ഇതിലെ ഒന്നാമൻ ആത്മഹത്യചെയ്യുകയോ കൊല്ലപ്പെടുകയോ ചെയ്തു. കാരണമെന്തന്നറിയില്ല. രണ്ടാമനും ആത്മഹത്യചെയ്തു. മൂന്നാമൻ പാപ്പരായാണ് മരിച്ചത്. നാലാമൻ വ്യാജപണമിടപാടുകളുടെയും വഞ്ചനയുടെയും പേരിൽ ശിക്ഷിക്കപ്പെട്ട ശേഷമാണ് മരണപ്പെട്ടത്. അഞ്ചാമൻ സാമ്പത്തിക വഞ്ചനകൾക്ക് ശേഷം ശിക്ഷിക്കപ്പെടുകയും മനോരോഗിയായിത്തീർന്ന് മനോരോഗകേന്ദ്രത്തിൽ വെച്ച് മരണപ്പെടുകയും ചെയ്തു. ആറാമൻ വലിയൊരു അപഹരണക്കേസിൽ ശിക്ഷിക്കപ്പെടുകയും സിംഗ്സാങ് ജയിലിൽ അടക്കപ്പെടുകയും ചെയ്തു. ഏഴാമൻ ആത്മഹത്യചെയ്തു, എട്ടാമനാകട്ടെ അഴിമതിക്കേസിൽ ജയിലടക്കപ്പെട്ട ശേഷമാണ് മരണപ്പെട്ടത്' (Ann Landers Some Traggic Deaths of the Rich and Famous, St Luis Post Dispatch, 29 Jan 1994)

ധനാഢ്യനായ ഒരു മനുഷ്യന്റെ പതനത്തെക്കുറിച്ച് അൽപം വിശദമായിത്തന്നെ പരാമർശിക്കുന്ന ഖുർആൻ, സമ്പത്ത് ശാശ്വതമായി തങ്ങളുടെ കൈവശമുണ്ടാകുമെന്ന ധാരണ എത്രത്തോളം വ്യർത്ഥമാണെന്ന് വരച്ചുകാണിക്കുന്നുണ്ട്.

“നീ അവർക്ക് ഒരു ഉപമ വിവരിച്ചു കൊടുക്കുക. രണ്ട് പുരുഷൻമാർ. അവരിൽ ഒരാൾക്ക് നാം രണ്ട് മുന്തിരിത്തോട്ടങ്ങൾ നൽകി. അവയെ (തോട്ടങ്ങളെ) നാം ഈന്തപ്പനകൊണ്ട് വലയം ചെയ്തു. അവയ്ക്കിടയിൽ (തോട്ടങ്ങൾക്കിടയിൽ) ധാന്യകൃഷിയിടവും നാം നൽകി. ഇരു തോട്ടങ്ങളും അവയുടെ ഫലങ്ങൾ നൽകി വന്നു. അതിൽ യാതൊരു ക്രമക്കേടും വരുത്തിയില്ല. അവയ്ക്കിടയിലൂടെ നാം ഒരു നദി ഒഴുക്കുകയും ചെയ്തു. അവന്നു പല വരുമാനവുമുണ്ടായിരുന്നു. അങ്ങനെ അവൻ തന്റെ ചങ്ങാതിയോട് സംവാദം നടത്തിക്കൊണ്ടിരിക്കെ പറയുകയുണ്ടായി: ഞാ

നാണ് നിന്നെക്കാൾ കൂടുതൽ ധനമുള്ളവനും കൂടുതൽ സംഘബലമുള്ളവനും. സ്വന്തത്തോട് തന്നെ അന്യായം പ്രവർത്തിച്ച് കൊണ്ട് അവൻ തന്റെ തോട്ടത്തിൽ പ്രവേശിച്ചു. അവൻ പറഞ്ഞു: ഒരിക്കലും ഇതൊന്നും നശിച്ച് പോകുമെന്ന് ഞാൻ വിചാരിക്കുന്നില്ല. അന്ത്യസമയം നിലവിൽ വരും എന്നും ഞാൻ വിചാരിക്കുന്നില്ല. ഇനി ഞാൻ എന്റെ രക്ഷിതാവിങ്കലേക്ക് മടക്കപ്പെടുകയാണെങ്കിലോ, തീർച്ചയായും, മടങ്ങിച്ചെല്ലുന്നതിന് ഇതിനേക്കാൾ ഉത്തമമായ ഒരു സ്ഥലം എനിക്ക് ലഭിക്കുക തന്നെ ചെയ്യും. അവന്റെ ചങ്ങാതി അവനുമായി സംവാദം നടത്തിക്കൊണ്ടിരിക്കെ പറഞ്ഞു: മണ്ണിൽ നിന്നും അനന്തരം ബീജത്തിൽ നിന്നും നിന്നെ സൃഷ്ടിക്കുകയും, പിന്നീട് നിന്നെ ഒരു പുരുഷനായി സംവിധാനിക്കുകയും ചെയ്തവനിൽ നീ അവിശ്വസിച്ചിരിക്കുകയാണോ? എന്നാൽ (എന്റെ വിശ്വാസമിതാണ്) അവൻ അഥവാ അല്ലാഹുവാകുന്നു എന്റെ രക്ഷിതാവ്. എന്റെ രക്ഷിതാവിനോട് യാതൊന്നിനെയും ഞാൻ പങ്കുചേർക്കുകയില്ല. നീ നിന്റെ തോട്ടത്തിൽ കടന്ന സമയത്ത്, ഇത് അല്ലാഹു ഉദ്ദേശിച്ചതത്രെ, അല്ലാഹുവെക്കൊണ്ടല്ലാതെ യാതൊരു ശക്തിയും ഇല്ല എന്ന് നിനക്ക് പറഞ്ഞ് കൂടായിരുന്നോ? നിന്നെക്കാൾ ധനവും സന്താനവും കുറഞ്ഞവനായി നീ എന്നെ കാണുന്നുവെങ്കിൽ. എന്റെ രക്ഷിതാവ് എനിക്ക് നിന്റെ തോട്ടത്തെക്കാൾ നല്ലത് നൽകി എന്ന് വരാം. നിന്റെ തോട്ടത്തിന്റെ നേരെ അവൻ ആകാശത്ത് നിന്ന് ശിക്ഷ അയക്കുകയും, അങ്ങനെ അത് ചതുപ്പുനിലമായിത്തീരുകയും ചെയ്തു എന്ന് വരാം. അല്ലെങ്കിൽ അതിലെ വെള്ളം നിനക്ക് ഒരിക്കലും തേടിപ്പിടിച്ച് കൊണ്ട് വരുവാൻ കഴിയാത്ത വിധം വറ്റിപ്പോയെന്നും വരാം. അവന്റെ ഫലസമൃദ്ധി (നാശത്താൽ) വലയം ചെയ്യപ്പെട്ടു. അവ (തോട്ടങ്ങൾ) അവയുടെ പന്തലുകളോടെ വീണടിഞ്ഞ് കിടക്കവെ താൻ അതിൽ ചെലവഴിച്ചതിന്റെ പേരിൽ അവൻ (നഷ്ടബോധത്താൽ) കൈ മലർത്തുന്നവനായിത്തീർന്നു. എന്റെ രക്ഷിതാവിനോട് ആരെയും ഞാൻ പങ്കുചേർക്കാതിരുന്നെങ്കിൽ എത്ര നന്നായിരുന്നേനെ എന്ന് അവൻ പറയുകയും ചെയ്ത്കൊണ്ടിരുന്നു. അല്ലാഹുവിന് പുറമെ യാതൊരു കക്ഷിയും അവന്ന് സഹായം നൽകുവാനുണ്ടായില്ല. അവന്ന് (സ്വയം) അതിജയിക്കുവാൻ കഴിഞ്ഞതുമില്ല." (18:32-43)

വ്യക്തികളുടെ മാത്രമല്ല, രാഷ്ട്രങ്ങളുടെ അവസ്ഥയും ഇതു തന്നെയാണ് ലോകത്തിനു മുമ്പിൽ തലയുയർത്തി നിന്നിരുന്ന റോമാസാമ്രാജ്യം തകർന്നില്ലേ? സമ്പത്തും സംസ്കൃതിയും ജ്വലിച്ചുനിന്നിരുന്ന പേർഷ്യാ സാമ്രാജ്യത്തിന് പതനമുണ്ടായില്ലേ? ക്രിസ്താബ്ദം ഒൻപതാം നൂറ്റാണ്ടിൽ പണംകൊണ്ടും പ്രതാപംകൊണ്ടും പ്രസിദ്ധമായിരുന്ന മായൻ സാമ്രാജ്യം തരിപ്പണമായില്ലേ? സൂര്യനസ്തമിക്കാത്ത സാമ്രാജ്യത്തിന്റെ അധിപൻമാരായിരുന്ന ബ്രിട്ടീഷുകാർക്ക് ഇംഗ്ളണ്ടിന്റെ മാത്രം ഭരണം കൊണ്ട് തൃപ്തിപ്പെടേണ്ട അവസ്ഥ സംജാതമായില്ലേ? സ്വർണനാണയങ്ങൾക്കും വെള്ളിനാണയങ്ങൾക്കും ലോകം മുഴുവൻ ആശ്രയിച്ചുനിന്നിരുന്ന സ്പെയിനിന് തങ്ങളുടെ ഔന്നത്യം പിടിച്ചു നിർത്തുവാൻ കഴിഞ്ഞുവോ? പത്തൊമ്പതാം നൂറ്റാണ്ടിന്റെ അവസാനം വരെ ഗുവാനോയെന്ന വളം ഉൽപാദിപ്പിച്ച് ലോക കാർഷികസമ്പത്തിന്റെ മേൽ ആധിപത്യം പുലർത്തിയിരുന്ന പെറുവിന് ആ രംഗത്ത് ഉന്നതൻമാരായി തുടരുവാൻ കഴിഞ്ഞുവോ? ലോകത്തെ റബ്ബർ രാജാക്കൻമാരായിരുന്ന ബ്രസീലിന് ആ രംഗത്തെ അധീശത്വം അവസാനിപ്പിക്കേണ്ടി വന്നില്ലേ?

എന്നാൽ അമേരിക്കക്കാർ കരുതുന്നത് ലോകത്തെ ധനാധിപത്യം എക്കാലവും അവരുടെ കൈകളിൽ തന്നെയാകുമെന്നാണ്. ഡോളറിന്റെ ആധിപത്യം സൃഷ്ടിച്ച അഹങ്കാരത്തിൽ നിന്നാണ് ഈ ചിന്തയുടെ ഉൽപ്പത്തി. അതുകൊണ്ടാണ് റഷ്യ കൂടി തകർന്നതോടെ മനുഷ്യചരിത്രം അവസാനിച്ചുവെന്ന് പറയാൻ അമേരിക്കക്കാർക്ക് ധാർഷ്ട്യമുണ്ടായത്. ഇരുപതാം നൂറ്റാണ്ടോടുകൂടി മനുഷ്യരുടെ സാമൂഹിക നാഗരികത പരിണാമം അവസാനിച്ചുവെന്നും ഇനി അമേരിക്കയുടെ ലിബറൽ ഡമോക്രസിയുടെ വ്യാപനമാണ് നടക്കാൻ പോകുന്നതെന്നും സ്ഥാപിച്ചുകൊണ്ട് പുസ്തകമെഴുതുവാൻ രാഷ്ട്രീയ സാമ്പത്തികശാസ്ത്രജ്ഞനായ ഫ്രാൻസിസ് ഫുക്കുയാമക്ക്[1] സാധിക്കുന്നത് അമേരിക്കയുടെ ആധിപത്യം എക്കാലത്തും നിലനിൽക്കുമെന്ന അഹങ്കാരത്തിനു മുകളിൽ അദ്ദേഹം അടയിരിക്കുന്നതു കൊണ്ടാണ്. രാഷ്ട്രീയ സമരങ്ങളുടെ കാലം കഴിഞ്ഞുവെന്നും ഇനി നടക്കാനിരിക്കുന്നത് സംസ്കാരങ്ങളുടെ സംഘട്ടനമാണെന്നും പ്രസ്തുത സംഘട്ടനത്തിൽ അമേരിക്കൻ സംസ്കാരം പൗരസ്ത്യ സംസ്കാരത്തിനുമേൽ ആധിപത്യം പുലർത്തുമെന്നും ജൽപിക്കുവാൻ സാമുവൽ ഹണ്ടിംഗ്ടൺ[2] എന്ന രാഷ്ട്രീയ സാമ്പത്തിക വിദഗ്ധന് സാധിക്കുന്നതും മറ്റൊന്നുകൊണ്ടുമല്ല.

ഫുക്കുയാമയെയും ഹണ്ടിംഗ്ടണെയും പോലെയുള്ള ബുദ്ധിജീവികൾ നടത്തിയ നിരീക്ഷണങ്ങളുടെ വെളിച്ചത്തിൽ, 2001 സെപ്റ്റംബർ 11ന് നടന്ന ലോകവ്യാപാരസമുച്ചയത്തിന്റെ തകർച്ചയെ മറയാക്കി, തങ്ങളുടെ അധീശത്വത്തിൽ അധിഷ്ഠിതമായ ഒരു ആഗോളസാമ്രാജ്യത്തിന്റെ നിർമിതി എങ്ങനെ സാധിക്കുമെന്നാണ് 2002 സെപ്റ്റംബർ 17 ന് ജോർജ് ബുഷ് യു. എസ് കോൺഗ്രസ്സിനു നൽകിയ അമേരിക്കയുടെ ദേശീയസുരക്ഷാതന്ത്രം (The National Security Stratery of the united Sates of America) എന്ന രേഖ വരച്ചുകാണിക്കുന്നത്.[3] മറ്റൊരു രാജ്യത്തിനും ഒരു വിധത്തിലും സ്വീകര്യമല്ലാത്ത, മറ്റു രാജ്യങ്ങളൊന്നും യാതൊരു തരത്തിലും അംഗീകരിക്കാൻ പാടില്ലാത്ത, ഇരുപത്തിയൊന്നാം നൂറ്റാണ്ടിലെ അമേരിക്കൻ സാമ്രാജ്യത്വത്തിനുള്ള ആഹ്വാനമാണ ഈ പ്രമാണം'എന്ന് മുതിർന്ന അമേരിക്കൻ സെനറ്ററായ എഡ്വേർഡ് എം കെന്നഡി[4] പോലും ഈ ദേശീയ സുരക്ഷാ തന്ത്രത്തെക്കുറിച്ച് പറയുകയുണ്ടായി. തങ്ങളുടെ അധീശത്വം എന്നെന്നും നിലനിൽക്കുമെന്ന മിഥ്യാധാരണയല്ലാതെ മറ്റെന്താണ് ഇത്തരം തന്ത്രരൂപീകരണങ്ങൾക്ക് പിന്നിൽ പ്രവർത്തിക്കുന്നത്?

എത്ര വലിയ സാമ്പത്തികാടിത്തറയുള്ള സമൂഹമാണെങ്കിലും നാശത്തിന് നിമിഷങ്ങൾ മതിയെന്ന പാഠം പ്രകൃതിക്ഷോഭങ്ങൾ ഇടയ്ക്കിടക്ക് നമ്മെ പഠിപ്പിച്ചു കൊണ്ടിരിക്കുന്നുണ്ട്. 2004 ഡിസംബർ 26 ന് ഇന്തോനേഷ്യയിലെ സുമാത്രയിൽ നിന്ന് ആരംഭിച്ച് ഇന്ത്യൻമഹാസമുദ്രത്തിലൂടെ അടിച്ചുവീശിയ സുനാമി പതിനൊന്ന് രാഷ്ട്രങ്ങളിൽനിന്നായി രണ്ടേകാൽ ലക്ഷത്തിലധികം ജനങ്ങളുടെ ജീവനപഹരിക്കുകയും ഒന്നേകാൽ ലക്ഷം ആളുകൾക്ക് പരിക്ക് പറ്റുകയും പതിനേഴ് ലക്ഷത്തോളം പേർക്ക് മാറിത്താമസിക്കേണ്ടിയും വന്ന ആധുനികകാലത്ത് നടന്ന ഏറ്റവും വലിയ പ്രകൃതിക്ഷോഭങ്ങളിലൊന്നായിരുന്നു. 41 പേരുടെ മരണത്തിനും 5 1/2 ബില്യൺ ഡോളർ നാശനഷ്ടങ്ങൾക്കും നിമിത്തമായ 2001 ജൂൺ 4 മുതൽ അടിച്ചുവിശീയ അല്പിസൺ കൊടുങ്കാറ്റ് രണ്ടായിരത്തിലധികം പേരുടെ മരണത്തിനും നാലുലക്ഷത്തിലധികമാളുകളുടെ മാറ്റിപ്പാർപ്പിക്കലിനും 8120 കോടി ഡോളറിന്റെ നാശനഷ്ടത്തിനും കാരണമായ 2005 ആ

ഗസ്റ്റ് 25 മുതൽ അടിച്ചുവീശിയ കത്രീന ചുഴലികൊടുങ്കാറ്റ്, 57 പേരുടെ മരണത്തിനും നൂറുക്കണക്കിന് ആളുകളുടെ പരിക്കിനും നൂറുകോടി ഡോളറിന്റെ നാശനഷ്ടങ്ങൾക്കും നിമിത്തമായ 2008 ഫ്രെബുവരി 5 മുതൽ അടിച്ചുവീശിയ കൊടുങ്കാറ്റ് എന്നിവയാണ്. പുതിയ സഹസ്രാബ്ദം പിറന്നതിനുശേഷം അമേരിക്കയിലുണ്ടായ പ്രധാനപ്പെട്ട പ്രകൃതിക്ഷോഭങ്ങൾ. തന്റെ സ്വന്തം നാട്ടിലെ കറുത്തവരുടെ നഗരമായ ന്യൂദാർലിയൻസിൽ കത്രീന സംഹാരതാണ്ഡവമാടുകയും ആയിരങ്ങൾ മരിക്കുകയും ചെയ്യുമ്പോഴും ഇറാഖ് യുദ്ധത്തിന്റെ അനിവാര്യതയെപ്പറ്റി നാട്ടുകാരെ ബോധ്യപ്പെടുത്തുകയായിരുന്നു പ്രസിഡണ്ട് ബുഷ്. കറുത്ത തൊലിയുള്ള സ്വന്തം പൗരൻമാരും അഞ്ചുനൂറ്റാണ്ടിന്റെ ചരിത്രമുള്ള ഒരു മഹാനഗരവും തകരുന്നതിനേക്കാൾ വലുത് ലോകത്തിന്റെ ആധിപത്യമാണെന്ന് ചിന്തിക്കുന്നത് സമ്പത്തിന്റെ അനശ്വരതയെക്കുറിച്ച മിഥ്യാ ധാരണകൊണ്ടല്ലെങ്കിൽ മറ്റെന്തുകൊണ്ടാണ്?

തന്റെ കയ്യിലുള്ള സ്വത്ത് എന്നെന്നും നിലനിൽക്കുന്നതാണെന്ന ചിന്ത പണത്തിന്റെ മാത്രം അടിസ്ഥാനത്തിൽ ചിന്തിക്കുന്നവനാക്കി മനുഷ്യനെ മാറ്റിത്തീർക്കുന്നു. അത് മനുഷ്യരെ അധികാരപ്രമത്തരും അഹങ്കാരികളും അക്രമണകാരികളുമാക്കും. പണം നൽകപ്പെടുന്നതാണെന്ന ചിന്തയാകട്ടെ സമ്പത്തിന് പുറത്തുമുള്ള കാര്യങ്ങളെ പരിഗണിക്കുവാനും അതുനൽകിയവന്റെ നിയമങ്ങളനുഷ്ഠിക്കുവാനും മനുഷ്യരെ പ്രേരിപ്പിക്കും. അത് അവരെ വിനയാന്വിതരും ധർമബോധമുള്ളവരുമാക്കിത്തീർക്കും. അഹങ്കാരത്തിലും അധാർമ്മികതകളിലും അധിഷ്ഠിതമായ സമൂഹങ്ങൾക്ക് ആത്യന്തികമായ നാശമാണുണ്ടാവുകയെന്നാണ് ചരിത്രം പഠിപ്പിക്കുന്ന പാഠം ഏകഛത്രാധിപതിയായിരുന്ന ഫറോവയെയും പുരാതന സമൂഹങ്ങളായിരുന്ന ആദിനെയും ഥമൂദിനെയും നൂഹിന്റെ ജനതയെയും നശിപ്പിച്ചതിനെക്കുറിച്ച് ഖുർആനിൽ പരാമർശിക്കുന്നുണ്ട്. (51:38- 46)

**3. ധനമുണ്ടെങ്കിൽ എന്തുമാകാമെന്ന ധാരണ**

“കുത്തുവാക്ക് പറയുന്നവനും അവഹേളിക്കുന്നവനുമായ ഏതൊരാൾക്കും നാശം. അതായത് ധനം ശേഖരിക്കുകയും അത് എണ്ണിനോക്കിക്കൊണ്ടിരിക്കുകയും ചെയ്യുന്നവന്.അവന്റെ ധനം അവന് ശാശ്വത ജീവിതം നൽകിയിരിക്കുന്നു എന്ന്




അവൻ വിചാരിക്കുന്നു. നിസ്സംശയം, അവൻ ഹുത്വമയിൽ എറിയപ്പെടുക തന്നെ ചെയ്യു” (ഖുർആൻ:104 :1-4)

സമ്പത്തും അധികാരവും തങ്ങൾക്ക് ശാശ്വതജീവിതം പ്രദാനം ചെയ്യുമെന്ന് കരുതുന്നവരുണ്ടായിരുന്നു. ഫറോവമാർ തങ്ങളുടെ ശവശരീരങ്ങളെ മമ്മികളാക്കി ത്തീർത്ത് പിരമിഡുകൾക്കകത്ത് സൂക്ഷിച്ചിരുന്നത് ഭാവിയിൽ ഈ ഭൂമിയിൽ തന്നെ അവർ പുനർജനിക്കുമെന്നും അപ്പോഴും തങ്ങളുടെ ആധ്യത്വം നിലനിർത്തുവാനുള്ള ഉടയാടകളും ധാന്യ-ആഭരണശേഖരവും കരുതിവെക്കേണ്ടത് ആവശ്യമാണെന്ന് കരുതുകയും ചെയ്തുകൊണ്ടായിരുന്നു. മനുഷ്യന് ശാശ്വത ജീവിതം നൽകാൻ കഴിയുന്ന ജീവാമൃതം (Elexir of life) കണ്ടുപിടിക്കുവാൻ മധ്യകാല ശാസ്ത്രജ്ഞന്മാർ പരിശ്രമിച്ചതുകൊണ്ടാണല്ലോ രസതന്ത്രമെന്ന ശാസ്ത്രശാഖ തന്നെ രൂപപ്പെട്ടുവന്നത്. ക്രയോജനിക് സാങ്കേതിക വിദ്യയുപയോഗിച്ച് തങ്ങളുടെ ശവശരീരങ്ങൾ കേടുകൂടാതെ സംരക്ഷിക്കണമെന്ന് (Cryopreservation) ഒസ്യത്ത് എഴുതിവക്കുന്നവരുടെ കാലമാണിത്. 28000 ഡോളർ നൽകി അംഗത്വമെടുക്കുകയും രണ്ടു ലക്ഷം ഡോളറിന്റെ ഇൻഷൂറൻസിൽ ചേരുകയും ചെയ്താൽ ഏതൊരു അമേരിക്കക്കാരന്റെയും ശവശരീരം തണുപ്പിച്ച് സംരക്ഷിക്കാമെന്നാണ് ക്ലിന്റൺ ടൗൺഷിപ്പിൽ പ്രവർത്തിക്കുന്ന ദി ക്രയോണിൽ ഇൻസ്റ്റിറ്റ്യൂട്ടിന്റെ വാഗ്ദാനം 2009 ഫെബ്രുവരി ഒന്നിന്റെ കണക്കുകൾ പ്രകാരം ഇങ്ങനെ ശാശ്വതവാസം ആഗ്രഹിക്കുന്ന 779 പേർ ക്രയോണിൽ ഇൻസ്റ്റിറ്റ്യൂട്ടിന്റെ അംഗങ്ങളായുണ്ട്. 57 നായ്കുട്ടികളെയും ഇൻസ്റ്റിറ്റ്യൂട്ടിൽ റജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് അവരുടെ തന്നെ ഔദ്യോഗിക വെബ്സൈറ്റ് സ്ഥിരീകരിക്കുന്നുണ്ട് (www.cryonics.org). അരിസോണയിലെ സ്കോട്ടസ്ഡെയിലിൽ അൽകോർ ലൈഫ് എക്സ്റ്റൻഷൻ ഫൗണ്ടേഷൻ നടത്തുന്ന അൽകോർ ക്രയോണിൽ മൃതശരീരങ്ങളെ ശീതീകരിച്ചു സൂക്ഷിക്കുവാനും സൗകര്യമുണ്ട്. മരണത്തെ തോൽപ്പിക്കുന്ന വിദ്യകണ്ടുപിടിക്കപ്പെട്ടാൽ തങ്ങൾക്ക് പുനർജനിക്കാനാകുമെന്ന പ്രതീക്ഷയാൽ ഈ സ്ഥാനങ്ങളിൽ അംഗങ്ങളായിക്കൊണ്ടിരിക്കുന്ന അമേരിക്കക്കാരുടെ എണ്ണം വർധിച്ചുകൊണ്ടിരിക്കുകയാണ് എന്നാണ് രണ്ടുകൂട്ടരുടെയും ഔദ്യോഗിക വെബ്സൈറ്റുകൾ വെളിപ്പെടുത്തുന്ന കണക്കുകൾ വ്യക്തമാക്കുന്നത്.

ഭൂമിയിലെ ശാശ്വതവാസം കൊതിക്കുന്ന പണക്കാരൻ സുഖം നേടിയെടുക്കാനായി എന്തും ചെയ്യാൻ ധൃഷ്ടനാവുമെന്ന് തീർച്ചയാണ്. മരണമോ അനന്തര ജീവിതമോ അവന്റെ ചിന്തക്കുപോലും വിഷയീഭവിക്കുന്നില്ല. മറ്റു പണക്കാരും അവരുമായുള്ള കിടമത്സരവുമല്ലാതെ യാതൊരു സാമൂഹ്യ പ്രശ്നങ്ങളും പരിഗണനയാവശ്യമുള്ള പ്രശ്നങ്ങളായി പോലും അവൻ മനസ്സിലാക്കുന്നില്ല. പരസ്പരമുള്ള പൊങ്ങച്ചപ്രകടനവും ഇടിച്ചുതാഴ്ത്തലുമായിരിക്കും അവരുടെ വിനോദം. തന്റെ സമ്പാദ്യങ്ങൾ എണ്ണിതിട്ടപ്പെടുത്തി അവയുടെ വലിപ്പത്തിൽ അഹങ്കരിക്കുകയും അന്യരെ കുത്തിപ്പറയുകയും താഴ്ത്തിക്കാണിക്കുകയും അവരുടെ മേൽ അധീശത്തം സ്ഥാപിക്കുവാൻ ശ്രമിക്കുകയാണ് ഭൂമിയിൽ ശാശ്വതവാസം നൽകപ്പെടുമെന്ന് ആഗ്രഹിക്കുന്നവരുടെ ജീവിതശൈലി. തന്റെ ധനം തനിക്ക് ശാശ്വത ജീവിതം നൽകുമെന്ന് കരുതുന്നവർ ധനം ശേഖരിച്ച് എണ്ണിക്കണക്കാക്കിക്കൊണ്ടിരിക്കുന്ന

വരും കുത്തിപ്പറയുകയും അവഹേളിക്കുകയും ചെയ്യുന്നവരുമാണെന്ന ഖുർആനിക പരാമർശം ശ്രദ്ധേയമാണ്.

സമ്പത്താണ് എല്ലാം എന്നു കരുതുന്നവരെ സംബന്ധിച്ചിടത്തോളം അവർ എത്തിച്ചേരുന്ന ജീവിത വീക്ഷണമാണ് പണമുണ്ടെങ്കിൽ എന്തുമാകാം എന്നത്. അമേരിക്കയിലെ മികച്ച ബിസ്സിനസ്സ് സ്കൂളുകളിൽ ഒന്നിൽ പഠിച്ചുകൊണ്ടിരിക്കുന്ന ഇന്ത്യക്കാരൻ സഞ്ജീവ് നന്തി ഒരൊറ്റ രാത്രി കൊണ്ട് കൊന്നുതള്ളിയത് അഞ്ചു പേരെയാണ്. അവധിക്കാലം ചെലവഴിക്കുവാൻ വേണ്ടി നാട്ടിലെത്തിയ മകന് മാതാപിതാക്കൾ വാങ്ങിക്കൊടുത്ത ബി.എം. ഡബ്ലിയു കാർ ലഹരിബാധിതനായി ഓടിച്ചുപോയി റോഡിലൂടെ നടക്കുകയായിരുന്ന അഞ്ച് സാധാരണക്കാരെ കൊന്നൊടുക്കിയിട്ടും ഒന്നു നിർത്തുവാനോ അപകടത്തിൽ പെട്ടവരെ ആശുപത്രിയിൽ എത്തിക്കുവാനോ തയ്യാറാവാതെ തന്റെ സുഹൃത്തിന്റെ വീട്ടിലെത്തി, കാർ കഴുകി, അവിടെ നടന്ന പാർട്ടിയിൽ യാതൊന്നും സംഭവിക്കാത്തതുപോലെ പങ്കെടുക്കുവാൻ കഴിയുക, (ഇന്ത്യാ ടുഡെ 27-1-99) പണമുണ്ടെങ്കിൽ എന്തുമാകാം എന്ന ജീവിത വീക്ഷണത്തിന്റെ സ്വാധീനമാണിത്.

ഈ ജീവിത വീക്ഷണം രാഷ്ട്രത്തെ ബാധിക്കുമ്പോഴാണ് അത് അധീശത്വവും മറ്റു രാജ്യങ്ങൾക്ക് അപകടകരമായി ത്തീരുന്നത്. അമേരിക്ക അഫ്ഗാനിസ്ഥാനിൽ സൈനിക നീക്കം നടത്തിയത് സെപ്റ്റംബർ 11 ന്റെ ഭീകരാക്രമണം നടത്തിയത് അൽഖായിദയാണെന്ന് ആരോപിച്ചുകൊണ്ടും അതിന്റെ തലവനായ ഉസാമബിൻലാദൻ അഫ്ഗാനിസ്ഥാനിലുണ്ടെന്ന് വാദിച്ചുകൊണ്ടുമായിരുന്നു. ഐക്യരാഷ്ട്ര സഭയിലെ ഏതെങ്കിലുമൊരു അംഗരാഷ്ട്രത്തിനെതിരെ ഒരു സായുധ ആക്രമണമുണ്ടായാൽ, അന്താരാഷ്ട്ര സമാധാനവും സുരക്ഷയും നിലനിർത്താനായി യു.എൻ രക്ഷാസമിതി എന്തെങ്കിലും ഒരു നടപടി എടുക്കുന്നതുവരെ, ആ രാഷ്ട്രത്തിന് തനിയെയോ മറ്റാരെയെങ്കിലും കൂട്ടിക്കൊണ്ടോ സ്വയം പ്രതിരോധത്തിന് അവകാശമുണ്ടായിരിക്കും, എന്ന യു.എൻ ചാർട്ടറിലെ 51-ാം അനുച്ഛേദമനുസരിച്ചുള്ള സൈനിക നീക്കമാണ് അഫ്ഗാനിസ്ഥാനിനെതിരെ തങ്ങൾ നടത്തുന്നതെന്നായിരുന്നു അമേരിക്കയുടെ അവകാശവാദം. അമേരിക്കയിൽ നടന്ന ഭീകരാക്രമണത്തിന്റെ പാശ്ചാത്തലത്തിൽ യു.എൻ രക്ഷാസമിതി പാസാക്കിയ രണ്ടു പ്രമേയങ്ങളുടെയും (2001 സെപ്റ്റംബർ 12 ന് പാസാക്കിയ 1368-ാം നമ്പർ പ്രമേയവും സെപ്റ്റംബർ 28 ന് പാസാക്കിയ 1373-ാം നമ്പർ പ്രമേയവും) അന്തസത്തക്ക് നിരക്കുന്നതായിരുന്നില്ല അമേരിക്കയുടെയും സഖ്യകക്ഷികളുടെയും അഫ്ഗാൻ ആക്രമണമെങ്കിലും യു.എൻ സെക്രട്ടറി ജനറലായിരുന്ന കോഫി അന്നൻ ഒരു പാവയെ പോലെ അത് ന്യായീകരിക്കുകയായിരുന്നു. മദ്ധ്യേഷ്യയിലൂടെയുള്ള എണ്ണ പൈപ്പ് നിർമ്മാണവുമായി ബന്ധപ്പെട്ട് താലിബാൻ ഗവൺമെന്റുമായി 2001 ആഗസ്ത് മാസം വരെ അമേരിക്ക ചർച്ചകൾ നടത്തിയിരുന്നുവെന്നും അവർ വെച്ച നിബന്ധനകൾ സ്വീകരിക്കുവാൻ താലിബാൻ സന്നദ്ധമാവാതിരുന്നപ്പോൾ അവരോട് 'ഒന്നുകിൽ സ്വർണ്ണ പരവാതാനിക്കുവേണ്ടിയുള്ള ഞങ്ങളുടെ നിർദ്ദേശം സ്വീകരിക്കുക, അല്ലെങ്കിൽ ഞങ്ങൾ ബോംബുകളുടെ പരവതാനിക്കുള്ളിൽ നിങ്ങളെ സംസ്കരിക്കും എന്ന അമേരിക്ക പറഞ്ഞതായി ജൂലിയോ ഗൊഡായ[5] തന്റെ ഒരു ലേഖനത്തിൽ സമർത്ഥിക്കുന്നുണ്ട്. അത് ശരിയാണെങ്കിലും അല്ലെങ്കിലും 'അഫ്ഗാൻ പ്രശ്നം പരിഹരിച്ചു കഴിഞ്ഞാലും തങ്ങൾ മദ്ധ്യേഷ്യ വിടാൻ ഉദ്ദേശിക്കുന്നില്ലെന്നും അവിടെയുള്ള അമേരിക്കൻ താൽപ്പര്യങ്ങൾ വളരെ പ്രധാനപ്പെട്ടതാണെന്നും ഭീകരതക്കെതിരെയുള്ള സമരം, പരിഷ്കാരം, നിയമവാഴ്ച, കാസ്പിയൻ പ്രദേശത്തെ ഊർജ്ജവിഭവങ്ങൾ എന്നീ നാലു പരിഗണനകൾ ഈ മേഖലയിൽ അമേരിക്കക്ക് ഉണ്ടെന്നും' അമേരിക്കയുടെ അസിസ്റ്റന്റ് വിദേശകാര്യ സിക്രട്ടറി എലിസബത്ത് ജോൺസിന്റെ 2001 ഡിസംബറിൽ അമേരിക്കൻ സെനറ്റിന്റെ ഉപസമിതിയിൽ വെച്ച് നടത്തിയ പ്രസ്താവനയിൽ[6] നിന്ന് അഫ്ഗാൻ അധിനിവേശത്തിന്റെ ലക്ഷ്യം എണ്ണയുടെ മേലുള്ളതും ആധിപത്യവുമാണെന്ന് സുതരാം വ്യക്തമാകുന്നുണ്ട്. അപ്പോൾ എണ്ണക്കുവേണ്ടിയാണ് അഫ്ഗാനിസ്ഥാനിലെ ആയിരക്കണക്കിന് നിരപരാധികളായ മനുഷ്യരെ വധിച്ചത്; പതിനായിരങ്ങൾക്ക് അംഗഹാനിയുണ്ടാക്കിയത്; നിരവധി കൊച്ചു കുഞ്ഞുങ്ങളെ അനാഥരാക്കിയത്; അനാഥ സ്ത്രീകളെ വിധവകളാക്കിയത്.

ഇറാഖിലെ സ്ഥിതിയും തഥൈവ ഇറാഖിനെ ആക്രമിക്കുവാനുള്ള ഒരു അവസരവും നോക്കിയിരിക്കുകയായിരുന്നു അമേരിക്ക. അവിടെയുള്ള ഒരു സംഘം പ്രതിരോധ സുരക്ഷാ വിദഗ്ധർ 1998 ജനുവരിയിൽ പ്രസിഡണ്ട് ക്ലിന്റന് എഴുതിയ ഒരു കത്തിൽ ഇങ്ങനെ പറഞ്ഞിരുന്നുവത്രെ 'ശീത സമരത്തിനുശേഷമുള്ള മധ്യപൂർവ്വ ദേശത്തെ ഏറ്റവും വലിയ ഭീഷണിയാണ് ഇറാഖ്. അവിടെ അമേരിക്കയുടെയും സഖ്യകക്ഷികളുടെയും താൽപ്പര്യങ്ങൾ പരിരക്ഷിക്കുവാൻ പറ്റിയ തരത്തിലുള്ള പുതിയ തത്ത്വം ആവിഷ്ക്കരിക്കണം. സദ്ദാം ഹുസൈനെ അധികാരത്തിൽ നിന്ന് പുറത്താക്കുകയാവണം ആ തന്ത്രത്തിന്റെ ലക്ഷ്യം'[7] ഇസ്രായിലിന്റെ ഇന്റലിജൻസ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 2001 സെപ്റ്റംബർ 11 ന്റെ വേൾഡ് ട്രേഡ് സെന്റർ ആക്രമണത്തെ ഇറാഖുമായി ബന്ധപ്പെടുത്താൻ ശ്രമിച്ചുവെങ്കിലും പരാജയപ്പെട്ടു. കത്തുകളിലൂടെയുള്ള ആന്ത്രാക്സ് രോഗസംപ്രേക്ഷണം നടത്തിയത് ഇറാഖാണെന്ന വാദം കൊണ്ടു വന്നെങ്കിലും അമേരിക്കക്ക് അകത്തു നിന്നു തന്നെയാണ് അതുണ്ടായതെന്ന് ബോധ്യപ്പെട്ടതോടെ പ്രസ്തുത ശ്രമവും നടന്നില്ല. 2002 ജനുവരി അവസാനം പ്രസിഡണ്ട് ബുഷ് നടത്തിയ സ്റ്റേറ്റ് ഓഫ് ദി യൂണിയൻ പ്രസംഗത്തിൽ തിന്മയുടെ അച്ചുതണ്ടിന്റെ(Axis of the Evil)ഭാഗമായി ഇറാഖിനെ വിശേഷിപ്പിച്ചു. 2002 ആഗസ്റ്റിൽ പെന്റഗണിന്റെ യുദ്ധപദ്ധതിക്ക് പ്രസിഡണ്ട് അംഗീകാരം നൽകി. 2002 നവംബറിൽ ഇറാഖിന്റെ നിരായുധീകരണം ത്വരിതപ്പെടുത്തണമെന്ന് ആവശ്യപ്പെടുകയും ആയുധപരിശോധനക്ക് വിപുലമായ അധികാരം നൽകുന്നതുമായ ഐക്യരാഷ്ട്രസഭയുടെ 1441-ാം നമ്പർ പ്രമേയമുണ്ടായി. 2003 മാർച്ച് 19-ാം തിയ്യതി അമേരിക്ക ഇറാഖിനെ ആക്രമിച്ചു. എന്തിന്? അതു മാത്രം ചോദിക്കരുത്! ഐക്യരാഷ്ട്ര സഭ ആവശ്യപ്പെട്ട ന്യായമായ കാര്യങ്ങളെല്ലാം സദ്ദാം ഹുസൈൻ അനുസരിച്ചിട്ടുണ്ട്. ആയുധ പരിശീലകരെ അനുവദിച്ചു; നിരായുധീകരണ വ്യവസ്ഥകൾ അംഗീകരിച്ചു. പക്ഷെ, അമേരിക്കക്ക് ആവശ്യം യുദ്ധമായിരുന്നു. അവർക്ക് വേണ്ടത് എണ്ണയുടെ മേലുള്ള അധീശത്വമായിരുന്നു. ഇറാക്കിൽ ഒരു പാവ സർക്കാരിനെ പ്രതിഷഠിച്ച് തങ്ങൾക്കനുകൂലമായ സാമ്പത്തികസ്ഥിതി സൃഷ്ടിച്ചെടുക്കുവാനുള്ള ശ്രമത്തിലാണ് ഇപ്പോഴും അമേരിക്ക. ഇതിന്നായി ആയിരക്കണക്കിന് പിഞ്ചു കുഞ്ഞുങ്ങളെ ഉപരോധത്തിന്റെ പേരിൽ പട്ടിണിക്കിട്ട് കൊന്നുകളഞ്ഞു, പതിനായിരങ്ങളെ കൊന്നൊടുക്കി, കോ

ടിക്കണക്കിന് സോളറുകളുടെ നാശനഷ്ടങ്ങളുണ്ടാക്കി. റൊട്ടിക്കു വേണ്ടി പൊട്ടിക്കരയുന്ന ഇറാക്കി പൈതങ്ങളുടെ കരച്ചിലുകളൊന്നും അമേരിക്കൻ സർക്കാരിന്റെ മനസ്സുമാറ്റിയില്ല; മനസ്സുള്ളവർക്കല്ലേ മനം മാറ്റംമുണ്ടാവൂ.

'പണമുണ്ടങ്കിൽ എന്തുമാവാം' എന്ന മാനസികാവസ്ഥ വഴി വ്യക്തിക്ക് സംതൃപ്തിയോ സമാധാനമോ കിട്ടുകയില്ല. ചൂഷണങ്ങളിലൂടെയും അടിച്ചമർത്തലുകളിലൂടെയും അപരനെ പ്രയാസപ്പെടുത്താമെങ്കിലും അതുവഴി തനിക്കോ കുടുംബത്തിനോ സംതൃപ്തിയോ സമാധാനമോ ലഭിക്കുകയില്ലെന്ന വസ്തുത പലപ്പോഴും അത്തരക്കാർ മനസ്സിലാക്കാറില്ല. സഹവർത്തിത്തത്തിലൂടെയാണ് സംതൃപ്തിയുണ്ടാവുക. തനിക്കും അയൽക്കാരനും തൃപ്തമായ ജീവിതം നയിക്കുവാൻ കഴിയുമ്പോൾ മാത്രമാണ് സമാധാനവും ശാന്തിയുമുള്ള അന്തരീക്ഷമുണ്ടാവൂ. വ്യക്തിയുടെ കാര്യം മാത്രമല്ല ഇത്. രാഷ്ട്രങ്ങളുടെ കാര്യത്തിലും ഇതുതന്നെയാണ് അവസ്ഥ. ദുർബല രാജ്യങ്ങളെ ചൂഷണം ചെയ്ത് അവയുടെ മേൽ അധീശത്വത്തിനു വേണ്ടി ശ്രമിക്കുന്നവർക്ക് അതുവഴി ഒരു തരം വന്യമായ സംതൃപ്തിയുണ്ടാക്കിയെടുക്കാൻ കഴിഞ്ഞേക്കാമെന്നല്ലാതെ യഥാർത്ഥത്തിലുള്ള തൃപ്തിയോ സമാധാനമോ ഉണ്ടാവുകയില്ല. നടേ പറഞ്ഞ തരത്തിലുള്ള ആളുകൾ എന്നും കേസ്സും കോടതിയുമായി നടക്കുകയും അതിനു വേണ്ടി ചെലവഴിച്ച് ചൂഷണം വഴി നേടിയെടുത്തതിനേക്കാൾ വലിയ ബാധ്യതകളുണ്ടാകുന്നതും അനുഭവത്തിലുണ്ട്. അധിനിവേശത്തിന്റെ ലഹരിയിൽ നിരന്തരമായ യുദ്ധങ്ങളും സൈനികനടപടികളും അമേരിക്കൻ സർക്കാരിന്റെ സാമ്പത്തിക സ്ഥിതിയെയും ദോഷകരമായി ബാധിച്ചിരിക്കണം. അതുകൊണ്ടാണല്ലോ ഇക്കാലത്ത് പ്രസിഡണ്ട് ബുഷ് അമേരിക്കൻ പൗരന്മാരോട് പണം ധാരാളമായി ചെലവഴിക്കുവാൻ ആവശ്യപ്പെട്ടത്. അഫ്ഗാനിസ്ഥാനെയും ഇറാഖിനെയും ആക്രമിക്കുവാനുള്ള ചെലവ് കണ്ടെത്തുന്നതിനായി അമേരിക്കക്ക് പണം കടം വാങ്ങേണ്ട അവസ്ഥയുണ്ടായി. ജനം പണം വാങ്ങി, ബാങ്കുകൾ കടം കൊടുത്തു. പണം രാജ്യത്ത് ഒഴുകികൊണ്ടിരുന്നു. ഇപ്പോഴുണ്ടായ പ്രതിസന്ധിയുടെ പല കാരണങ്ങളിലൊന്ന് അമേരിക്കൻ പൊതു സമൂഹത്തിലെ പണത്തിന്റെ ഒഴുക്കാണെന്നാണ് വിദഗ്ധരുടെ വിലയിരുത്തൽ.

അടുത്ത കാലത്തെ അമേരിക്കൻ യുദ്ധങ്ങളെല്ലാം പരിശോധിച്ചാൽ തങ്ങൾ പണമുള്ളവരും അധികാരമുള്ളവരും മറ്റുള്ളവരെല്ലാം തങ്ങളുടെ ആജ്ഞാനുവർത്തികളായിത്തീരേണ്ടവരുമാണെന്ന ബോധമാണ് അവയ്ക്കെല്ലാം പിന്നിലെ പ്രചോദകമായിതീർന്നതെന്ന് മനസ്സിലാവും. സാമ്രാജ്യത്വ വികസനമായിരുന്നു അവയുടെയെല്ലാം അജണ്ട. 'അമേരിക്കയുടെ അടിസ്ഥാനമൂല്യങ്ങളായ ജനാധിപത്യ ഭരണത്തെയും സ്വതന്ത്രവ്യാപാര സമ്പദ്ക്രമത്തെയും മനുഷ്യാവകാശങ്ങളോടുള്ള ബഹുമാനത്തെയും സ്വാഗതം ചെയ്യുകയും അംഗീകരിക്കുകയും ചെയ്യുന്ന രാഷ്ട്രങ്ങളുടെ എണ്ണം കൂടിവരികയാണ്.' എന്ന 'ദേശീയ സുരക്ഷാതന്ത്രം 2002'ന്റെ വരികൾക്കിടയിൽ ഒളിപ്പിച്ചുവെച്ച അധിനിവേശത്വര ആർക്കും കാണാനാവും. പക്ഷെ ലോകത്തിനു മുമ്പിൽ ആ രാജ്യത്തെകുറിച്ച് മതിപ്പല്ല വർധിച്ചുകൊണ്ടിരിക്കുന്നത് എന്ന സത്യം അമേരിക്കൻ ബുദ്ധിജീവികൾ തന്നെ മനസ്സിലാക്കിതുടങ്ങിയിരിക്കുന്നു. പൗരസ്ത്യ ദേശങ്ങളെ അതിക്രമിക്കുവാൻ വേണ്ടിയുള്ള പാശ്ചാത്യപരിശ്രമങ്ങൾക്ക് സൈദ്ധാന്തിക അടിത്തറ പണിതു കൊടുത്ത സാമുവൽ ഹണ്ടിങ്ങ്ടൺ തന്നെ എഴുതി "ഇതൊരു ഏക ധ്രുവലോകമെന്ന മട്ടിൽ പ്രവർത്തിക്കുന്നതോടെ യു.എസ് കൂടുതൽ കൂടുതൽ ഒറ്റപ്പെടുകയാണ്. പല രാജ്യങ്ങളെയും അമേരിക്ക തെമ്മാടി രാഷ്ട്രങ്ങൾ എന്ന് അപലപിക്കുമ്പോൾ പല രാജ്യങ്ങളുടെയും കണ്ണിൽ അതൊരു തെമ്മാടി സൂപ്പർ പവർ ആയിത്തീരുകയാണ്" (The Lonely Super Power, Forign Affairs, March / April 1999) അധികാരവും സമ്പത്തും ശാശ്വതമാണെന്ന ബോധം നാശത്തിലേക്കാണ് മനുഷ്യരെ നയിക്കുകയെന്ന വസ്തുത ഒരു കഥാകഥനത്തിലൂടെ ഖുർആൻ വ്യക്തമാക്കുന്നത് കാണുക.



"ആ തോട്ടക്കാരെ നാം പരീക്ഷിച്ചത് പോലെ തീർച്ചയായും അവരെയും നാം പരീക്ഷിച്ചിരിക്കുകയാണ്. പ്രഭാതവേളയിൽ ആ തോട്ടത്തിലെ പഴങ്ങൾ അവർ പറിച്ചെടുക്കുമെന്ന് അവർ സത്യം ചെയ്ത സന്ദർഭം. അവർ (യാതൊന്നും) ഒഴിവാക്കി പറഞ്ഞിരുന്നില്ല. എന്നിട്ട് അവർ ഉറങ്ങിക്കൊണ്ടിരിക്കെ നിന്റെ രക്ഷിതാവിങ്കൽ നിന്നുള്ള ഒരു ശിക്ഷ ആ തോട്ടത്തെ ബാധിച്ചു. അങ്ങനെ അത് മുറിച്ചെടുക്കപ്പെട്ടത് പോലെ ആയിത്തീർന്നു. അങ്ങനെ പ്രഭാതവേളയിൽ അവർ പരസ്പരം വിളിച്ചുപറഞ്ഞു: നിങ്ങൾ പറിച്ചെടുക്കാൻ പോകുകയാണെങ്കിൽ നിങ്ങളുടെ കൃഷിസ്ഥലത്തേക്ക് നിങ്ങൾ കാലത്തുതന്നെ പുറപ്പെടുക. അവർ അന്യോന്യം മന്ത്രിച്ചു കൊണ്ടു പോയി. ഇന്ന് ആ തോട്ടത്തിൽ നിങ്ങളുടെ അടുത്ത് ഒരു സാധുവും കടന്നു വരാൻ ഇടയാവരുത് എന്ന്. അവർ (സാധുക്കളെ) തടസ്സപ്പെടുത്താൻ കഴിവുള്ളവരായിക്കൊണ്ടു തന്നെ കാലത്ത് പുറപ്പെടുകയും ചെയ്തു. അങ്ങനെ അത് (തോട്ടം) കണ്ടപ്പോൾ അവർ പറഞ്ഞു: തീർച്ചയായും നാം പിഴവു പറ്റിയവരാകുന്നു. അല്ല, നാം നഷ്ടം നേരിട്ടവരാകുന്നു. അവ

രുടെ കൂട്ടത്തിൽ മധ്യനിലപാടുകാരനായ ഒരാൾ പറഞ്ഞു: ഞാൻ നിങ്ങളോട് പറഞ്ഞില്ലേ? എന്താണ് നിങ്ങൾ അല്ലാഹുവെ പ്രകീർത്തിക്കാതിരുന്നത്? അവർ പറഞ്ഞു: നമ്മുടെ രക്ഷിതാവ് എത്രയോ പരിശുദ്ധൻ! തീർച്ചയായും നാം അക്രമികളായിരിക്കുന്നു. അങ്ങനെ പരസ്പരം കുറ്റപ്പെടുത്തിക്കൊണ്ട് അവരിൽ ചിലർ ചിലരുടെ നേർക്ക് തിരിഞ്ഞു. അവർ പറഞ്ഞു: നമ്മുടെ നാശമേ! തീർച്ചയായും നാം അതിക്രമകാരികളായിരിക്കുന്നു. നമ്മുടെ രക്ഷിതാവ് അതിനെക്കാൾ ഉത്തമമായത് നമുക്ക് പകരം തന്നേക്കാം. തീർച്ചയായും നാം. നമ്മുടെ രക്ഷിതാവിങ്കലേക്ക് ആഗ്രഹിച്ചു ചെല്ലുന്നവരാകുന്നു. അപ്രകാരമാകുന്നു ശിക്ഷ. പരലോകശിക്ഷയാവട്ടെ കൂടുതൽ ഗൗരവമുള്ളതാകുന്നു. അവർ അറിഞ്ഞിരുന്നെങ്കിൽ!" (68– 17–33)

**4. ഉൽപ്പാദനത്തെക്കുറിച്ച തെറ്റായ ധാരണ**

"മനുഷ്യരുടെ കൈകൾ പ്രവർത്തിച്ചത് നിമിത്തം കരയിലും കടലിലും കുഴപ്പം വെളിപ്പെട്ടിരിക്കുന്നു. അവർ പ്രവർത്തിച്ചതിൽ ചിലതിന്റെ ഫലം അവർക്ക് ആസ്വദിപ്പിക്കുവാൻ വേണ്ടിയത്രെ അത്. അവർ ഒരു വേള മടങ്ങിയേക്കാം"(ഖുർആൻ 30:41)

മനുഷ്യർ ഈ ഭൂമിയിലേക്ക് വരുന്നതിനു മുമ്പേ ഇവിടെ നിരവധി ജീവികൾ വസിച്ചിരുന്നു. അവർ ഉപയോഗിച്ചത് ഭൂമിയിലെ വിഭങ്ങൾ തന്നെയായിരുന്നു. ഇവിടെയുള്ളത് തിന്നും കുടിച്ചും ഇവിടെ വിസർജ്ജിച്ചും രമിച്ചും അവ ജീവിച്ചുപോന്നു. പത്തുകോടിയോളം വരുന്ന ജീവിവർഗങ്ങ(Species)ളിലെ പതിനായിരക്കണക്കിന് അംഗങ്ങൾ ഭൂമിയിൽ ജനിച്ചു, ഭൂമിയിൽ വളർന്നു, ഭൂമിയെ ഉപയോഗിച്ചു, ഭൂമിയിൽ വിസർജിച്ചു, ഭൂമിയിൽ രമിച്ചു, ഭൂമിയിൽ തന്നെ നശിച്ചൊടുങ്ങുകയും ചെയ്തു. അവയുടെ ജീവിതം യാതൊരു വിധ പാരിസ്ഥിതികപ്രശ്നവുമുണ്ടാക്കിയില്ല, അവയുടെ ഉപഭോഗം ഭൂമിയുടെ സന്തുലനത്തെ യാതൊരു തരത്തിലും ബാധിച്ചില്ല. പരസ്പരം കൊന്നും തിന്നും തീറ്റിച്ചുമുള്ള അവയുടെ ജീവസന്ധാരണം യാതൊരുവിധ അപകടങ്ങളുമുണ്ടായില്ല. എന്നാൽ മനുഷ്യനോ...?

ആധുനിക മനുഷ്യൻ എന്ന ഹോമോ സാപിയൻസ് (Homosapiens) ഭൂമിയിൽ ജീവിക്കാൻ തുടങ്ങിയിട്ട് രണ്ടു ലക്ഷം വർഷങ്ങളായെന്നാണ് നരവംശശാസ്ത്രജ്ഞൻമാരുടെ കണക്ക്. പ്രകൃതിയുടെ ഭാഗമായി ജീവിച്ചിരുന്ന മറ്റു ജീവികളിൽ നിന്ന് വ്യത്യസ്തമായി അവൻ പ്രകൃതിയെ ഉപയോഗിക്കുവാൻ തുടങ്ങിയതാണ് നാഗരികപുരോഗതിയുടെ നട്ടെല്ലായ വർത്തിച്ചതെന്ന് സാമൂഹ്യനരവംശ ശാസ്ത്രം സിദ്ധാന്തിക്കുന്നു. അവൻ കൃഷി ചെയ്തു, തീ ഉണ്ടാക്കി, ജീവികളെ വേട്ടയാടാൻ ആയുധങ്ങളുപയോഗിച്ചു; ജീവികളെ മെരുക്കി വാഹനമായുപയോഗിച്ചു; ജീവികളുടെ മാംസം പാകം ചെയ്യാൻ തുടങ്ങി... അങ്ങനെ അവൻ പ്രകൃതിയിൽ ഇടപെടുമ്പോഴാണ് നാഗരികതകൾ രൂപം കൊണ്ടത്. നാഗരിക പുരോഗതിയോടൊപ്പം തന്നെ നാശങ്ങളുമുണ്ടായി. സ്വാർത്ഥതയോടുകൂടിയുള്ള ഒരോരുത്തരുടെയും ചിന്തയും പെരുമാറ്റവും മൂലം മറ്റുള്ളവർക്ക് അരോചകമായ കുഴപ്പങ്ങളും കലാപങ്ങളും രക്തച്ചൊരിച്ചിലുകളുമുണ്ടായി. കരയും കടലും മനുഷ്യപ്രവർത്തനങ്ങളാൽ കുഴപ്പകേന്ദ്രങ്ങളായിത്തീർന്നു. മണ്ണും ജലവും ചുവന്നു. കുഴപ്പങ്ങളുണ്ടാക്കിയത് മനുഷ്യർ, അവയുടെ ഫലം അനുഭവിക്കേണ്ടിവന്നതും അവർ തന്നെ!

യന്ത്രങ്ങളുടെ വ്യാപകമായ ഉപയോഗമാണ് വ്യവസായിക വിപ്ലവത്തിന് കാരണമായത്. വ്യവസായങ്ങൾ വഴി ഉൽപ്പാദനത്തിന്റെ തോത് വർധിച്ചു. തങ്ങളുടെ ഉൽപ്പന്നങ്ങൾ ജനങ്ങളെ കൊണ്ട് വാങ്ങിപ്പിക്കുന്നതിന് വ്യവസായികൾ തന്ത്രങ്ങൾ മെനഞ്ഞു. 'പരമാവധി ഉൽപ്പാദനവും പരമാവധി ഉപഭോഗവും'എന്നതായിത്തീർന്നു. ആധുനിക മനുഷ്യന്റെ മുദ്രാവാക്യം. ഉൽപ്പാദനം വർധിപ്പിക്കുവാൻ പ്രകൃതി വിഭവങ്ങളെ പരമാവധി ചൂഷണം ചെയ്യാൻ തുടങ്ങി. ഈ ചൂഷണം മനുഷ്യരുടെ ആവശ്യങ്ങൾക്കുവേണ്ടിയായിരുന്നില്ല, ഉൽപാദകരുടെ മത്സരത്തിനുവേണ്ടിയായിരുന്നു. ആളുകൾക്ക് ആസക്തി വളർത്തി അവരെ ഉപഭോഗത്തിന്റെ അടിമകളും ആസ്വാദനത്തിന്റെ കാവൽക്കാരുമാക്കിത്തീർക്കുകയുമായിരുന്നു വ്യവസായികൾ ചെയ്തത്. പ്രകൃതിവിഭവങ്ങളുടെ ചൂഷണം മാത്രമല്ല വ്യവസായവൽക്കരണം വഴി ഉണ്ടായത്; പ്രകൃതിയെ ദുഷിപ്പിക്കുകയും അന്തരീക്ഷത്തിന്റെ സന്തുലനത്തെ തന്നെ തകർക്കുകയും ചെയ്യുന്ന നടപടികളുമുണ്ടായി. ഭൂമിയുടെ താളം തെറ്റുകയായിരുന്നു ഇതിന്റെ ഫലം. അന്തരീക്ഷത്തിലെ ഊഷ്മാവ് വർധിച്ചു; ഭൂമിയെ മാരകരശ്മികളിൽ നിന്ന് സംരക്ഷിക്കാനായി സജ്ജീകരിക്കപ്പെട്ട ഒസോൺ കുടകളിൽ വിള്ളലുകളുണ്ടായി; ജലം മലിനമാക്കപ്പെട്ടു; മത്സ്യങ്ങൾ കൂട്ടം കൂട്ടമായി ചത്തുപൊന്താൻ തുടങ്ങി; കരയിലും കടലിടും കുഴപ്പം വെളിപ്പെട്ടു മനുഷ്യരുടെ കരങ്ങൾ പ്രവർത്തിച്ചതിനാൽ...'

കഴിഞ്ഞ നൂറ്റാണ്ടിനെ അപേക്ഷിച്ച് ഭൂമിയിലെ ഊഷ്മാവ് 0.75$^{o}$c വർധിച്ചിട്ടുണ്ടെന്നാണ് 1659 മുതൽ ഇതുവരെയുള്ള ഭൗമോഷ്മാവ് രേഖപ്പെടുത്തിയ സെൻട്രൽ ഇംഗ്ളണ്ട് ടെംപറേച്ചർ റിക്കാർഡ് (CET Record) വ്യക്തമാക്കുന്നത്. ഇത് തുടർന്നാൽ മഞ്ഞുമലകൾ ഉരുകുകയും ആർട്ടിക് മേഖലകൾ ചുരുങ്ങുകയും സമുദ്രങ്ങൾ കവിയുകയും ചെയ്യുമെന്ന് പ്രകൃതിശാസ്ത്രജ്ഞൻമാർ മുന്നറിയിപ്പു നൽകുന്നു. ഒരോ വർഷവും 1.8 മില്ലി മീറ്റർ വർധനയെന്ന ഇന്നത്തെ സമുദ്രോപരിതലത്തിന്റെ ഉയർച്ചയുടെ നിരക്ക് തുടർന്നാൽ അടുത്ത നൂറ്റാണ്ട് ആകുമ്പോഴേക്ക് 1.3 മീറ്റർ ഉയരുമെന്നും ഇത് ഒരു ആഗോള പ്രളയത്തിനു തന്നെ കാരണമാകുമെന്നും ചൂണ്ടിക്കാണിക്കപ്പെടുന്നു. 2004 ജനുവരി 8 ന് പുറത്തിറങ്ങിയ 'നാച്വർ മാഗസിനി'ൽ ഒരു സംഘം ലേഖകർ ചേർന്നെഴുതിയ 'കാലാവസ്ഥാമാറ്റം വഴിയുണ്ടാവുന്ന നാശത്തിന്റെ തോത്'[8] എന്ന ലേഖനത്തിൽ ആഗോള തപനത്തിന്റെ തോത് ഇങ്ങനെ തുടർന്നാൽ 2050 ആവുമ്പോഴേക്കും ഇന്നുള്ള 15 മുതൽ 37 വരെ ശതമാനം ജന്തു-സസ്യ വർഗങ്ങൾ ഭൂമിയിൽ നിന്ന് അപ്രത്യക്ഷമാവുമെന്ന് സ്ഥാപിച്ചിട്ടുണ്ട്. അന്തരീക്ഷ മലിനീകരണം വഴിയുണ്ടാവുന്ന ആഗോള തപനത്തിന്റെ ദുഷ്ടഫലം മാത്രമാണീ കണക്ക് വ്യക്തമാക്കുന്നത്, ഓസോൺ കുടയുടെ വിള്ളൽ, ആണവാവശിഷ്ടങ്ങളുടെ ദുഷ്ഫലങ്ങൾ, നാനോ ടെക്നോളജിയുടെ അപകടങ്ങൾ, വായുമലിനീകരണം, ജലമലിനീകരണം, ശബ്ദമലിനീകരണം തുടങ്ങിയവയെല്ലാം ചേരുമ്പോഴേക്ക് അടുത്ത നൂറ്റാണ്ട് കഴിയുമ്പോൾ മനുഷ്യർക്ക് ജീവിക്കാൻ പറ്റാത്ത സ്ഥലമായിത്തീരും ഭൂമിയെന്ന് വിദഗ്ധർ അഭിപ്രായപ്പെടുന്നു. 1992 ജൂൺ 3 മുതൽ ജൂൺ 14 വരെ ബ്രസീലിലെ റിയോ ഡി ജനീറോയിലും 2002 ആഗസ്റ്റ് 26 മുതൽ സെപ്റ്റംബർ 4 വരെ സൗത്ത് ആഫ്രിക്കയിലെ ജോഹന്നാസ് ബർഗിലും വെച്ചു ചേർന്ന ഭൗമഉച്ചകോടികൾ ഈ പ്രശ്നങ്ങൾ ഗൗരവതരമായി ചർച്ച ചെയ്തുവെങ്കിലും കാര്യമായ പരിഹാരനടപടികളൊന്നുമെടുക്കാൻ ഇതുവരെ കഴിഞ്ഞിട്ടില്ല.

ഉൽപാദനത്തെക്കുറിച്ച കൃത്യവും വ്യക്തവുമായ കാഴ്ചപ്പാടിന്റെ അഭാവമാണ്

ഭൂമിയെ നശിപ്പിച്ച് ലാഭമുണ്ടാക്കുവാൻ വ്യവസായവൽകൃതസമൂഹത്തെ പ്രേരിപ്പിക്കുന്ന പ്രധാന ഘടകം. മുതലാളിത്തത്തിൽ ലാഭം നൽക്കുന്ന എല്ലാം ഉൽപന്നങ്ങളാണ്. യാഥാർത്ഥത്തിൽ മനുഷ്യരുടെ അനിവാര്യത (Need) പരിഗണിച്ചുകൊണ്ടാണ് ഉൽപാദനം നടക്കേണ്ടത്. അനിവാര്യതകളെ മാത്രം പൂർത്തീകരിക്കുന്ന ഉൽപാദനമാകുമ്പോൾ അതുവഴി ഉണ്ടാക്കാനാവുന്ന ലാഭത്തിന് പരിധിയുണ്ട്. അതിനാൽ ആവശ്യങ്ങളെ (Wants) സൃഷ്ടിക്കുകയാണ് വിപണി ചെയ്യുന്നത്. മനുഷ്യരുടെ നിലനിൽപ്പിനോ സഹവർത്തിത്തത്തിനോ സുഖജീവിതത്തിനോ അനിവാര്യമല്ലാത്ത വസ്തുക്കളെ തന്റെ ആസക്തിയെയും നിലനിൽപ്പിനെയും ഗുണപരമായി സ്വാധീനിക്കുന്നവയാണെന്ന് വരുത്തിത്തീർത്ത് അവരെകൊണ്ട് ഉപഭോഗിപ്പിക്കുകയാണ് സ്വതന്ത്രവിപണി ചെയ്യുന്നത്. ആവശ്യത്തെ (Wants) അനിവാര്യത (Needs)യാക്കിത്തീർക്കുന്ന തന്ത്രമാണ് വിപണിയുടെ ഭാഷയിൽ 'മാർക്കറ്റിംഗ്'. ഇതുവഴി ആവശ്യങ്ങൾ സൃഷ്ടിക്കപ്പെടുകയും അതിനനുസരിച്ച് ഉൽപാദനം ത്വരിതപ്പെടുകയും ചെയ്യുന്നു. ലാഭമുണ്ടാക്കുന്നതെല്ലാം ഉൽപന്നമായതിനാൽ മദ്യവും മയക്കുമരുന്നുകളും വ്യഭിചാരവുമെല്ലാം ഉൽപന്നങ്ങളും മാർക്കറ്റു ചെയ്യപ്പെടുന്ന ചരക്കുകളുമായിത്തീരുന്നു. പൂഴ്ത്തിവെപ്പും ഊഹക്കച്ചവടവുമെല്ലാം ലാഭമുണ്ടാക്കാൻ പര്യാപ്തമാണെന്നതിനാൽ ഉൽപാദനപരമാണെന്നാണ് (Productive) മുതലാളിത്തത്തിന്റെ നിലപാട്. താലിബാൻ നിരോധിച്ച കറുപ്പ് (Opium) കൃഷി അനുവദനീയമാക്കുകയും ലോകത്ത ഏറ്റവുമധികം കറുപ്പുൽപാദിപ്പിക്കുന്ന രാഷ്ട്രമായ (ഐക്യരാഷ്ട്രസഭയുടെ 27-09-2007 ലെ കണക്കുകൾ പ്രകാരം 90% കറുപ്പ് ഉൽപാദിപ്പിക്കുന്നത് അഫ്ഗാനിസ്ഥാനിലാണ് (www.undoc org) അഫ്ഗാനിസ്ഥാനിനെ തങ്ങളുടെ വരുതിയിലാക്കി 400 കോടി ഡോളറിന്റെ കറുപ്പ് കച്ചവടത്തിന് അധീശത്വം വഹിക്കുക കൂടിയിരുന്നുവല്ലോ അമേരിക്കയുടെ അഫ്ഗാൻ അധിനിവേശത്തിന്റെ ലക്ഷ്യം.

എത്രതന്നെ ജനസംഖ്യയുണ്ടെങ്കിലും അവരുടെ അനിവാര്യതകൾ പൂർത്തീകരിക്കുന്നതിനുവേണ്ടി ഉൽപാദനം നടത്തുകയും അതിനായി പ്രകൃതിവിഭവങ്ങളെ ചൂഷണം നടത്തുകയും ചെയ്താൽ അതുവഴി യാതൊരു വിധ പരിസ്ഥിതി പ്രശ്നങ്ങളുമുണ്ടാവില്ലെന്നുറപ്പാണ്. രണ്ട് ലക്ഷം വർഷങ്ങളായി മനുഷ്യർ ഈ ഭൂമിയിൽ ജീവിച്ചതുകൊണ്ട് പ്രകൃതിക്കോ പരിസ്ഥിതിക്കോ യാതൊരു കുഴപ്പവുമുണ്ടായിട്ടില്ല. എന്നാൽ ഇല്ലാത്ത ആവശ്യങ്ങൾ ഉണ്ടാക്കിയെടുത്ത് പ്രസ്തുത ആവശ്യങ്ങൾക്കെല്ലാം കൂടി ഉൽപാദിപ്പിച്ച് അതെല്ലാം ജനങ്ങളെക്കൊണ്ട് ഉപഭോഗിപ്പിക്കുകയും അതുവഴി പ്രകൃതിവിഭവങ്ങളെയും മാനവവിഭവശേഷിയെയും തങ്ങളുടെ താൽപര്യത്തിനു വേണ്ടി സ്വന്തം വരുതിയിൽ കൊണ്ടുവരികയും ചെയ്യുമ്പോൾ സ്ഥിതി മാറുന്നു. അവിടെ ഉപഭോഗമല്ല പ്രസ്തുത നശീകരണമാണ് നടക്കുന്നത്. പൊൻമുട്ടയിടുന്ന താറാവിനെ കൊന്ന് സ്വർണക്കടയുണ്ടാക്കുവാനാണ് സ്വതന്ത്രവിപണിയുടെ വക്താക്കളുടെ പ്ലാൻ. പാരിസ്ഥിതിക പ്രശ്നങ്ങളും തകർച്ചയുമെല്ലാം സൃഷ്ടിക്കുന്നത് അതുകൊണ്ടാണ്. ഉൽപാദനത്തെക്കുറിച്ച കാഴ്ചപ്പാടിന്റെ സമഗ്രമായ പരിഷ്കരണത്തിലൂടെയല്ലാതെ ഈ പ്രശ്നം പരിഹരിക്കുവാൻ കഴിയില്ലെന്ന് പറയുന്നത് അതുകൊണ്ടാണ്.

ഭൂമിയിലുള്ളതെല്ലാം മനുഷ്യർക്കു വേണ്ടി സൃഷ്ടിക്കപ്പെട്ടതാണെന്നാണ് ഖുർആൻ പറയുന്നത് (ഖുർആൻ 2:29). തന്നെ ഏൽപ്പിച്ച അമാനത്താണ് ഭൂമിയെന്നർത്ഥം അവിടെയുള്ള വിഭവങ്ങൾ അവന്ന് ഉപയോഗിക്കാവുന്നതാണ്. അതിന്നുവേണ്ടിയാണ് ഭൂമിയെയും അന്തരീക്ഷത്തെയും അവന്ന് അധീനപ്പെടുത്തിക്കൊടുത്തിരിക്കുന്നത്.

"അല്ലാഹു നിങ്ങൾക്ക് ഭൂമിയിലുള്ളതെല്ലാം കീഴ്പ്പെടുത്തി തന്നിരിക്കുന്നു എന്ന് നീ മനസ്സിലാക്കിയില്ലേ?

അവന്റെ കൽപന പ്രകാരം കടലിലൂടെ സഞ്ചരിക്കുന്ന കപ്പലിനെയും (അവൻ കീഴ്പ്പെടുത്തി തന്നിരിക്കുന്നു) അവന്റെ അനുമതി കൂടാതെ ഭൂമിയിൽ വീണുപോകാത്ത വിധം ഉപരിലോകത്തെ അവൻ പിടിച്ചു നിർത്തുകയും ചെയ്യുന്നു. തീർച്ചയായും അല്ലാഹു മനുഷ്യരോട് ഏറെ ദയയുള്ളവനും കരുണയുള്ളവനുമാകുന്നു" (ഖുർആൻ 22:65)

ആവശ്യത്തിന് വേണ്ടി ഉപയോഗിക്കുവാൻ അനുവദിക്കുന്ന ഖുർആൻ പക്ഷേ ദുർവ്യയത്തെ ശക്തമായിത്തന്നെ വിലക്കുകയും അത് പൈശാചികമാണെന്ന് വ്യക്തമാക്കുകയും ചെയ്യുന്നുണ്ട്. "തീർച്ചയായും ദുർവ്യയം ചെയ്യുന്നവർ പിശാചുക്കളുടെ സഹോദരങ്ങളാകുന്നു. പിശാച് തന്റെ രക്ഷിതാവിനോട് ഏറെ നന്ദികെട്ടവനാകുന്നു." (17:27)

എല്ലാ സൃഷ്ടികളിലും ഒരു സന്തുലനമുണ്ടെന്നും അതിൽ ക്രമക്കേട് വരുത്തുവാൻ പാടില്ലെന്നും ഖുർ ആൻ സൂചിപ്പിക്കുന്നു.

"ആകാശത്തെ അവൻ ഉയർത്തുകയും, (എല്ലാകാര്യവും തൂക്കികണക്കാക്കുവാനുള്ള) തുലാസ് അവൻ സ്ഥാപിക്കുകയും ചെയ്തിരിക്കുന്നു. നിങ്ങൾ തുലാസിൽ ക്രമക്കേട് വരുത്താതിരിക്കുവാൻ വേണ്ടിയാണത്. നിങ്ങൾ നീതിപൂർവ്വം തൂക്കം ശരിയാക്കുവിൻ. തുലാസിൽ നിങ്ങൾ കമ്മി വരുത്തരുത്. ഭൂമിയെ അവൻ മനുഷ്യർക്കായി വെച്ചിരിക്കുന്നു. അതിൽ പഴങ്ങളും കൂമ്പോളകളുള്ള ഈന്തപ്പനകളുമുണ്ട്. വൈക്കോലുള്ള ധാന്യങ്ങളും സുഗന്ധച്ചെടികളുമുണ്ട്"(55:7-12)

നശീകരണം അല്ലാഹു ഇഷ്ടപ്പെടുന്നില്ലെന്ന് ഖുർആൻ പഠിപ്പിക്കുന്നു. "ചില ആളുകളുണ്ട്. ഐഹികജീവിത കാര്യത്തിൽ അവരുടെ സംസാരം നിനക്ക് കൗതുകം തോന്നിക്കും. അവരുടെ ഹൃദയശുദ്ധിക്ക് അവർ അല്ലാഹുവെ സാക്ഷി നിർത്തുകയും ചെയ്യും. വാസ്തവത്തിൽ അവർ (സത്യത്തിന്റെ) കഠിനവൈരികളത്രെ. അവർ തിരിച്ചുപോയാൽ ഭൂമിയിൽ കുഴപ്പമുണ്ടാക്കാനും, വിള നശിപ്പിക്കാനും, ജീവനൊടുക്കാനുമായിരിക്കും ശ്രമിക്കുക.

**ക്രയോജനിക്സാങ്കേതിക വിദ്യയുപയോഗിച്ച് തങ്ങളുടെ ശവശരീരങ്ങൾ കേടുകൂടാതെ സംരക്ഷിക്കണമെന്ന് ഒസ്യത്ത് എഴുതിവെക്കുന്നവരുടെ കാലമാണിത്. 28000 ഡോളർ നൽകി അംഗത്വമെടുക്കുകയും രണ്ടുലക്ഷം ഡോളറിന്റെ ഇൻഷൂറൻസിൽ ചേരുകയും ചെയ്താൽ ഏതൊരു അമേരിക്കക്കാരന്റെയും ശവശരീരം തണുപ്പിച്ച് സംരക്ഷിക്കാമെന്നാണ് ക്ലിന്റൺ ടൗൺഷിപ്പിൽ പ്രവർത്തിക്കുന്ന ദി ക്രയോണിൽ ഇൻസ്റ്റിറ്റ്യൂട്ടിന്റെ വാഗ്ദാനം.**

നശീകരണം അല്ലാഹു ഇഷ്ടപ്പെടുന്നതല്ല. അല്ലാഹുവെ സൂക്ഷിക്കുക എന്ന് അവരോട് ആരെങ്കിലും പറഞ്ഞാൽ ദുരഭിമാനം അവരെ പാപത്തിൽ പിടിച്ച് നിർത്തുന്നു. അവർക്ക് നരകം തന്നെ മതി. അത് എത്ര മോശമായ മെത്ത!"(2:204-206)

ഐഹിക വിഭവങ്ങൾ നന്മയാണെന്നും പ്രസ്തുത നന്മയെ നല്ല രീതിയിൽ തന്നെ ഉപയോഗിക്കണമെന്നും കുഴപ്പങ്ങൾ ഉണ്ടാക്കരുതെന്നും കുഴപ്പകാരികളെ അല്ലാഹു ഇഷ്ടപ്പെടുകയില്ലെന്നും ഖുർആൻ വ്യക്തമാക്കുന്നു.

"അല്ലാഹു നിനക്ക് നൽകിയിട്ടുള്ളതി



ലൂടെ നീ പരലോകവിജയം തേടുക. ഐഹികജീവിതത്തിൽ നിന്ന് നിനക്കുള്ള ഓഹരി നീ വിസ്മരിക്കുകയും വേണ്ട. അല്ലാഹു നിനക്ക് നൻമ ചെയ്തത് പോലെ നീയും നൻമ ചെയ്യുക. നീ നാട്ടിൽ കുഴപ്പത്തിന് മുതിരരുത്. കുഴപ്പമുണ്ടാക്കുന്നവരെ അല്ലാഹു തീർച്ചയായും ഇഷ്ടപ്പെടുന്നതല്ല."(28:77)

ഉൽപാദനം നൻമക്കുവേണ്ടിയാകണമെന്നാണ് ഇസ്‌ലാം പഠിപ്പിക്കുന്നത്. അമിതത്വവും അക്രമണവും നശീകരണവുമെല്ലാം വെറുക്കപ്പെടേണ്ട തിൻമകളാണ്. വുളുമെടുക്കുമ്പോൾപോലും ജലം അമിതമായി ചെലവഴിക്കരുതെന്നാണ് പ്രവാചകകൽപ്പന. കടലിലും കരയിലുമെല്ലാം കുഴപ്പങ്ങളുണ്ടാക്കുന്നത് മനുഷ്യരുടെ കരങ്ങൾ പ്രവർത്തിച്ചതുകൊണ്ടാണെന്ന് പ്രസ്താവിക്കുന്ന ഖുർ ആൻ തങ്ങളുടെ പ്രവർത്തനങ്ങളുടെ ഫലം അവർ ആസ്വദിക്കുന്നത് വഴി അവർ മടങ്ങാൻ സാധ്യതയുണ്ടെന്നു കൂടി വ്യക്തമാക്കുന്നുണ്ട് (30:41).

ഭൂമി തപിച്ചുകൊണ്ടിരിക്കുന്നതും സമുദ്രനിരപ്പ് ഉയർന്നുകൊണ്ടിരിക്കുന്നതും സുനാമികൾ ഉണ്ടാവുന്നതും ചുറ്റുപാടുമുണ്ടായിരുന്ന ജീവികൾ അപ്രത്യക്ഷമാവുന്നതുമെല്ലാം കാണുകയും അനുഭവിക്കുകയും അത് തങ്ങളുടെ പ്രവർത്തനത്തിന്റെ ഫലമാണെന്ന് തിരിച്ചറിയുകയും ചെയ്തിട്ടും ലാഭക്കൊതിയിൽ മാത്രം അധിഷ്ഠിതമായി ഉൽപാദനം തുടർന്ന് ഭൂമിയെ നശിപ്പിക്കുവാനാണ് നമ്മുടെ തീരുമാനമെങ്കിൽ അതുമൂലമുള്ള പ്രതിസന്ധി സാമ്പത്തിക മേഖലയെ മാത്രമായിരിക്കുകയില്ല ബാധിക്കുന്നത്; ഇരിക്കുന്ന കൊമ്പ് വെട്ടിയാലുണ്ടാവുന്ന സർവ്വത്ര നാശം! അതിന് വിധേയമാകുന്നതിനു മുമ്പ് ചിന്തിക്കുവാനും തിരുത്തുവാനും മനുഷ്യർ സന്നദ്ധമായാൽ അവൻ മാത്രമല്ല ചുറ്റുപാടുമുള്ള ജീവജാലങ്ങളും രക്ഷപ്പെട്ടേക്കും പ്രശ്നത്തിന്റെ കാതൽ തങ്ങളുടെ സാമ്പത്തിക വ്യവസ്ഥിതിയിലാണുള്ളതെന്ന് തിരിച്ചറിയാത്തതുകൊണ്ടാണ് ഭൗമഉച്ചകോടികൾ വിജയിക്കാത്തത്. സമ്പത്തിൽ മാത്രം കണ്ണുനട്ടുകൊണ്ട് നാശം സൃഷ്ടിക്കുന്നവൻ നേരിടാൻ പോകുന്ന പരലോക ശിക്ഷയെക്കുറിച്ച ഖുർആനിന്റെ മുന്നറിയിപ്പ് ശ്രദ്ധിക്കുക.

"അവന്ന് ഞാൻ സമൃദ്ധമായ സമ്പത്ത് ഉണ്ടാക്കി കൊടുക്കുകയും ചെയ്തു. സന്നദ്ധരായി നിൽക്കുന്ന സന്തതികളെയും അവന്നു ഞാൻ നല്ല സൗകര്യങ്ങൾ ചെയ്തു കൊടുക്കുകയും ചെയ്തു. പിന്നെയും ഞാൻ കൂടുതൽ കൊടുക്കണമെന്ന് അവൻ മോഹിക്കുന്നു. അല്ല, തീർച്ചയായും അവൻ നമ്മുടെ ദൃഷ്ടാന്തങ്ങളോട് മാത്സര്യം കാണിക്കുന്നവനായിരിക്കുന്നു. പ്രയാസമുള്ള ഒരു കയറ്റം കയറാൻ നാം വഴിയെ അവനെ നിർബന്ധിക്കുന്നതാണ്. തീർച്ചയായും അവനൊന്നു ചിന്തിച്ചു, അവനൊന്നു കണക്കാക്കുകയും ചെയ്തു. അതിനാൽ അവൻ നശിക്കട്ടെ. എങ്ങനെയാണവൻ കണക്കാക്കിയത്? വീണ്ടും അവൻ നശിക്കട്ടെ, എങ്ങനെയാണവൻ കണക്കാക്കിയത്? പിന്നീട് അവനൊന്നു നോക്കി. പിന്നെ അവൻ മുഖം ചുളിക്കുകയും മുഖം കറുപ്പിക്കുകയും ചെയ്തു. പിന്നെ അവൻ പിന്നോട്ട് മാറുകയും അഹങ്കാരം നടിക്കുകയും ചെയ്തു. എന്നിട്ടവൻ പറഞ്ഞു: ഇത് (ആരിൽ നിന്നോ) ഉദ്ധരിക്കപ്പെടുന്ന മാരണമല്ലാതെ മറ്റൊന്നുമല്ല. ഇത് മനുഷ്യന്റെ വാക്കല്ലാതെ മറ്റൊന്നുമല്ല. വഴിയെ ഞാൻ അവനെ സഖറിൽ (നരകത്തിൽ) ഇട്ട് എരിക്കുന്നതാണ്. സഖർ എന്നാൽ എന്താണെന്ന് നിനക്കറിയുമോ? അത് ഒന്നും ബാക്കിയാക്കുകയോ വിട്ടുകളയുകയോ ഇല്ല. അത് തൊലി കരിച്ച് രൂപം മാറ്റിക്കളയുന്നതാണ്. അതിന്റെ മേൽനോട്ടത്തിന് പത്തൊമ്പത് പേരുണ്ട്." (74:12-30)

**5. ഉൽപാദനം, ഉപഭോഗം, ധാർമികത**

"(നബിയേ,) നിന്നോടവർ മദ്യത്തെയും ചൂതാട്ടത്തെയും പറ്റി ചോദിക്കുന്നു. പറയുക: അവ രണ്ടിലും ഗുരുതരമായ പാപമുണ്ട്. ജനങ്ങൾക്ക് ചില പ്രയോജനങ്ങളുമുണ്ട്. എന്നാൽ അവയിലെ പാപത്തിന്റെ അംശമാണ് പ്രയോജനത്തിന്റെ അംശത്തേക്കാൾ വലുത്." (ഖുർആൻ 2: 219)

ഏതൊരു തിൻമയിലും ചിലർക്ക് ചില നൻമകൾ കണ്ടെത്തുവാൻ കഴിഞ്ഞേക്കാം. ലഹരി മൂലം ചിലർക്ക് മനഃസംഘർഷങ്ങളുടെ ലഘൂകരണവും മറ്റുചിലർക്ക് തൊഴിലും ലഭിച്ചേക്കാം. വ്യഭിചാരം വഴി ലൈംഗിക ദാരിദ്ര്യം അനുഭവിക്കുന്നവർക്ക് ആശ്വാസവും അഭിസാരികകൾക്ക് ജീവിതമാർഗവുമുണ്ടാക്കാൻ കഴിഞ്ഞേക്കാം; ലോട്ടറി വഴി കുറച്ചുപേർക്ക് ലക്ഷാധിപൻമാരാകുവാനും കുറേപേർക്ക് ജീവസന്ധാരണത്തിനും സാധിച്ചേക്കാം. ഈ 'നൻമ'കൾ പക്ഷേ ഇവയുണ്ടാക്കുന്ന തിൻമകളുമായി താരതമ്യം ചെയ്യുമ്പോൾ വളരെ നിസ്സാരമാണ്. അതുകൊണ്ടു തന്നെ നൻമകൾക്ക് ഊന്നൽ നൽകുന്ന



**ഫിയറ്റ് കറൻസിയുടെ വരവോടെ സർക്കാരുകൾക്ക് എത്ര കറൻസികളും അച്ചടിക്കാമെന്ന നിലവന്നു. ലോകം മുഴുവൻ ഡോളറിന്റെ അധീശത്വം അംഗീകരിക്കുകയും ലോക ബാങ്കിനെയും ഐ.എം.എഫിനെയും പോലെയുള്ള ഏജൻസികൾ ഡോളറിൽ മാത്രം കടം നൽകുകയും ചെയ്തതോടെ അമേരിക്കക്ക് എത്ര ഡോളറുകളും അച്ചടിക്കാമെന്ന അവസ്ഥ സംജാതമായി.**

ഒരു സമൂഹത്തിൽ ഇവയ്ക്ക് സ്ഥാനമുണ്ടായിക്കൂടാ. ഇത്തരം തിൻമകളെ അനുവദിക്കുകയും മാന്യത കൽപിക്കുകയും ചെയ്യുന്ന സമൂഹത്തിൽ അവയുടെ വ്യാപനമാണുണ്ടാവുക. അതുവഴി സാമൂഹ്യ ധാർമികത തകരും. പ്രസ്തുത തകർച്ച വഴി കുടുംബസംവിധാനവും സാമൂഹ്യ സുരക്ഷാസംവിധാനങ്ങളുമെല്ലാം തകരാറിലാകും. കർശനനിയമങ്ങളും നിയമപാലക സംവിധാനവുമുണ്ടായാൽ മാത്രമേ അത്തരം സമൂഹങ്ങളിൽ നിയമവാഴ്ച ഉറപ്പുവരുത്താനാകൂ. കുറ്റവാളിയുടെ പക്ഷം ചേരുന്ന നിയമങ്ങൾ കൂടിയാണ് അത്തരമൊരു സമൂഹത്തിൽ നിലനിൽക്കുന്നതെങ്കിൽ അത് അവിടത്തെ സാമൂഹ്യക്രമത്തെയും സാമ്പത്തികക്രമത്തെയുമെല്ലാം ബാധിക്കും. നാഗരികതകളുടെ ഉത്ഥാനപതനങ്ങളെ സൂക്ഷമമായി നിരീക്ഷിച്ചാൽ ഇപ്പറഞ്ഞതൊക്കെയും യാഥാർത്ഥ്യമാണെന്ന് സുതരാം വ്യക്തമാവും, തീർച്ച.

'സ്വതന്ത്രവിപണി'പുറത്തുനിന്നുള്ള നിയന്ത്രണങ്ങളോ നിയമങ്ങളോ അംഗീകരിക്കുന്നില്ല. ലാഭമുണ്ടാക്കുന്നതെല്ലാം അതിന്ന് 'ചരക്കാ'ണ്; 'ഗുണപരമായ വേർതിരിവുകളില്ലാതെ വിപണിയിൽ വിതരണം ചെയ്യപ്പെടുന്നതും ആവശ്യക്കാരുള്ളതുമായ സാധനമാണ് ചരക്ക്' (commodity) എന്നാണ് സാമ്പത്തികശാസ്ത്രത്തിന്റെ നിർവ്വചനം. മദ്യവും മയക്കുമരുന്നുകളും രതിയുമെല്ലാം ഈ നിർവ്വചന പ്രകാരം ചരക്കുകളാണ്. ഇവയ്ക്ക് നിലനിൽക്കുവാൻ അവകാശമുണ്ട്; മാന്യമായ അവകാശം! അതുകൊണ്ടാണ് അഭിസാരിക (Prostitute) എന്ന് വിളിക്കുന്നതിനു പകരം ലൈംഗികത്തൊഴിലാളി (Sex worker) എന്നു തന്നെ വിളിക്കണമെന്ന് സ്വതന്ത്രവിപണിയുടെ വക്താക്കൾ ശാഠ്യം പിടിക്കുന്നത്. ലൈംഗികത വിൽക്കുകയും വാങ്ങുകയും പുനർവിൽപന നടത്തുകയുമെല്ലാം ചെയ്യേണ്ട ഒരു വ്യവസായമാണെന്നാണ് അവരുടെ കാഴ്ചപ്പാട്. പ്രസ്തുത വ്യവസായം വഴി കോടികളുടെ വിനിമയങ്ങളാണ് നടന്നുകൊണ്ടിരിക്കുന്നത്. ലൈംഗിക വ്യവസായത്തിലെ (Sex Industry) തൊഴിലാളികളാണ് സ്വതന്ത്രവിപണിയുടെ വീക്ഷണത്തിൽ ലൈംഗികത്തൊഴിലാളികൾ. രതിവിൽക്കുന്നവരും (Prostituties), കൂടെ നടന്ന് രതിസുഖം നൽകുന്നവരും (Escorts) പരപീഢേച്ഛയിൽ അധിഷ്ഠിതമായ ലൈംഗികസംതൃപ്തിക്ക് ഉപയോഗിക്കുന്നവരും (Dominatrices) കാഴ്ചയിലൂടെ ലൈംഗികാഭിനിവേശമുണ്ടാക്കുന്നതിനു വേണ്ടിയുള്ള ചിത്രമെടുക്കാനും അഭിനയിക്കുവാനും സന്നദ്ധരാകുന്നവരും (Pronography) എല്ലാം ലൈംഗികത്തൊഴിലാളികളാണ്. കോടിക്കണക്കിന് ഡോളറുകളാണ് ഈ വ്യവസായം വഴി ക്രയവിക്രയം ചെയ്യപ്പെടുന്നത്.

അമേരിക്കയിൽ നൊവാഡാ സ്റ്റേറ്റിലെ ലാസ് വേഗാസ് നഗരത്തിലേക്ക് കയറുമ്പോൾ തന്നെ 'പാപനഗരത്തിലേക്ക് സ്വാഗതം' (Welcome to Sincity) എന്ന കൂറ്റൻ നിയോൺ ബോർഡാണ് ഒരാളെ സ്വാഗതം ചെയ്യുന്നത്. എല്ലാ തിൻമകളും അതിന്റെ പൂർണവും നഗ്നവുമായ രീതിയിൽ നടമാടുന്ന പാപനഗരം! പൂർണ നഗ്നനൃത്തം നടക്കുന്ന 31 ക്ലബ്ബുകൾ! നഗ്നതാ വിനോദങ്ങളിലൂടെ മാത്രം എണ്ണൂറു കോടി ഡോളർ വരുമാനം! രണ്ടു ഡസനിലധികം ചൂതാട്ടകേന്ദ്രങ്ങൾ! അവിടെ നടക്കുന്നത് കോടിക്കണക്കിന് ഡോളറിന്റെ ചൂതാട്ടം. രതിയെയും ചൂതാട്ടത്തെയും ചൂടുപിടിപ്പിക്കുവാൻ മദ്യത്തിന് പകുതി വിലമാത്രം! പാപനഗരത്തിൽ ഒരു വർഷമെത്തുന്ന സന്ദർശകർ നാലുകോടി! പാപങ്ങൾക്ക് വേണ്ടിമാത്രം ഒരു നഗരമുണ്ടാക്കുവാൻ മുതലാളിത്ത സ്വതന്ത്രവിപണിക്കു മാത്രമേ കഴിയൂ.

എങ്ങനെയും പണമുണ്ടാക്കുകയെന്ന സംസ്കാരത്തിൽ ലൈംഗികസുഖം കച്ചവടചരക്കാകുമ്പോൾ സുഖം പണം കൊടുത്ത് വാങ്ങുവാൻ മനഃശാസ്ത്രപരമായി അസാധ്യമായ സ്ത്രീ അവമതിക്കപ്പെടുകയും അപമാനിക്കപ്പെടുകയും ചെയ്യുകയാണെന്ന വസ്തുത ലോകത്തെവിടെയുമുള്ള സ്ത്രീ പ്രശ്നങ്ങളെ വിറ്റ് പണമുണ്ടാക്കുന്ന മീഡിയ മറച്ചുവെക്കുന്നു. മറ്റു നാടുകളെയും തങ്ങളുടെ രതിസുഖത്തിന് പറ്റിയ രീതിയിൽ പരിവർത്തിപ്പിക്കുവാനായി സെക്സ് ടൂറിസത്തിന്റെ അനന്ത സാധ്യതകളെക്കുറിച്ച് സ്വതന്ത്രവിപണിയുടെ വക്താക്കൾ വാചാലരാകുന്നു. അവരുടെ ത്രസിപ്പിക്കുന്ന കണക്കുകൾ മൂന്നാം ലോകത്തിലേക്ക് മീഡിയ കയറ്റുമതി ചെയ്യുമ്പോൾ അതു കണ്ട് അവിടെ തങ്ങളുടെ ഭരണാധികാരികളുടെ കണ്ണു തള്ളുന്നു. അവിടുത്തെ ജനങ്ങളെ സെക്സ് ടൂറിസത്തിന് പറ്റിയ രീതിയിൽ മസ്തിഷ്കപ്രക്ഷാളനം ചെയ്യാൻ 'യുനെസ്കോ' വഴി ലൈംഗിക വിദ്യാഭ്യാസം സാർവ്വത്രികമാക്കുന്നു. എല്ലായിടത്തു നിന്നും യഥേഷ്ടം സുഖം ആസ്വദിക്കുവാൻ ഇതുവഴി മുതലാളിമാർക്ക് വഴി തുറക്കുന്നു. 1993ലെ കണക്കുകൾ പ്രകാരം ഇന്തോനേഷ്യയിൽ രണ്ടരലക്ഷത്തോളം ലൈംഗികത്തൊഴിലാളികളുണ്ട്. മലേഷ്യയിൽ ഇത് ഒന്നര ലക്ഷത്തോളവും ഫിലിപ്പീൻസിൽ ആറു ലക്ഷത്തോളവുമാണ്. തായ്ലന്റിൽ ഇവരുടെ എണ്ണം മൂന്ന് ലക്ഷത്തോളം വരുമെന്നാണ് കണക്ക് 1993-95 ൽ മാത്രം തായ്ലാന്റിന് 2700 കോടി ഡോളറാണത്രെ ലൈംഗികവ്യവസായം വഴി ലഭിച്ചത്![9]

കോടിക്കണക്കിന് ഡോളറിന്റെ മദ്യ വിൽപന നടക്കുമ്പോൾ അതുകൊണ്ടുണ്ടാകുന്ന ആരോഗ്യ- സാമൂഹ്യ പ്രശ്നങ്ങളൊന്നും തന്നെ സ്വതന്ത്ര വിപണിയുടെ സർക്കാരിന് ശ്രദ്ധിക്കാനാവില്ല. മദ്യപാനം വഴിയുണ്ടാകുന്ന കുറ്റകൃത്യങ്ങൾ വഴി അമേരിക്കക്ക് 1983 ൽ മാത്രം 11600 കോടി ഡോളറിന്റെ നഷ്ടമുണ്ടായതായി അമേരിക്കയുടെ തന്നെ ആരോഗ്യവകുപ്പ് പുറത്തിറക്കിയ രേഖകൾ പറയുന്നു[10].

ലഹരി ഉപയോഗം മൂലമുണ്ടായ രോഗങ്ങളുടെ ചികിത്സക്ക് വേണ്ടി 1980ൽ ചെലവായത് 900 കോടി ഡോളറാണെന്നും ചികിത്സകർക്കുള്ള ട്രെയിനിംഗിന് വേണ്ടി 100 കോടി ഡോളർ ചെലവാക്കേണ്ടി വന്നുവെന്നും പ്രസ്തുത രേഖ പരിതപിക്കുന്നു. ഇതു കാൽ നൂറ്റാണ്ട് മുമ്പത്തെ കണക്കുകളാണ്. മദ്യപാനം കൊണ്ടുണ്ടായ സാമൂഹ്യപ്രശ്നങ്ങൾ കണക്കാക്കുവാൻ കഴിയാത്തതാണല്ലോ. ഇത്രയെല്ലാം നഷ്ടവും നാശവുമുണ്ടെങ്കിലും മദ്യത്തിന്റെ ഉൽപാദനവും ഉപഭോഗവും നിയന്ത്രിക്കുവാൻ സ്വതന്ത്രവിപണിക്ക് കഴിയില്ല. കാരണം, മദ്യവും ഒരു ചരക്കാണ്. ആവശ്യമുള്ളവർക്ക് ആവശ്യമുള്ളപ്പോൾ ആവശ്യമുള്ള സ്ഥലത്ത് അത് സുലഭമാകുമ്പോഴേ സ്വതന്ത്രവിപണിയെന്ന ആശയം സാർത്ഥകമാവൂ.

എന്തുൽപാദിപ്പിക്കണമെന്ന കാര്യത്തിൽ നിയന്ത്രണങ്ങളുണ്ടാക്കാൻ സ്വതന്ത്രവിപണിക്ക് കഴിയാത്തതുപോലെ എങ്ങനെ ചെലവഴിക്കണമെന്ന കാര്യത്തിലോ എങ്ങനെ ഉപഭോഗിക്കണമെന്ന വിഷയത്തിലോ നിയന്ത്രണങ്ങളുണ്ടാക്കുവാൻ സ്വതന്ത്രവിപണിക്ക് സാധ്യമല്ല. ചരക്കിന്റെ ഗുണനിലവാരം ഉറപ്പിക്കേണ്ടത് വിപണിയുടെ നിലനിൽപിന് അനിവാര്യമായതിനാൽ അതിന്നാവാശ്യമായ നിയമങ്ങൾ സ്വതന്ത്രവിപണിയിലുണ്ടാവും. അത് വിപണിക്കകത്തെ നിയമമാണ്. എന്നാൽ പ്രസ്തുത ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന്നായി എന്തു മാർഗങ്ങളാണ് ഉൽപാദകൻ സ്വീകരിച്ചിരിക്കുന്നതെന്ന് അന്വേഷിക്കേണ്ട ദൗത്യം വിപണിക്കില്ല. അതേപോലെതന്നെ ഉപഭോക്താവിന് വാഗ്ദാനം ചെയ്യപ്പെട്ട ചരക്ക് കിട്ടുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടത് വിപണിയുടെ ആവശ്യമാണ്; അതിനുള്ള നിയമങ്ങൾ അവിടെയുണ്ടാവും. എന്നാൽ പ്രസ്തുത ചരക്ക് വാങ്ങിപ്പിക്കുവാൻ ഉപയോഗിക്കുന്ന തന്ത്രങ്ങളിലോ അത് വാങ്ങിയ ആൾ എങ്ങനെ ഉപഭോഗിക്കുന്നവെന്ന കാര്യത്തിലോ നിയന്ത്രണങ്ങളുണ്ടാക്കുവാൻ വിപണിക്ക് കഴിയില്ല. പരമാവധി ഉപഭോഗിപ്പിക്കുകയും പരമാവധി വാങ്ങിപ്പിക്കുകയും ചെയ്യുകയാണല്ലോ സ്വതന്ത്രവിപണിയുടെ ദൗത്യം.

ഉൽപാദനപരമായ (Productive) വസ്തുക്കളാണ് വിപണിയിൽ അനുവദനീയമാവുകയെന്നതാണ് നിയോ ലിബറലിസത്തിന്റെ നിലപാട്. കാര്യക്ഷമതയും (Effeciency) യും ഉൽപാദനക്ഷമതയും (Productivity) മാണ് ചരക്കിന്റെ മൂല്യം നിശ്ചയിക്കുന്നത്. വളർച്ച (Growth)യാണ് വിപണിയിൽ ഒരു വസ്തു നിലനിൽക്കേണ്ടതാണോയെന്ന് തീരുമാനിക്കുന്നത്. ഉൽപാദനം വളരണം, ഉപഭോഗം വളരണം, പണം വളരണം, എന്നല്ലാതെ എന്ത്, എങ്ങനെ എന്നൊന്നും മുതലാളിത്തത്തിനില്ല. വളർച്ചക്കുവേണ്ടി ഉപയോഗിക്കുന്ന മാർഗങ്ങൾ എന്തുമാകാം; അവ വിപണിയെ പ്രതികൂലമായി ബാധിക്കാതിരുന്നാൽ മതി. മദ്യവും വ്യഭിചാരവും പൂഴ്ത്തിവെപ്പും ഊഹക്കച്ചവടവുമെല്ലാം വിപണിയിൽ ഉൽപാദനപരമാണ്. എന്തുകൊണ്ടെന്നാൽ ഇവയെല്ലാം പണത്തിന്റെ വളർച്ചക്ക് കാരണമാവുന്നു. വിപണിയുടെ മാത്രം കണ്ണാടിയിലൂടെ നോക്കിയാൽ ഇവയിലൊന്നും യാതൊരു തെറ്റും കാണാൻ കഴിയില്ല. മനുഷ്യരാണല്ലോ വിപണിയെ സജീവമാക്കുകയും നിർജീവമാക്കുകയും ചെയ്യുന്നത്. ആത്യന്തികമായി മനുഷ്യർക്ക് നൻമയായിട്ടുള്ളത് ചിലപ്പോൾ വിപണിയുടെ കണ്ണാടിയിലൂടെ മാത്രം നോക്കിയാൽ തിൻമയായി തോന്നിയേക്കാം; മനുഷ്യർക്ക് തിൻമയായത് വിപണിക്ക് നൻമയുമായിത്തീരാം. വിപണിയുടെ നിയമങ്ങൾക്ക് മാനവികതയുണ്ടാവണമെങ്കിൽ അത് മനുഷ്യർക്ക് പൊതുവായി നൻമ പ്രദാനം ചെയ്യുന്നതാവണം. അങ്ങനെയാവുമ്പോൾ വിപണിക്ക് ദോഷകരമാവുമെന്ന് ഒറ്റനോട്ടത്തിൽ തോന്നിയാൽ പോലും ആത്യന്തികമായി അത് വിപണിക്കും ഗുണകരമായിരിക്കും.

മദ്യത്തിന്റെ കാര്യം മാത്രമെടുക്കുക. അമേരിക്കൻ ഭരണഘടനയുടെ പതിനെട്ടാമത് ഭേദഗതി പ്രകാരം 1920 ജനുവരി16 മുതൽ മദ്യം നിരോധിക്കപ്പെട്ടിരുന്നു. നീണ്ട 23 വർഷക്കാലം നീണ്ടു നിന്ന മദ്യനിരോധനം പിൻവലിക്കപ്പെട്ടത് 1933 ഡിസംബർ 5ന് റൂസ്‌വെൽറ്റ് ഗവൺമെന്റ് പാസാക്കിയ ഇരുപത്തിയൊന്നാം ഭേദഗതിയോടുകൂടിയായിരുന്നു. നിയോലിബറൽ ചിന്തകൾ സർക്കാരിനെ സ്വാധീനിക്കാൻ തുടങ്ങിയ കാലമായിരുന്നു അത്. ഇന്ന് അമേരിക്കയിലെ മൂന്നിലൊന്നു പേർ മദ്യത്തിന് അടിമകളും മൂന്നിലൊന്നു പേർ അൽപമെല്ലാം മദ്യപിക്കുന്നവരും ബാക്കി മൂന്നിലൊന്നുപേർ എപ്പോഴെങ്കിലും മദ്യപിക്കുന്നവരോ മദ്യപിക്കാത്തവരോ ആണെന്നുമാണ്' കമ്മീഷൻ ഓൺ ബിഹേവിയറൽ ആന്റ് സോഷ്യൽ സയൻസ് ആന്റ് എഡ്യൂക്കേഷ'ന്റെ (CBASSE)[11] കണക്ക്. ആകെ ചെലവാകുന്ന മദ്യത്തിന്റെ 95 ശതമാനവും അകത്താക്കുന്നത് ആദ്യത്തെ വിഭാഗമാണ്. ശരാശരി മുപ്പതിനായിരം ആളുകളാണ് ഓരോ വർഷവും സിറോസിസ് ബാധിച്ച് മരിക്കുന്നത്. ഇത് മിക്കവാറും മദ്യം കൊണ്ടുണ്ടാവുന്നതാണ്. 1994ലെ 'നാഷണൽ ഹൈവേ ട്രാഫിൽ അഡ്മിനിസ്ട്രേഷ'ന്റെ കണക്കുകൾ പ്രകാരം വാഹനാപകടങ്ങളിൽ നിന്നു മാത്രം 44000 പേരുടെ മരണവും മുപ്പത് ലക്ഷം പേർക്ക് മാരകമായ പരിക്കുകളുമുണ്ടായിട്ടുണ്ട്. അപകടങ്ങളുടെ മൂലകാരണമായി ചൂണ്ടിക്കാണിക്കപ്പെടുന്നത് മദ്യപിച്ചുള്ള വാഹനമോടിക്കലാണ്. മദ്യം മൂലമുണ്ടാകുന്ന മറ്റ് അപകടങ്ങളിൽ ഇരുപതിനായിരം പേരും അമിത മദ്യോപയോഗം മൂലം പതിനായിരം ആളുകളും ഓരോ വർഷവും മരണപ്പെടുന്നുണ്ട്. മദ്യം മൂലമുണ്ടാവുന്ന കൊലപാതകങ്ങളുടെ എണ്ണം പതിനായിരമാണെന്നാണ് കണക്ക്. മദ്യപാനികളായ മാതാക്കൾക്ക് ഓരോവർഷവും ആയിരം കുഞ്ഞുങ്ങളെങ്കിലും മന്ദബുദ്ധികളായി ജനിക്കുന്നുണ്ടത്രേ! 1983ലെ കണക്കുകൾ പ്രകാരം ശരാശരി ഒരു വർഷം മരണപ്പെടുന്ന 20 ലക്ഷം പേരിൽ ഒന്നരലക്ഷത്തിന്റെയും കാരണം മദ്യപാനമാണ്. 13 മരണങ്ങളിൽ ഒന്ന് മദ്യം വഴിയെന്നർത്ഥം. മദ്യപാനവുമായി ബന്ധപ്പെട്ട ചികിൽസാ ചെലവുകൾ മാത്രം രണ്ടായിരം കോടി ഡോളറാണെന്നാണ് രണ്ടരപതിറ്റാണ്ടുകൾക്കു മുമ്പത്തെ കണക്ക്. 1983ൽ അമേരിക്കക്കാർ കുടിച്ചത് ആകെ ആറായിരം കോടി ഡോളറിന്റെ മദ്യമാണ്. അതിൽ മൂന്നിലൊന്ന് അതുമായി ബന്ധപ്പെട്ട ചികിൽസാ ചെലവുകൾക്ക്, മൂന്നിലൊന്ന് മാർക്കറ്റിംഗിനും മറ്റു

**എങ്ങനെയും പണമുണ്ടാക്കുകയെന്ന സംസ്കാരത്തിൽ ലൈംഗികസുഖം കച്ചവടചരക്കാകുമ്പോൾ സുഖം പണം കൊടുത്ത് വാങ്ങുവാൻ മനഃശാസ്ത്രപരമായി അസാധ്യമായ സ്ത്രീ അവമതിക്കപ്പെടുകയും അപമാനിക്കപ്പെടുകയും ചെയ്യുകയാണെന്ന വസ്തുത ലോകത്തെവിടെയുമുള്ള സ്ത്രീപ്രശ്നങ്ങളെ വിറ്റ് പണമുണ്ടാക്കുന്ന മീഡിയ മറച്ചുവെക്കുന്നു.**

ചെലവുകൾക്കും; മൂന്നിലൊന്നു കൊണ്ട് ഉൽപാദനം നടക്കുമോ? ഇല്ലെങ്കിൽ മദ്യക്കച്ചവടം നഷ്ടം തന്നെയാണ്, നിയോലിബറലിസ്റ്റുകളുടെ അളവുകോലുകൾ ഉപയോഗിച്ചുകൊണ്ടുള്ള കണക്കിൽ പോലും. എന്നാൽ മദ്യമാർക്കറ്റ് മാത്രം പരിഗണിക്കുമ്പോൾ അത് വമ്പിച്ച ലാഭം നേടിക്കൊടുക്കുന്ന കച്ചവടമാണ് താനും. ഇവിടെ വിപണിക്കു പുറത്തെ മാനവികമായ നിയമത്തിനുമാത്രമേ വിപണിയെപ്പോലും സന്തുലനത്തോടെ നിലനിർത്തുവാൻ കഴിയൂവെന്ന വസ്തുത നമുക്ക് ബോധ്യപ്പെടുന്നു.

സ്രഷ്ടാവായ തമ്പുരാനാണ് ഉൽപാദനത്തിന്റെയും ഉപഭോഗത്തിന്റെയും ആത്യന്തികനിയമങ്ങൾ പഠിപ്പിക്കേണ്ടതെന്ന ഇസ്‌ലാമിക ദർശനത്തിന്റെ കാഴ്ചപ്പാട് പ്രസക്തമാകുന്നത് ഇവിടെയാണ്. പ്രകൃതി വിഭവങ്ങളെല്ലാം അല്ലാഹു സൃഷ്ടിച്ചതാണെന്നും അവയുപയോഗിച്ച് ഉൽപാദനം നടത്താൻ ഓരോ മനുഷ്യർക്കും അവകാശമുണ്ടെന്നുമാണ് ഖുർആൻ പഠിപ്പിക്കുന്നത്.

“അവനാണ് ആകാശത്ത് നിന്ന് വെള്ളം ചൊരിഞ്ഞു തന്നവൻ. എന്നിട്ട് അത് മുഖേന നാം എല്ലാ വസ്തുക്കളുടെയും മുളകൾ പുറത്ത് കൊണ്ടുവരികയും, അനന്തരം അതിൽ നിന്ന് പച്ചപിടിച്ച ചെടികൾ വളർത്തിക്കൊണ്ട് വരികയും ചെയ്തു. ആ ചെടികളിൽ നിന്ന് നാം തിങ്ങിനിറഞ്ഞ ധാന്യം പുറത്ത് വരുത്തുന്നു. ഈന്തപ്പനയിൽ നിന്ന് അഥവാ അതിന്റെ കൂമ്പോളയിൽ നിന്ന് തൂങ്ങി നിൽക്കുന്ന കുലകൾ പുറത്ത് വരുന്നു. (അപ്രകാരം തന്നെ) മുന്തിരിത്തോട്ടങ്ങളും, പരസ്പരം തുല്യത തോന്നുന്നതും, എന്നാൽ ഒരുപോലെയല്ലാത്തതുമായ ഒലീവും മാതളവും (നാം ഉൽപാദിപ്പിച്ചു.) അവയുടെ കായ്കൾ കായ്ച്ച് വരുന്നതും മൂപ്പെത്തുന്നതും നിങ്ങൾ നോക്കൂ. വിശ്വസിക്കുന്ന ജനങ്ങൾക്ക് അതിലെല്ലാം ദൃഷ്ടാന്തങ്ങളുണ്ട്.”(6:99)

കച്ചവടം അല്ലാഹു അനുവദിച്ചു; പലിശ നിരോധിക്കുകയും ചെയ്തു. “പലിശ തിന്നുന്നവർ പിശാച് ബാധ നിമിത്തം മറിഞ്ഞുവീഴുന്നവൻ എഴുന്നേൽക്കുന്നത് പോലെയല്ലാതെ എഴുന്നേൽക്കുകയില്ല. കച്ചവടവും പലിശ പോലെത്തന്നെയാണ് എന്ന് അവർ പറഞ്ഞതിന്റെ ഫലമത്രെ അത്. എന്നാൽ കച്ചവടം അല്ലാഹു അനുവദിക്കുകയും പലിശ നിഷിദ്ധമാക്കുകയുമാണ് ചെയ്തിട്ടുള്ളത്.”(2:275.)

ഉപഭോക്താവിനും വിതരണക്കാരനും തൃപ്തമായ രീതിയിലുള്ള ഇടപാടുകൾ മാത്രമേ അല്ലാഹു അംഗീകരിച്ചിട്ടുള്ളൂ.

“സത്യവിശ്വാസികളേ, നിങ്ങൾ പരസ്പരം സംതൃപ്തിയോടു കൂടി നടത്തുന്ന കച്ചവട ഇടപാടു മുഖേനയല്ലാതെ നിങ്ങളുടെ സ്വത്തുക്കൾ അന്യായമായി നിങ്ങൾ അന്യോന്യം എടുത്ത് തിന്നരുത്. ”(4:29)

മദ്യവും ലോട്ടറിയും വ്യഭിചാരവും അന്ധവിശ്വാസങ്ങളുടെ വിപണനവുമൊന്നും കച്ചവടമല്ല; അവ പൈശാചികമായ ദുർവൃത്തികൾ മാത്രമാണ്. അതുകൊണ്ടു തന്നെ അവയൊന്നും അല്ലാഹു അനുവദിച്ചിട്ടില്ല. “സത്യവിശ്വാസികളേ, മദ്യവും ചൂതാട്ടവും പ്രതിഷ്ഠകളും പ്രശ്നം വെച്ച് നോക്കാനുള്ള അമ്പുകളും പൈശാചികമായ മ്ലേച്ഛവൃത്തി മാത്രമാകുന്നു. അതിനാൽ നിങ്ങൾ അതൊക്കെ വർജ്ജിക്കുക. നിങ്ങൾക്ക് വിജയം പ്രാപിക്കാം”(5:90)

“നിങ്ങൾ വ്യഭിചാരത്തെ സമീപിച്ച് പോകരുത്. തീർച്ചയായും അത് ഒരു നീചവൃത്തിയും ദുഷിച്ചമാർഗവുമാകുന്നു.” (17:32)

മക്കാ വിജയ വേളയിൽ നബി ﷺ പ്രഖ്യാപിച്ചു: മദ്യം, ശവം, പന്നി, വിഗ്രഹങ്ങൾ എന്നിവ വിൽക്കുന്നത് അല്ലാഹുവും അവന്റെ ദൂതനും നിഷിദ്ധമാക്കിയിരിക്കുന്നു. (ബുഖാരി. മുസ്‌ലിം)

‘അല്ലാഹു ഒരു വസ്തു നിരോധിക്കുമ്പോൾ അതിന്റെ (ക്രയവിക്രയത്തിലൂടെ ലഭിക്കുന്ന) പണവും നിരോധിക്കുന്നു’ (അഹ്മദ്, അബൂദാവൂദ്)


അളവിലും തൂക്കത്തിലും കൃത്രിമത്വം കാണിക്കുന്ന കച്ചവടങ്ങളെല്ലാം അനനുവദനീയവും അത് ചെയ്യുന്നവർ പാപികളും മരണാനന്തരജീവിതത്തിൽ കഠിനമായി ശിക്ഷിക്കപ്പെടുന്നവരുമാണെന്ന് ഖുർആൻ മുന്നറിയിപ്പു നൽകുന്നു. “അളവിൽ കുറക്കുന്നവർക്ക് മഹാനാശം അതായത് ജനങ്ങളോട് അളന്നുവാങ്ങുകയാണെങ്കിൽ തികച്ചെടുക്കുകയും. ജനങ്ങൾക്ക് അളന്നുകൊടുക്കുകയോ തൂക്കികൊടുക്കുകയോ ആണെങ്കിൽ നഷ്ടം വരുത്തുകയും ചെയ്യുന്നവർക്ക്. അക്കൂട്ടർ വിചാരിക്കുന്നില്ലേ; തങ്ങൾ എഴുന്നേൽപ്പിക്കപ്പെടുന്നവരാണെന്ന്? ഭയങ്കരമായ ഒരു ദിവസത്തിനായിട്ട്” (83:1–5)

പൂഴ്ത്തിവെപ്പും അതുവഴിയുണ്ടാക്കുന്ന സമ്പാദ്യവും നിഷിദ്ധമാണെന്നാണ് പ്രവാചകൻ ﷺ പഠിപ്പിച്ചത് “വസ്തുക്കൾ വിലവർധിക്കുന്നത് വരെ പൂഴ്ത്തിവെക്കുന്നവൻ പാപിയാണ്” (മുസ്‌ലിം)

“നാൽപതു ദിവസത്തേക്ക് വിലവർധിക്കുമെന്ന് കരുതി ധാന്യങ്ങൾ പൂഴ്ത്തി വെക്കുന്നത് അനുവദനീയമല്ല.” (അഹ്മദ്, ഹാക്കിം.)

നല്ല വസ്തുക്കളോടൊപ്പം ചീത്തവസ്തുക്കളെയും സമ്മിശ്രമാക്കി വിനിമയം ചെയ്യുവാൻ ഇസ്‌ലാം അനുവദിക്കുന്നില്ല. “നല്ലതും ചീത്തയും വേറെ വേറെ വിൽക്കുക. ചതിക്കുന്നവർ നമ്മിൽ പെട്ടവരല്ല” (മുസ്‌ലിം, അഹ്മദ്)

എല്ലാതരത്തിലുള്ള കള്ളകച്ചവടങ്ങളും ഇസ്‌ലാം നിരോധിക്കുന്നു. വിൽക്കപ്പെടുന്നചരക്കിനെക്കുറിച്ച കൃത്യവും വ്യക്തവും കളങ്കരഹിതവുമായ വിവരങ്ങൾ ഉപഭോക്താവിന് നൽകേണ്ടത് അനിവാര്യമാണെന്നാണ് മുഹമ്മദ് ﷺ പഠിപ്പിച്ചത്.



**കഴിഞ്ഞ നൂറ്റാണ്ടിനെ അപേക്ഷിച്ച് ഭൂമിയിലെ ഊഷ്മാവ് 0.75°c വർധിച്ചിട്ടുണ്ടെന്നാണ് 1659 മുതൽ ഇതുവരെയുള്ള ഭൗമോഷ്മാവ് രേഖപ്പെടുത്തിയ സെൻട്രൽ ഇംഗ്ലണ്ട് ടെംപറേച്ചർ റിക്കാർഡ് വ്യക്തമാക്കുന്നത്. ഇത് തുടർന്നാൽ മഞ്ഞുമലകൾ ഉരുകുകയും ആർട്ടിക് മേഖലകൾ ചുരുങ്ങുകയും സമുദ്രങ്ങൾ കവിയുകയും ചെയ്യുമെന്ന് പ്രകൃതിശാസ്ത്രജ്ഞൻമാർ മുന്നറിയിപ്പു നൽകുന്നു.**

വിശ്വാസികൾ സഹോദരങ്ങളാകുന്നു; വിൽപനസാധനങ്ങളിലുള്ള ന്യൂനതകൾ മറച്ചു വെച്ചുകൊണ്ട് തന്റെ സഹോദരന് ഒരിക്കലും വിൽക്കുവാൻ പാടില്ല" (ഇബ്നുമാജ)

"അബൂഹുറൈറ ﷺ നിവേദനം, ഭക്ഷണ സാധനങ്ങൾ വിൽക്കുന്ന ഒരാളുടെയടുത്തു കൂടി നബി ﷺ നടന്നു പോയി, നബി ﷺ അതിന്റെ ഉള്ളിലേക്ക് തന്റെ കൈ പ്രവേശിപ്പിച്ചു നോക്കി. അതിനുള്ളിൽ കൃത്രിമം കാണിച്ചിട്ടുണ്ടെന്ന് കണ്ടപ്പോൾ നബി ﷺ പറഞ്ഞു: വഞ്ചന (കൃത്രിമത്വം) കാണിക്കുന്നവൻ നമ്മിൽ പെട്ടവരല്ല" (അബൂദാവൂദ്, തിർമുദി)

വസ്തുവിനെയല്ലാതെ ആഗ്രഹങ്ങളെ കച്ചവടം ചെയ്യുന്നത് ഇസ്ലാം അനുവദിക്കുന്നില്ല. കച്ചവടം ചെയ്യപ്പെടുന്ന ചരക്ക് എന്താണെന്ന് ഉപഭോക്താവിനെ വ്യക്തമായി അറിയിച്ചിരിക്കണം. വ്യക്തതയില്ലാത്ത കച്ചവടങ്ങളെല്ലാം നിഷിദ്ധമാണ്.

അബൂഹുറൈറ ﷺ നിവേദനം: "ചരക്കല്ല് എറിഞ്ഞു തട്ടിച്ചാൽ തട്ടുന്നത് എടുക്കാം എന്നു പറയുന്ന കച്ചവടവും അവ്യക്തമായ കച്ചവടവും നബി ﷺ നിരോധിക്കുകയുണ്ടായി."(മുസ്ലിം)

അബൂഹുറൈറ ﷺ നിവേദനം: "തൊട്ടാൽ തൊട്ടത് എടുക്കണമെന്നു പറയുന്ന കച്ചവടവും പരസ്പരം എറിഞ്ഞ് കൊടുത്തുകൊണ്ട് വിൽക്കുന്ന കച്ചവടവും നബി ﷺ നിരോധിക്കുകയുണ്ടായി." (മുസ്ലിം)

വിൽക്കപ്പെടുന്നത് കാർഷികവിളകളാണെങ്കിൽ അതിന്റെ പൂർണ്ണതയെത്തുന്നതുവരെ കച്ചവടമുറപ്പിക്കുവാൻ പാടില്ലെന്നാണ്. മുഹമ്മദ് നബി ﷺ പഠിപ്പിച്ചത്. പച്ചയായിരിക്കുമ്പോൾ വില പറഞ്ഞ് ഉറപ്പിക്കുകയും പാകമെത്തിയതിന് ശേഷം എടുത്ത് കൊണ്ടുപോവുകയും ചെയ്യുന്ന വ്യാപാരമാണ് നബി ﷺ നിരോധിച്ചത്. ഉൽപ്പന്നം ഉപയോഗക്ഷമമാക്കുന്നതിന് മുമ്പ് അതിന് വില നിശ്ചയിക്കുകയും ക്രയവിക്രയം നടത്തുകയും ചെയ്യുമ്പോൾ വസ്തുവിന്റെ യഥാർത്ഥ വില നിശ്ചയിക്കുവാൻ കഴിയില്ല. ഇക്കാര്യം നബി ﷺ തന്നെ വ്യക്തമാക്കുന്നത് കാണുക.

"അബ്ദുല്ലാഹിബ്നു ഉമർ ﷺ നിവേദനം: ഈന്തപ്പഴം പഴുപ്പാകുന്നത് വരെയും കതിരുകൾ പാകമാകുകയും പൊഴിഞ്ഞു പോകുകയില്ലെന്ന് ഉറപ്പാകുന്നതുവരെയും വിൽക്കുവാനോ വാങ്ങുവാനോ പാടില്ലെന്ന് നബി ﷺ നിർദേശിച്ചിരിക്കുന്നു" (മുസ്ലിം)

അനസ് ﷺ നിവേദനം: "പഴവർഗങ്ങൾ അതിന്റെ ഗുണമേന്മ വ്യക്തമാക്കുന്നതിന് മുമ്പും ഈന്തപ്പഴം പഴുപ്പാകുന്നതിന് മുമ്പും വിൽക്കുന്നത് നബി ﷺ വിരോധിച്ചിരിക്കുന്നു" (മുസ്ലിം)

കമ്പനികളുടെ ഓഹരികൾ വിൽക്കുകയും വാങ്ങുകയും ചെയ്യുന്ന ഒരു കേവല സ്ഥാപനമായിരുന്നു ഓഹരി വിപണിയെങ്കിൽ അത് ഇന്നു കാണുന്ന രൂപത്തിൽ വളർന്നു വികസിക്കുമായിരുന്നില്ല. ഊഹക്കച്ചവടവും ഷെയറുകൾ വെച്ചുള്ള ചൂതാട്ടവും നടക്കുന്നതുകൊണ്ടാണ് അത് ഭാഗ്യാന്വേഷികളെ ആകർഷിക്കുകയും അതിന്റെ സെൻസെക്സിൽ കണ്ണുനട്ടിരിക്കുന്നവർക്ക് അത് ലഹരിയായി തീരുകയും ചെയ്യുന്നത്. അല്ലാഹു അനുവദിച്ച വ്യാപാര വ്യവസായങ്ങളുടെ ഓഹരികൾ അവൻ അനുവദിച്ച ക്രയവിക്രങ്ങളിലൂടെ വാങ്ങുകയോ വിൽക്കുകയോ ചെയ്യുന്നത് ഇസ്ലാം വിലക്കുന്നില്ല. എന്നാൽ അവ നേർക്കുനേരെയുള്ളതും സങ്കീർണ്ണതകളോ ചൂതാട്ടമോ ഊഹക്കച്ചവടമോ ഇല്ലാത്തതുമാകണം. ലാഭ നഷ്ട സാധ്യതയുള്ള സാമ്പത്തിക ക്രയവിക്രയങ്ങൾക്കാണ് ഇസ്ലാം അനുവാദം നൽകിയിട്ടുള്ളത്. അതല്ലാതെയുള്ള ലാഭം ഉറപ്പുതരുന്ന രീതിയിലുള്ള ഓഹരി വിപണനത്തെ അംഗീകരിക്കാനാവില്ല. വസ്തുവിനെയോ ഓഹരിയെയോ അല്ലാതെ അവയുടെ ക്രയവിക്രയങ്ങളുമായി ബന്ധപ്പെട്ട കരാറുകളെ വിൽക്കുവനോ വാങ്ങുവാനോ ഇസ്ലാമിക നിയമങ്ങളിൽ പഴുതുകളൊന്നുമില്ല. ഇസ്ലാമിക നിയമങ്ങളനുസരിച്ചുള്ള ഒരു ഓഹരി വിപണി ഉണ്ടാവുകയാണെങ്കിൽ അവിടെ ഊഹക്കച്ചവടത്തിന് ഉപയോഗിക്കപ്പെടുന്ന 'കാൾ ഓപ്ഷനുകളോ' ചൂതാട്ടത്തിന്റെ ഷെയർമാർക്കറ്റ് രൂപമായ 'ഇൻഡക്സ് ഓപ്ഷനു'കളോ ഉണ്ടാവില്ല. അവിടുത്തെ ഓഹരി ക്രയവിക്രയങ്ങൾ സുതാര്യവും സങ്കീർണ്ണതകളില്ലാത്തതുമായിരിക്കും. ഇടനിലക്കാരായി തുടങ്ങി, ഊഹക്കച്ചവടത്തിലൂടെ ഷെയർ കുമിളകൾ സൃഷ്ടിച്ച് കാളക്കൂറ്റൻമാരാകുന്നവർക്ക് അവിടെ ഇടമുണ്ടാവില്ല. ചൂഷണമുക്തവും തികച്ചും മാനവികവുമായ ഓഹരി വിപണിയായിരിക്കും അത്. അന്യായമായി ആരുടെയും സ്വത്ത് കൈവശപ്പെടുത്തരുത് എന്ന് നിഷ്കർഷിക്കുന്ന ഖുർആനിന്റെ വെളിച്ചതിലുള്ള സാമ്പത്തിക ക്രയവിക്രയങ്ങൾ നടക്കുന്ന ചൂഷണമുക്തമായ ഓഹരി വിപണി.

"അന്യായമായി നിങ്ങൾ അന്യോന്യം സ്വത്തുക്കൾ തിന്നരുത്. അറിഞ്ഞുകൊണ്ടു തന്നെ, ആളുകളുടെ സ്വത്തുക്കളിൽ നിന്ന് വല്ലതും അധാർമ്മികമായി നേടിയെടുത്തു തിന്നുവാൻ വേണ്ടി നിങ്ങളതുമായി വിധികർത്താക്കളെ സമീപിക്കുകയും ചെയ്യരുത്"(ഖുർആൻ 2:188)

അമേരിക്കയിൽ ഇന്നുവരെയുണ്ടായ സാമ്പത്തിക മാന്ദ്യങ്ങളുടെയെല്ലാം ചരിത്രത്തിൽ, പ്രതിപ്പട്ടികയിൽ ഓഹരി വിപണിയുണ്ടെന്ന കാര്യം ശ്രദ്ധേയമാണ്. ഊഹക്കച്ചവടത്തിലും ചൂതാട്ടത്തിലും അധിഷ്ഠിതമായ ഓഹരി വിപണി സാമ്പത്തിക വ്യവസ്ഥതയെ നിയന്ത്രിക്കുകയും വിപണിയുടെ നിയമങ്ങൾ സാമൂഹ്യബന്ധങ്ങളെയും ധാർമ്മികതയെയും നിർണ്ണയിക്കുകയും ചെയ്യുന്ന സമൂഹങ്ങളിൽ പ്രതിസന്ധികൾ സ്വാഭാവികമാണ്. പൈശാചിക നിയമങ്ങളാൽ സ്ഥാപിക്കപ്പെട്ട സ്ഥാപനങ്ങൾക്കെങ്ങിനെയാണ് സ്ഥായിയായ സാമൂഹ്യ വ്യവസ്ഥകൾ നിർമ്മിക്കുവാനും സംതൃപ്തമായ സഹവർത്തിത്തം സാധിതമാക്കുവാനും കഴിയുക? പിശാചിന്റെ പ്രലോഭനങ്ങളിൽ നിന്ന് മുക്തമായ ദൈവിക മാർഗ്ഗദർശനം സ്വീകരിക്കുകയാണ് ഇത്തരം പ്രതിസന്ധികളിൽ നിന്ന് മോചിതമാകുവാനുള്ള യഥാർത്ഥ മാർഗ്ഗം.

**6. എന്താണ് സമ്പത്ത്?**

"ഭാര്യമാർ, പുത്രൻമാർ, കൂമ്പാരമായി ക്കൂട്ടിയ സ്വർണം, വെള്ളി, മേത്തരം കുതിരകൾ, നാൽകാലി വർഗങ്ങൾ, കൃഷിയിടം എന്നിങ്ങനെ ഇഷ്ടപെട്ട വസ്തുക്കളോടുള്ള പ്രേമം മനുഷ്യർക്ക് അലങ്കാരമായി തോന്നിക്കപ്പെട്ടിരിക്കുന്നു. അതൊക്കെ ഇഹലോകജീവിതത്തിലെ വിഭവങ്ങളാകുന്നു. അല്ലാഹുവിന്റെ അടുക്കലാകുന്നു


**പലിശ വാങ്ങുന്നവരെ പാഷണ്ഡരും മതവിരുദ്ധരുമായി കരുതിയിരുന്ന ആദ്യകാല ക്രിസ്തുമതം മറ്റു കാര്യങ്ങളിലെന്ന പോലെത്തന്നെ ഇക്കാര്യത്തിലും അയവു വരുത്താൻ തുടങ്ങിയത് 1545 ലെ ഹെൻട്രി എട്ടാമന്റെ കൽപനയോടെയാണ്.**

(മനുഷ്യർക്ക്) ചെന്നുചേരാനുള്ള ഉത്തമ സങ്കേതം"(ഖുർആൻ 3:14)

"അത് (ധനം) നിങ്ങളിൽ നിന്നുള്ള ധനികൻമാർക്കിടയിൽ മാത്രം കൈമാറ്റം ചെയ്യപ്പെടുന്ന ഒന്നാവാതിരിക്കാൻ വേണ്ടിയാണത്." (ഖുർആൻ 59 :7)

മുഹമ്മദ് നബി ﷺ പറയുന്നു: "സ്വർണ്ണത്തിനു പകരം സ്വർണ്ണം, വെള്ളിക്കു പകരം വെള്ളി, ബാർലിക്കു പകരം ബാർലി, ഗോതമ്പിനു പകരം ഗോതമ്പ്, കാരക്ക് പകരം കാരക്ക, ഉപ്പിന് പകരം ഉപ്പ്, ഇവ റൊക്കമായും തുല്യമായും കൈയ്യോടെ നൽകേണ്ടതാണ്. ഇതിലേതെങ്കിലുമൊന്നിന്റെ ഇനം മാറിയാൽ റൊക്കമായിട്ടാണെങ്കിൽ നിങ്ങളുദ്ദേശിക്കുന്നതുപോലെ വിറ്റു കൊള്ളുക" (മുസ്‌ലിം).

ഇണകളെയും മക്കളെയും വാഹനങ്ങളെയും നാൽക്കാലികളെയും കൃഷിയിടത്തെയും പോലെ മനുഷ്യരുടെ സ്വത്തും സമ്പാദ്യവുമായി ആദിമ കാലം മുതലേ പരിഗണിക്കപ്പെട്ടു പോന്ന വസ്തുക്കളാണ് സ്വർണ്ണവും വെള്ളിയും. സാധനങ്ങൾ പരസ്പരം കൈമാറുന്ന ബാർട്ടർ സംവിധാനത്തിനുശേഷം ഏറെക്കാലം നിലനിന്ന വ്യവസ്ഥ, വസ്തുക്കളുടെ സ്വർണ്ണ വിലയും വെള്ളി വിലയും കണക്കാക്കി അവക്ക് ചരക്കുകൾ വാങ്ങുകയെന്ന രീതിയായിരുന്നു. പിന്നീട് നാണയങ്ങളുടെ കൈമാറ്റവ്യവസ്ഥ നിലവിൽ വന്നപ്പോഴും അവയിൽ പ്രധാനമായി ഉപയോഗിക്കപ്പെട്ടത് സ്വർണ്ണവും വെള്ളിയും തന്നെയായിരുന്നു. സ്വർണ്ണത്തിന്റെയും വെള്ളിയുടെയും നാണയങ്ങൾ സൂക്ഷിച്ചിരുന്ന ബാങ്കുകൾ കൊടുത്ത രശീതിയാണ് മെല്ലെ പ്രാതിനിധ്യ സ്വഭാവമുള്ള കറൻസിയായി തീർന്നത്. അങ്ങനെ ആയി തീർന്നപ്പോഴും കറൻസികളിൽമേൽ വെള്ളിയുടെയോ സ്വർണ്ണത്തിന്റെയോ പ്രാതിനിധ്യം പ്രത്യേകം എഴുതിച്ചേർത്തിരുന്നു. ഉദാഹരണത്തിന് അഞ്ചു ഡോളറിന്റെ നോട്ടിൽമേൽ Five Silver Dollars എന്നുണ്ടായിരുന്നു. ഈ നോട്ടിന് പകരമായി പറഞ്ഞ വെള്ളി ലഭിക്കുമെന്നാണ് ഇതിനർത്ഥം ചില സ്ഥലങ്ങളിൽ വെള്ളിയുടെയും മറ്റു ചില സ്ഥലങ്ങളിൽ സ്വർണ്ണത്തിന്റെയും പ്രാതിനിധ്യമായിരുന്നു നോട്ടുകൾക്ക് ഉണ്ടായിരുന്നത്. മെല്ലെ എല്ലാ രാജ്യങ്ങളും സ്വർണ്ണത്തിന്റെ പ്രാതിനിത്യത്തിലേക്ക് അവയുടെ കറൻസിയെ കൊണ്ടുവന്നു. 1944ലെ ബ്രെട്ടൻ വുഡ് കരാർ പ്രകാരം എല്ലാ രാഷ്ട്രങ്ങളും സ്വർണ്ണ പ്രാതിനിധ്യം അംഗീകരിക്കുകയും കറൻസികളുടെ വിനിമയത്തിന് രാജ്യാന്തര നിയമങ്ങൾ പാലിക്കപ്പെടുന്നുവെന്ന് ഉറപ്പുവരുത്താൻ ഇന്റർനാഷണൽ മോണിറ്ററി ഫണ്ട് രൂപീകരിക്കുകയും ചെയ്തു. എന്നാൽ 1971ൽ നിക്സൺ ഗവൺമെന്റ് അമേരിക്കൻ ഡോളറിന്റെ സ്വർണ്ണ പ്രാതിനിധ്യം എടുത്തുകളഞ്ഞു; അവയെ സ്വതന്ത്രമായ അസ്തിത്വമുള്ളതും ഗവൺമെന്റിന്റെ ഉറപ്പുള്ളതുമായ ഫിയറ്റ് മണിയായി പ്രഖ്യാപിച്ചു. മെല്ലെ എല്ലാ രാഷ്ട്രങ്ങളും ഈ പാത പിന്തുടരുകയും സ്വർണ്ണത്തിന്റെയും വെള്ളിയുടെയും പിൻബലത്തിലുള്ള കറൻസി വ്യവസ്ഥക്ക് പകരം ഡോളറിന്റെ പിൻബലത്തിലുള്ള വ്യവസ്ഥ നിലവിൽ വരികയും ചെയ്തു. അതു മുതൽക്കാണ് സ്വർണ്ണവും വെള്ളിയും വസ്തുവിനിമയ രംഗത്തു നിന്ന് പൂർണ്ണമായ നിഷ്കാസനം ചെയ്യപ്പെടുകയും ഡോളറിന്റെ ആധിപത്യത്തിലുള്ള



ലോക സാമ്പത്തിക ക്രമം രൂപപ്പെടുകയും ചെയ്തത്.

യഥാർത്ഥത്തിൽ; സ്വർണ്ണത്തിനും വെള്ളിക്കും പകരമായി പ്രതിനിധി നോട്ടുകൾ ഉപയോഗിക്കാൻ തുടങ്ങിയതു മുതൽ തന്നെ ഈ രംഗം വഞ്ചനയിലും കാപട്യത്തിലും അധിഷ്ഠിതമായിക്കഴിഞ്ഞിരുന്നു. ഇല്ലാത്ത സ്വർണ്ണത്തിന്റെയും വെള്ളിയുടെയും പേരിലായിരുന്നു നോട്ടടിച്ചിരുന്നത്. അത് ബാങ്കുകൾക്ക് എളുപ്പമായിരുന്നു. അവരുടെ കൈയ്യിൽ എത്രത്തോളം സ്വർണ്ണവും വെള്ളിയുമുണ്ടെന്ന് ആർക്കും അറിയാത്തതുകൊണ്ടുതന്നെ ജനങ്ങളെ കബളിപ്പിച്ചുകൊണ്ട് നോട്ടുകൾ അടിക്കാൻ അവർക്ക് സാധിച്ചു. പലിശയിൽ അധിഷ്ഠിതമായ ബാങ്കിംഗ് വ്യവസ്ഥയിൽ അങ്ങനെ അടിക്കാതിരിക്കുവാൻ കഴിയുമായിരുന്നില്ല എന്നു പറയുന്നതാവും ശരി. സരളമായ ഒരു ഉദാഹരണത്തിലൂടെ ഇത് വ്യക്തമാക്കാം. നൂറ് സ്വർണ്ണ നാണയങ്ങൾ മാത്രം ചംക്രമണത്തിലുള്ള ഒരു നാട്. അവിടെ ആദ്യത്തെ ബാങ്ക് തുറക്കുന്നു. ബാങ്ക് 20 സ്വർണ്ണ നാണയങ്ങൾ നിക്ഷേപമായി സ്വീകരിക്കുകയും ഒരു നാണയത്തിന് ഒന്ന് എന്ന രീതിയിൽ പ്രാതിനിധ്യസ്വഭാവമുള്ള രശീതുകൾ നൽകുകയും ചെയ്യുന്നു. നാളുകൾ കഴിഞ്ഞപ്പോൾ ആളുകൾ ബാങ്കിന്റെ രശീതുകൾ സ്വർണ്ണ നാണയങ്ങൾക്ക് പകരമായി ഉപയോഗിക്കുവാനും അവയെ വിശ്വസിച്ച് അവയുടെ അടിസ്ഥാനത്തിൽ ക്രയവിക്രയങ്ങൾ നടത്തുവാനും തുടങ്ങുന്നു. ഈ അവസരം മുതലെടുത്തുകൊണ്ട് ബാങ്ക് കൂടുതൽ രശീതുകൾ അടിച്ച് കടം കൊടുക്കുവാൻ തുടങ്ങുന്നു. ആവശ്യക്കാർക്ക് കടം നൽകാനായി ബാങ്ക് 200 രശീതുകൾ അച്ചടിച്ചുവെന്നും അത് 30% വാർഷിക പലിശക്ക് കടമായി നൽകുകയും ചെയ്തുവെന്നും കരുതുക. രണ്ടുവർഷം കഴിഞ്ഞാൽ ആകെ തിരിച്ചടക്കേണ്ട തുക 338 ആയിരിക്കും. ആ നാട്ടിൽ ആകെയുള്ള പണം 320 മാത്രമാണ്. സ്വർണ്ണ നാണയങ്ങൾ 100+ ആദ്യം അടിച്ച രശീത് 20+പിന്നീട് അടിച്ച രശീത് 200=320. എന്നാൽ കടം തിരിച്ചടക്കണമെങ്കിൽ 338 വേണം. ബാക്കി 18 എവിടെ നിന്ന് ലഭിക്കും? ഒന്നുകിൽ കൂടുതൽ സ്വർണ്ണ നാണയങ്ങൾ പുറത്തു നിന്ന് ലഭിക്കണം. അല്ലെങ്കിൽ അത്രയും എണ്ണം

രശീതുകൾ കൂടി അച്ചടിക്കണം. രണ്ടാമത് പറഞ്ഞതാണ് എളുപ്പം നടക്കുക. പ്രതിനിധി നോട്ടുകൾ പ്രചാരത്തിലായതു മുതൽ ബാങ്കുകൾ വ്യാജ രശീതുകളും യാതൊരു അടിത്തറയുമില്ലാതെ കറൻസികളും അടിച്ചുകൊണ്ടിരിക്കുന്നു. ഇന്നും തുടർന്നു കൊണ്ടിരിക്കുന്നത് അതാണ്.

ബാങ്കുകളിൽ നിന്ന് തുടങ്ങിയ ഈ വഞ്ചന പിന്നീട് സർക്കാർ ഏറ്റെടുത്തു. സർക്കാർ ഖജനാവിലുള്ള സ്വർണ്ണത്തിനും വെള്ളിക്കും പകരമായിട്ടാണ് പ്രതിനിധി നോട്ടുകൾ വിപണിയിലെത്തുന്നതെന്ന ധാരണയുണ്ടാക്കികൊണ്ടാണ് സർക്കാരുകൾ കറൻസി നോട്ടുകൾ അച്ചടിച്ചത്. എങ്കിലും ആ നോട്ടുകൾക്ക് പകരമായി വിലയുള്ള എന്തെങ്കിലും ഉണ്ടെന്നുള്ള ധാരണയെങ്കിലും നിലനിന്നിരുന്നു. 1971 ഓടു കൂടി ഈ അവസ്ഥയും ഇല്ലാതായി. ഫിയറ്റ് കറൻസിയുടെ വരവോടെ സർക്കാരുകൾക്ക് എത്ര കറൻസികളും അച്ചടിക്കാമെന്ന നിലവന്നു. ലോകം മുഴുവൻ ഡോളറിന്റെ അധീശത്വം അംഗീകരിക്കുകയും മൂന്നാം ലോകരാഷ്ട്രങ്ങൾക്ക് കടം കൊടുക്കുന്ന ലോക ബാങ്കിനെയും ഐ.എം.എഫിനെയും പോലെയുള്ള ഏജൻസികൾ ഡോളറിൽ മാത്രം കടം നൽകുകയും ചെയ്തതോടെ അമേരിക്കക്ക് എത്ര ഡോളറുകളും അച്ചടിക്കാമെന്നും മറ്റു സ്ഥലങ്ങളിൽ മൊത്ത ആഭ്യന്തര ഉൽപ്പന്ന (GDP)ത്തിന്റെ തോതനുസരിച്ചേ അവരുടെ കറൻസി അടിക്കാൻ കഴിയുമെന്നുമുള്ള അവസ്ഥ സംജാതമായി. അമേരിക്ക പണം അടിച്ചു കടം കൊടുത്തുകൊണ്ടിരുന്നു. ലോകം അവർക്ക് കടപ്പെട്ടുകൊണ്ടിരുന്നു. അമേരിക്കൻ ആധിപത്യത്തിലുള്ള നവലോകവിക്രയമുണ്ടായത് അങ്ങനെയാണ്.

ലോക ബാങ്കിൽ നിന്നോ ഐ.എം.എഫിൽ നിന്നോ കടമെടുക്കുന്നവർക്കും കൊടുക്കുന്നവർക്കും അത് ഒരിക്കലും പൂർണ്ണമായും തിരിച്ചടക്കാൻ കഴിയില്ലെന്ന് അറിയാവുന്നതാണ്. എന്നാൽ ഡോളറിന്റെ അധീശത്വം നിലനിൽക്കുകയും സാമ്പത്തിക വ്യവസ്ഥ പൂർണ്ണമായും പലിശയിൽ അധിഷ്ടിതമാവുകയും ചെയ്തതോടെ മൂന്നാം ലോക രാഷ്ട്രങ്ങൾക്ക് മറ്റു മാർഗ്ഗങ്ങളൊന്നുമില്ലാതെയായി. വികസ്വര രാഷ്ട്രങ്ങളുടെ കടം വർധിച്ചുകൊണ്ടേയിരിക്കുന്നു. ഒരോ പത്തുവർഷം കഴിയുമ്പോഴും ഇത് ഇരട്ടിയിലധികമാവുന്നു. 1980ൽ വികസ്വര രാഷ്ട്രങ്ങളുടെ കടം 5254 കോടി ഡോളറായിരുന്നുവെങ്കിൽ 1990ൽ ഇത് 125980 കോടി ഡോളറായും രണ്ടായിരത്തിൽ 214060 കോടി ഡോളറായും ഉയർന്നുവെന്നാണ് ഐ.എം.എഫിന്റെ കണക്കുകൾ പറയുന്നത്[12]. പലിശയിനത്തിലും മൂലസംഖ്യയിലേക്കുമായി വികസ്വര രാഷ്ട്രങ്ങൾ അടക്കേണ്ട തുക 1990ൽ 7340 കോടി ഡോളറും 1996ൽ 14060 കോടി ഡോളറും 2000 ത്തിൽ 33780 കോടി ഡോളറുമായിരുന്നുവത്രെ! ഇങ്ങനെ തിരിച്ചടക്കേണ്ട തുകയുണ്ടായിരുന്നുവെങ്കിൽ ആഫ്രിക്കയിൽ മാത്രം 2.1 കോടി കുട്ടികളെ മരണത്തിൽ നിന്ന് രക്ഷിക്കുവാനും ഒൻപത് കോടി പെൺകുട്ടികൾക്ക് അടിസ്ഥാന വിദ്യാഭ്യാസം നൽകുവാനും കഴിയുമായിരുന്നുവെന്ന് ഐക്യരാഷ്ട്ര സംഘടന വിലപിക്കുകയും ചെയ്യുന്നു.[13] ഒരോ ദിവസവും വികസ്വര രാജ്യങ്ങളിൽ നിന്ന് 70 കോടി ഡോളർ വികസിത വികസിതരാജ്യങ്ങളിലെത്തുന്നുവെന്നാണ് കണക്ക്.

മൂന്നാം രാജ്യങ്ങളിലെ ദുരിതങ്ങൾക്ക് വികസിത രാഷ്ട്രങ്ങൾ സഹായങ്ങൾ നൽകാറുണ്ടല്ലോ എന്ന് പറയാറുണ്ട്. തങ്ങൾക്ക് അടിമപ്പെടുന്നതിനായി പ്രസ്തുതരാജ്യങ്ങളിലെ ജനങ്ങൾ ജീവിച്ചിരിക്കുവാൻ വേണ്ടി മാത്രമുള്ളതാണ് ആ സഹായങ്ങൾ എന്നതാണ് വസ്തുത. 114.4 കോടി ഡോളർ കടത്തിലേക്ക് അടക്കേണ്ട അംഗോളക്ക് 1999ൽ ലഭിച്ച വിദേശസഹായം 19 കോടി ഡോളറായിരുന്നു! തങ്ങൾ അന്യായമായി പിടിച്ചു പറിച്ചതിന്റെ ചെറിയൊരു ഭാഗം തിരിച്ചു കൊടുത്തു അത് ജീവകാരുണ്യമാണെന്ന് വരുത്തി തീർത്ത് ഞെളിയുകയാണ് ഒന്നാം ലോകരാഷ്ട്രങ്ങളെന്ന വസ്തുത വ്യക്തമാക്കുന്നതാണ് ഈ കണക്ക്. ബാക്കി സഹായങ്ങളുടെ പട്ടിക കൂടി പരിശോധിച്ചാൽ എത്രത്തോളം പരിഹാസ്യമാണ് ഈ സഹായങ്ങളെന്ന് ബോദ്ധ്യമാവും. 54.9 കോടി ഡോളർ കടത്തിലേക്ക് അടച്ച കാമറൂണിന് 19 കോടിയും 71.6 കോടി ഡോളർ അടച്ച കെനിയക്ക് 19.5 കോടിയും 141 കോടി ഡോളർ അടച്ച വിയറ്റ്നാമിന് 25.7 കോടിയും വിദേശ സഹായമായി നൽകുകയുണ്ടായത്രെ!.[14]

ദരിദ്രരാഷ്ട്രങ്ങളെ കടക്കെണിയിൽ പ്പെടുത്തി പ്രയാസപ്പെടുത്തുന്നതു കൊണ്ടുണ്ടാവുന്ന സാമൂഹ്യ വിപത്തുകൾ കൂടി അറിയുമ്പോൾ നാം അമ്പരന്നുപോകും. 1995 ൽ ഒന്നാം ലോകരാജ്യങ്ങളിലെ ശിശുമരണ നിരക്ക് 1000 ത്തിന് 16 ആണ്. തെക്കൻ ഏഷ്യയിൽ 109ഉം തെക്കെ ആഫ്രിക്കയിൽ 169ഉമാണ് ഇത്. എന്തു കൊണ്ടാണിതെന്ന ചോദ്യത്തിന് മുമ്പ് ആഫ്രിക്കൻ രാജ്യങ്ങളുടെ കടത്തിന്റെ വലുപ്പം കൂടി കേൾക്കുക. ആരോഗ്യരംഗത്ത് ചിലവഴിക്കുന്നതിന്റെ ആറിരട്ടിയാണ് ടാൻസാനിയ ഒരോ വർഷവും കടത്തിലേക്കായി അടച്ചുകൊണ്ടിരിക്കുന്നത്. ഉഗാണ്ടയിലാകട്ടെ ഒരോ പൗരന്റെയും ആരോഗ്യ സുരക്ഷക്കായി രണ്ടു ഡോളർ ചിലവഴിക്കുമ്പോൾ ഒരോരുത്തരും കടത്തിലേക്ക് തിരിച്ചടക്കേണ്ടത് ഒന്നര ഡോളറാണ്. 2000ത്തിൽ 640 കോടി ഡോളർ കടമുള്ള ടാൻസാനിയയുടെ കാര്യം മാത്രം എടുക്കുക. ആ വർഷം 16.2 കോടി ഡോളറാണ് അവർ കടത്തിലേക്കായി തിരിച്ചടച്ചത്. എന്നാൽ അവർ വിദ്യാഭ്യാസത്തിനു വേണ്ടി ചിലവഴിച്ചതാകട്ടെ 15.4 കോടി ഡോളറും! ആരോഗ്യ രംഗത്തെ ടാൻസാനിയയുടെ ആ വർഷത്തെ ചിലവ് 8.7 കോടി ഡോളറായിരുന്നു. അവിടെ ജനിക്കുന്ന 12 കുട്ടികളിൽ ഒരാൾ വീതം ഒരു വയസ്സിനു മുമ്പ് മരണപ്പെടുന്നു. 40% കുട്ടികൾ പോഷകാഹാര കുറവുമൂലം കഷ്ടപ്പെടുന്നു. പകുതി ജനങ്ങൾക്കും ശുദ്ധജലം ലഭ്യമല്ല. 70% ടാൻസാനിയക്കാരുടെയും ഒരു ദിവസത്തെ വരുമാനം ഒരു ഡോളറിനും താഴെയാണ്. കടബാദ്ധ്യത സൃഷ്ടിക്കുന്ന പ്രശ്

**പലിശയിനത്തിലും മൂലസംഖ്യയിലേക്കുമായി വികസ്വര രാഷ്ട്രങ്ങൾ അടക്കേണ്ട തുക 1990ൽ 7340 കോടി ഡോളറും 1996ൽ 14060 കോടി ഡോളറും 2000 ത്തിൽ 33780 കോടി ഡോളറുമായിരുന്നുവത്രെ! ഇങ്ങനെ തിരിച്ചടക്കേണ്ട തുകയുണ്ടായിരുന്നുവെങ്കിൽ ആഫ്രിക്കയിൽ മാത്രം 2.1 കോടി കുട്ടികളെ മരണത്തിൽ നിന്ന് രക്ഷിക്കുവാനും ഒൻപത് കോടി പെൺകുട്ടികൾക്ക് അടിസ്ഥാന വിദ്യാഭ്യാസം നൽകുവാനും കഴിയുമായിരുന്നുവെന്ന് ഐക്യരാഷ്ട്ര സംഘടന വിലപിക്കുകയും ചെയ്യുന്നു.**

നങ്ങളാൽ മാത്രം ഓരോ വർഷവും ദരിദ്ര രാഷ്ട്രങ്ങളിൽ 70 ലക്ഷം പേർ മരണപ്പെടുന്നുണ്ടത്രെ.[15] ഓരോ ദിവസവും ഇരുപതിനായിരത്തോളം മരണങ്ങൾ!

തങ്ങൾ നൽകുന്ന കടങ്ങൾ ദരിദ്രരാഷ്ട്രങ്ങളുടെ പുരോഗതിക്കും ജനങ്ങളുടെ ഉന്നമനത്തിനും നിമിത്തമാകുന്നുണ്ടെന്നാണ് ഒന്നാം ലോകത്തിന്റെ അവകാശവാദം. കഴമ്പില്ലാത്ത വാദം മാത്രമാണിത്. സാധാരണ ജനങ്ങളുടെ ഉന്നമനമാണ് രാഷ്ട്രപുരോഗതിയെങ്കിൽ അത്തരം ആളുകളിലേക്ക് ഈ സമ്പത്തൊന്നും എത്തുക പോലും ചെയ്യുന്നില്ല. പദ്ധതികളിലൂടെയും അഴിമതികളിലൂടെയും ഓരോ സ്ഥലത്തുമുള്ള പണക്കാരുടെ സമ്പത്ത് വളരുവാൻ മാത്രമാണ് ഇത്തരം കടങ്ങൾ നിമിത്തമാകുന്നത്. ലോകത്തെ 25 കോടി ദരിദ്രനാരായണൻമാരുടെ കയ്യിൽ ആകെയുള്ള സമ്പത്തിനേക്കാൾ അധികം സമ്പത്തുണ്ട് മുതലാളിമാരായ 225 പേരുടെ കയ്യിലെന്നാണ് ലോകബാങ്ക് രേഖകൾ പറയുന്നത്[16] ലണ്ടൻ ആസ്ഥാനമാക്കിയുള്ള സെന്റർ ഫോർ എക്കണോമിക് പോളിസി റിസേർച്ചിന്റെ 2001ലെ രേഖകൾ പ്രകാരം ലോകത്തെ മൂന്നിൽ നാലു രാഷ്ട്രങ്ങളെയും 1980-2000 കാലയളവിൽ 1960-1980 കാലയളവിനെ അപേക്ഷിച്ചുള്ള വളർച്ച 5% താഴേക്കാണ് പോയിരിക്കുന്നത്.[17] ഒരു ഡോളറിൽ താഴെയുള്ള ദിവസവരുമാനം കൊണ്ട് ജീവിക്കുന്ന ദാരിദ്ര്യരേഖക്ക് താഴെയുള്ളവരുടെ എണ്ണം 1987ൽ 120 കോടിയായിരുന്നുവെങ്കിൽ 1998 ആയപ്പോഴേക്കും 150 കോടിയായി തീർന്നുവെന്ന് ലോകബാങ്ക് തന്നെ സമ്മതിക്കുന്നുണ്ട്.

കടങ്ങൾ നൽകുന്നതിലൂടെ മൂന്നാം ലോകത്തെ ധനാഢ്യൻമാരെ കൂടുതൽ വലിയ പണക്കാരാക്കി തീർക്കാൻ ലോകബാങ്കിനും ഐ.എം.എഫിനുമെല്ലാം കഴിഞ്ഞിട്ടുണ്ടാകാം. എന്നാൽ പാവപ്പെട്ടവരുടെയും ഇടത്തരക്കാരുടെയും പിച്ചച്ചട്ടികളെയും വിയർപ്പുതുള്ളികളെയും ചൂഷണം ചെയ്തുകൊണ്ടാണ് ഇവ വളർന്നുകൊണ്ടിരിക്കുന്നത്. രാജ്യത്തിന്റെ നികുതി പണത്തിൽ നിന്ന് കടം തിരിച്ചടക്കുമ്പോൾ സാധാരണക്കാർക്ക് ലഭിക്കേണ്ട സേവനങ്ങളാണ് ഇല്ലാതാവുന്നത്.

തോന്നിയ രൂപത്തിലുള്ള പണമടിക്കലും അതുവഴി നേടിയെടുത്ത ഡോളറിന്റെ ആധിപത്യവും അന്താരാഷ്ട്ര സമൂഹത്തിലുണ്ടാക്കുന്ന പ്രയാസങ്ങളും ദുരിതങ്ങളുമാണ് നാം വായിച്ചത്. ഇതിന്റെ സ്വാഭാവികമായ ഉപോൽപ്പന്നമാണ് അമേരിക്കൻ സാമ്പത്തിക വ്യവസ്ഥ. ഇന്നു നേരിടുന്ന സാമ്പത്തിക തകർച്ചയും. ലോകത്തെ മൊത്തം ആഭ്യന്തര ഉൽപ്പാദനം (GDP) 78.6 ട്രില്യൺ ഡോളർ മാത്രമായിരിക്കുമ്പോഴും നൂറു ട്രില്യണിലധികം ഡോളറിന്റെ പത്രികകൾ (derivatives) അമേരിക്കക്ക് നിലനിൽക്കാൻ അനുവദിച്ചത് ഡോളറിന്റെ ആധിപത്യം നിലനിൽക്കുകയും സ്റ്റോക്ക് മാർക്കറ്റ് കുമിളകൾ വീർത്തുകൊണ്ടിരിക്കുമെന്നുള്ള അമിത വിശ്വാസം കൊണ്ടായിരിക്കണം. ഇന്നത്തെ പ്രതിസന്ധിയോടെ പ്രസ്തുത വിശ്വാസമാണ് തകർന്നിരിക്കുന്നത്. വികസ്വര രാഷ്ട്രങ്ങളും എണ്ണ ഉൽപ്പാദക രാഷ്ട്രങ്ങളും ഒന്നിച്ചു നിന്ന് ഒന്ന് ഏറ്റു പിടിച്ചാൽ ഡോളറിന്റെ ആധിപത്യം തകരുകയും ദരിദ്രരാജ്യങ്ങളെ സാമ്പത്തികാടിമത്തത്തിൽ നിന്ന് കരകയറ്റുവാനും കഴിഞ്ഞേക്കും.

സ്വന്തമായ മൂല്യമുള്ള പണത്തെ മാത്രമെ അംഗീകരിക്കൂവെന്ന് തീരുമാനിക്കാൻ ലോകരാഷ്ട്രങ്ങൾക്ക് കഴിഞ്ഞാൽ പ്രതിസന്ധിയിൽ നിന്ന് രക്ഷപ്പെടാനുള്ള ഒന്നാമത്തെ പടി ചവിട്ടിക്കഴിഞ്ഞുവെന്നാണർത്ഥം. തങ്ങളുടെ സാമ്പത്തികക്രമം സ്വർണ്ണാടിസ്ഥാനത്തിലാക്കാൻ എണ്ണ ഉൽപ്പാദക രാജ്യങ്ങൾ പരിശ്രമിക്കുമോയെന്ന് ഭയന്നിട്ടാണെന്ന് തോന്നുന്നു, സ്വർണ്ണാടിസ്ഥാനത്തിലുള്ള സാമ്പത്തിക ക്രമത്തിന്റെ പ്രശ്നങ്ങളെയും അപ്രായോഗികതയെയും സംബന്ധിച്ച് പാശ്ചാത്യൻ സാമ്പത്തിക വിദഗ്ധർ സംസാരിച്ചു തുടങ്ങിയിരിക്കുന്നു. യൂണിവേഴ്സിറ്റി ഓഫ് കാലിഫോർണിയയിലെ സാമ്പത്തിക ശാസ്ത്ര പ്രൊഫസറായ ജെയിംസ് ബ്രാഡ് ഫോർഡ് ഡിലോംഗിന്റെ വൈ നോട്ട് ഗോൾഡ് സ്റ്റാന്റേർഡ്[18] റട്ട് ഗോൾസ് സർവ്വകലാശാലയിലെ സാമ്പത്തികശാസ്ത്രാധ്യപകനായിരുന്ന മിക്കയിൽ ഡി ബോർസോയുടെ ഗോൾഡ് സ്റ്റാന്റേർഡ്'[19] (www.econlib.org) കാലിഫോർണിയാ സർവ്വകലാശാലയിലെ സാമ്പത്തിക കാര്യവിദഗ്ധനായ ജെയിംസ് ഡി ഹാമിൽട്ടന്റെ ദി ഗോൾഡ് സ്റ്റാന്റേർഡ് ആന്റ് ദി ഗ്രെയിറ്റ് ഡിപ്രഷൻ (www.econbrowser.com) എന്നീ ലേഖനങ്ങൾ ഈ ലക്ഷ്യം മുൻനിർത്തിയുള്ളവയാണെന്ന് തോന്നുന്നു. ലോകത്ത് ഇന്നുവരെ ഖനനം ചെയ്തെടുത്ത സ്വർണ്ണം മുഴുവനെടുത്താലും 1,42,000 ടൺ മാത്രമേ വരുയെന്നും ഒരു കിലോഗ്രാം സ്വർണത്തിന് 32,500 ഡോളർ വിലകണക്കാക്കിയാൽ ഇതിന്റെ മൊത്തം വില 4.5 ലക്ഷം കോടി ഡോളറേ വരികയുള്ളുവെന്നും അമേരിക്കയിൽ മാത്രം 7.60 ലക്ഷം കോടി ഡോളർ ചംക്രമണം ചെയ്യപ്പെടുന്നുണ്ടെന്നും അതുകൊണ്ടുതന്നെ സ്വർണ്ണാടിസ്ഥാനത്തിലുള്ള കറൻസി അപ്രായോഗികമാണെന്നുമാണ് പ്രധാനവാദം. വെള്ളിയെയും പ്ലാറ്റിനത്തെയും ചെമ്പിനെയും പോലെയുള്ള ലോഹങ്ങളെക്കൂടി രംഗത്തു കൊണ്ടുവന്ന് ഈ പ്രശ്നം പരിഹരിക്കാവുന്നതാണ്. സ്വർണ്ണഖനികളുള്ള നാടുകളുടെ ആധിപത്യത്തിലേക്കാണ് അത്തരമൊരുമാറ്റം ലോകത്തെ നയിക്കുകയെന്ന വാദവും ഉന്നയിക്കപ്പെടുന്നുണ്ട്. അതും അടിസ്ഥാന രഹിതമാണ്. എല്ലാ രാജ്യങ്ങൾക്കും സ്വർണ്ണത്തേക്കാളധികം ഇന്ന് ആവശ്യമുള്ള എണ്ണ ഉൽപാദിപ്പിക്കുന്ന രാഷ്ട്രങ്ങളുടെ ആധിപത്യത്തിനു കീഴിലല്ല ഇന്നത്തെ ലോകം എന്ന വസ്തുത ഈ വാദത്തെയും പൊളിക്കുന്നുണ്ട്.

മിഥ്യയും വഞ്ചനാധിഷ്ഠിതവുമായ പണവ്യവസ്ഥയാണ് സാമ്പത്തിക പ്രതിസന്ധികളുടെയെല്ലാം യഥാർത്ഥ കാരണമെന്ന് മനസ്സിലാക്കി ഈ രംഗത്ത് അടിസ്ഥാനപരമായ ഒരു മാറ്റത്തിന് തയ്യാറാകാൻ ലോകത്തിന് കഴിയണം. എണ്ണകൊണ്ട് അല്ലാഹു അനുഗ്രഹിച്ച രാജ്യങ്ങൾ തങ്ങളുടെ സാമ്പത്തികവ്യവസ്ഥ സ്വയം മൂല്യമുള്ള വസ്തുക്കളുടെ അടിത്തറയിലേക്ക് മാറ്റിക്കൊണ്ട് ഇക്കാര്യത്തിൽ ലോകരാഷ്ട്രങ്ങളുടെ മുന്നിൽ നടക്കാൻ സന്നദ്ധമാവണം. അതുവഴി അവരുടെ സാമ്പത്തിക വ്യവസ്ഥയെ ഭദ്രമാക്കുവാൻ സാധിക്കും. ലോകത്തെ ദരിദ്രരാഷ്ട്രങ്ങളെ വികസിതരാജ്യങ്ങളുടെ നുകക്കീഴിൽ നിന്ന് രക്ഷപ്പെടാനും അതു നിമിത്തമായേക്കും. ലോകം മാറ്റത്തിനു കാത്തിരിക്കുന്നു; മാറ്റത്തിന്റെ താക്കോലാകട്ടെ മുസ്‌ലിംകളുടെ കൈവശവും. ആ താക്കോൽ ഉപയോഗിച്ച് സ്വയം മാറാനും ലോകത്തെ മാറ്റിത്തീർക്കുവാനും മുസ്‌ലിംകൾ സന്നദ്ധമാകുമോ? യൂസുഫ് നബിﷺ പറഞ്ഞതുപോലെ 'താങ്കൾ എന്നെ ഭൂമിയിലെ ഖജനാവുകളുടെ അധികാരമേൽപിക്കൂ. തീർച്ചയായും ഞാൻ വിവരമുള്ള ഒരു സൂക്ഷിപ്പുകാരനായിരിക്കും' (ഖുർആൻ 12:55) എന്ന് ലോകത്തോട് പ്രഖ്യാപിക്കേണ്ട സമയമാണിത്. അത് ചെയ്യേണ്ടവർ അതിന് തയ്യാറാകുമോ?

"ഏതൊരു ജനതയും തങ്ങളുടെ സ്വന്തം നിലപാടുകളിൽ മാറ്റം വരുത്തുന്നത് വരെ അല്ലാഹു അവരുടെ സ്ഥിതിക്ക് വ്യത്യാസം വരുത്തുകയില്ല; തീർച്ച. ഒരു ജനതയ്ക്ക് വല്ല ദോഷവും വരുത്താൻ അല്ലാ



**നാണയ വ്യവസ്ഥക്ക് പകരമായി സ്വന്തമായി മൂല്യമുള്ള വസ്തുക്കളുടെ-സ്വർണം, വെള്ളി, പ്ലാറ്റിനം, ചെമ്പ്- അടിസ്ഥാനത്തിലുള്ള നാണയ വ്യവസ്ഥയുണ്ടാക്കുക അത്ര പ്രയാസമുള്ള കാര്യമൊന്നുമല്ല. ഇന്ന് വ്യാപകമായി ഉപയോഗിക്കപ്പെടുന്ന ഇലക്ട്രോണിക് പണത്തിന് സ്വയം മൂല്യമുള്ള വസ്തുക്കളുടെ പിൻബലം നൽകിയാൽ അവ കൊണ്ടു നടക്കുവാനുള്ള അസൗകര്യത്തിനും പരിഹാരമാവും. ഇസ്‌ലാമിക് ബാങ്കുകൾക്ക് ഒരു അന്താരാഷ്ട്ര കൂട്ടായ്മയുണ്ടാവുകയും പ്രസ്തുത കൂട്ടായ്മ പുതിയൊരു നാണയ വ്യവസ്ഥയുടെ അടിസ്ഥാനത്തിൽ പണമിടപാടുകൾ നടത്തുവാൻ നേതൃത്വം നൽകുകയും ചെയ്താൽ മൂന്നാം ലോകത്തെ ദരിദ്ര രാഷ്ട്രങ്ങൾക്കു കൂടി ഇസ്‌ലാമിക സാമ്പത്തിക വ്യവസ്ഥയുടെ ഗുണഭോക്താക്കളാകാൻ കഴിയും.**

ഹു ഉദ്ദേശിച്ചാൽ അത് തട്ടിമാറ്റാനാവില്ല. അവന്നു പുറമെ അവർക്ക് യാതൊരു രക്ഷാധികാരിയുമില്ല." (ഖുർആൻ 13:11)

**7. പലിശരഹിത വ്യവസ്ഥ:**

"പലിശ തിന്നുന്നവർ പിശാച് ബാധ നിമിത്തം മറിഞ്ഞുവീഴുന്നവൻ എഴുന്നേൽക്കുന്നത് പോലെയല്ലാതെ എഴുന്നേൽക്കുകയില്ല. കച്ചവടവും പലിശ പോലെത്തന്നെയാണ് എന്ന് അവർ പറഞ്ഞതിന്റെ ഫലമത്രെ അത്. എന്നാൽ കച്ചവടം അല്ലാഹു അനുവദിക്കുകയും പലിശ നിഷിദ്ധമാക്കുകയുമാണ് ചെയ്തിട്ടുള്ളത്. അതിനാൽ അല്ലാഹുവിന്റെ ഉപദേശം വന്നുകിട്ടിയിട്ട് (അതനുസരിച്ച്) വല്ലവനും (പലിശയിൽ നിന്ന്) വിരമിച്ചാൽ അവൻ മുമ്പ് വാങ്ങിയത് അവന്നുള്ളത് തന്നെ. അവന്റെ കാര്യം അല്ലാഹുവിന്റെ തീരുമാനത്തിന്ന് വിധേയമായിരിക്കുകയും ചെയ്യും. ഇനി ആരെങ്കിലും (പലിശയിടപാടുകളിലേക്ക് തന്നെ) മടങ്ങുകയാണെങ്കിൽ അവരത്രെ നരകാവകാശികൾ. അവരതിൽ നിത്യവാസികളായിരിക്കും.അല്ലാഹു പലിശയെ ക്ഷയിപ്പിക്കുകയും ദാനധർമ്മങ്ങളെ പോഷിപ്പിക്കുകയും ചെയ്യും. യാതൊരു നന്ദികെട്ട ദുർവൃത്തനെയും അല്ലാഹു ഇഷ്ടപ്പെടുന്നതല്ല." (ഖുർആൻ 2:275, 276)

മതഗ്രന്ഥങ്ങളും മാനവികതയുടെ വക്താക്കളുമെല്ലാം പലിശയെ ഒരു വൻപാപമായികാണുന്നു. ഇസ്രായീല്യർ യഹോവയുടെ തെരഞ്ഞെടുക്കപ്പെട്ട പുത്രന്മാരാണെന്ന് കരുതിയവർ പലിശവാങ്ങാൻ പാടില്ലെന്ന തോറയുടെ കൽപനയെ (ആവർത്തനം 23:20, 21) നിന്റെ സഹോദരന്മാരിൽ നിന്ന് പലിശ വാങ്ങരുതെന്നാണ് പറഞ്ഞിട്ടുള്ളതെന്നും ജാതികളിൽ നിന്ന് പലിശ വാങ്ങുന്നതിനെ ഈ കൽപന വിലക്കുന്നില്ലെന്നും വ്യാഖ്യാനിച്ചു കൊണ്ടാണ് പലിശ വ്യവസ്ഥക്ക് അനുകൂലമായ ആദ്യത്തെ മതനിയമ നിർമ്മാണം നടന്നത്. പലിശ വാങ്ങുന്നവരെ പാഷണ്ഡരും മതവിരുദ്ധരുമായി കരുതിയിരുന്ന ആദ്യകാല ക്രിസ്തുമതം മറ്റു കാര്യങ്ങളിലെന്ന പോലെത്തന്നെ ഇക്കാര്യത്തിലും അയവു വരുത്താൻ തുടങ്ങിയത് 1545 ലെ ഹെൻട്രി എട്ടാമന്റെ കൽപനയോടെയാണ്. ലോകത്തെ ബഹുഭൂരിപക്ഷവും ക്രൈസ്തവ വിശ്വാസികളാണ് എന്നതിനാൽ തന്നെ ക്രിസ്ത്യാനികളും സഭയും പലിശ അധർമമല്ലെന്ന് തീരുമാനിച്ചതോടെ അതിന്ന് മാന്യമായ സ്ഥാനമുണ്ടാവുകയും പലിശയിടപാടുകൾ കച്ചവടത്തെപ്പോലെ തന്നെയാണെന്ന ധാരണയുണ്ടാവുകയും ചെയ്തു. പലിശയും കച്ചവടവും സമമാണെന്ന വാദം പൈശാചികമാണെന്ന ഖുർആൻ വചനം (2:275) ഇവിടെ പ്രത്യേകം സ്മരണീയമാണ്. നിരോധിക്കപ്പെട്ട പലിശ വാങ്ങിയതിനാൽ ഇഹലോകത്തു വെച്ച് തന്നെ യഹൂദൻമാർക്ക് ശിക്ഷകൾ ഏറ്റുവാങ്ങേണ്ടി വന്നിട്ടുണ്ടെന്നും പരലോകത്ത് അത്തരക്കാർക്ക് വേദനയേറിയ ശിക്ഷയാണുണ്ടാവുകയെന്നും ഖുർആൻ പഠിപ്പിക്കുന്നു.

"അങ്ങനെ യഹൂദമതം സ്വീകരിച്ചവരുടെ അക്രമം കാരണമായി അവർക്ക് അനുവദിക്കപ്പെട്ടിരുന്ന പല നല്ല വസ്തുക്കളും നാമവർക്ക് നിഷിദ്ധമാക്കി. അല്ലാഹുവിന്റെ മാർഗത്തിൽ നിന്ന് അവർ ജനങ്ങളെ ധാരാളമായി തടഞ്ഞതുകൊണ്ടും. പലിശ അവർക്ക് നിരോധിക്കപ്പെട്ടതായിട്ടും, അവരത് വാങ്ങിയതുകൊണ്ടും, ജനങ്ങളുടെ സ്വത്തുകൾ അവർ അന്യായമായി തിന്നതുകൊണ്ടും കൂടിയാണ് (അത് നിഷിദ്ധമാക്കപ്പെട്ടത്) അവരിൽ നിന്നുള്ള സത്യനിഷേധികൾക്ക് നാം വേദനയേറിയ ശിക്ഷ ഒരുക്കിവെച്ചിട്ടുണ്ട്."(4:160,61)

ഇഹലോകത്ത് ദുരിതവും പരലോകത്ത് ശിക്ഷയും ഏറ്റുവാങ്ങേണ്ടി വരുന്ന വൻപാപമാണ് ഇസ്‌ലാമിക വീക്ഷണത്തിൽ പലിശ. അത് ചെറുതാണെങ്കിലും വലുതാണെങ്കിലും. ബുഖാരിയും മുസ്‌ലിമും നിവേദനം ചെയ്തിട്ടുള്ള ഒരു നബിവചനത്തിൽ ഏഴു മഹാപാപങ്ങളിലൊന്നായാണ് പലിശയെ പരിചപ്പെടുത്തിയിരിക്കുന്നത്. പലിശയുടെ ഗൗരവം വ്യക്തമാക്കുന്ന ഏതാനും ഹദീഥുകൾ കാണുക:

"പലിശ തിന്നുന്നവനേയും തീറ്റിക്കുന്നവനെയും എഴുതിവെക്കുന്നവനെയും സാക്ഷി നിൽക്കുന്നരെയും അല്ലാഹുവിന്റെ റസൂൽ(സ) ശപിച്ചിരിക്കുന്നു. അദ്ദേഹം പറഞ്ഞു: അവരെല്ലാം സമന്മാരാണ്" (മുസ്ലിം)

"പലിശക്ക് 73 കവാടങ്ങളാണ്. അതിൽ ഏറ്റവും നിസ്സാരമായത് സ്വന്തം മാതാവുമായി ബന്ധപ്പെടുന്നതിന് തുല്യമാണ്" (ഹാക്കിം)

"പലിശപ്പണമാണെന്നറിഞ്ഞ് ഒരു ദിർഹം കൊണ്ട് തിന്നുന്നത് 36 തവണ വ്യഭിചരിക്കുന്നതിനേക്കാൾ കഠിനമാണ്" (അഹ്മദ്)

"പലിശ എത്രമാത്രമുണ്ടായാലും അതിന്റെ പര്യവസാനം ഇല്ലായ്മയിൽ ചെന്നെത്തും" (ഹാക്കിം)

ക്രിസ്തുവിന്റെ കാലത്ത് ഒരാൾ ഒരു ഔൺസ് (28.35 ഗ്രാം) സ്വർണം അഞ്ച് ശതമാനം കൂട്ടു പലിശക്ക് എടുത്തുവെന്ന് കരുതുക. അത് ഇപ്പോൾ തിരിച്ചടക്കണമെങ്കിൽ നമ്മുടെ ഭൂമിയെപ്പോലെയുള്ള നിരവധി ഗ്രഹങ്ങളുടെയത്രയും ഭാരമുള്ള സ്വർണ്ണക്കട്ടി വേണ്ടിവരും. പലിശ എത്രത്തോളം മാരകവും അപ്രായോഗികവുമാണെന്ന വസ്തുത വ്യക്തമാക്കുന്നതാണ് ഈ കണക്ക്. ചരക്കുകൾ പലിശക്ക് കൊടുക്കുമ്പോൾ അതിന് ഏറെക്കാലം മുന്നോട്ടു പോവാൻ കഴിയുകയില്ലെന്ന് മനസ്സിലാക്കിയവരായിരുന്നു ആദ്യകാലത്തെ ബാങ്കർമാർ. അവരുടെ തലച്ചോറിൽ നിന്നാണല്ലോ പ്രതിനിധി പണം (representative money) രൂപം കൊണ്ടത്. കടലാസുകളുടെ കണക്കുകളാവുമ്പോൾ തങ്ങൾ എത്രത്തോളം വലിയ ഗർത്തിലേക്കാണ് എടുത്തുചാടാൻ പോകുന്നതെന്ന് കടം വാങ്ങുന്നവന് പെട്ടെന്ന് മനസ്സിലാക്കാൻ കഴിയില്ലല്ലോ. കറൻസികളുടെ വരവോടെയാണ് ലോകത്തെ ബാങ്കിംഗ് വ്യവസായം തഴച്ചുവളർന്നതെന്ന വസ്തുത കൂടി ഇതോട് ചേർത്ത് വായിക്കേണ്ടതാണ്.



സാധനങ്ങൾ വാങ്ങുവാനുള്ളതാണ് പണം; അല്ലെങ്കിൽ ചരക്കിന് പകരക്കാരനാണ് പണം. അങ്ങനെയാണെങ്കിൽ ചരക്കിന്റെ നിയമങ്ങൾ തന്നെ പണത്തിനും ബാധകമാകേണ്ടതാണ്. ചരുക്കുകൾ വെറുതെ വെച്ചിരുന്നാൽ കേടുവരികയോ ചീഞ്ഞുപോവുകയോ ആണ് ചെയ്യുക. ഇതേ നിയമങ്ങൾ പണത്തിനും ബാധകമാകേണ്ടതാണ്. ഏതു സമ്പത്തും ഉപയോഗക്ഷമമല്ലെങ്കിൽ നശിക്കുകയോ മൂല്യ ശോഷണം സംഭവിക്കുകയോ ചെയ്യും. പലിശ വരുന്നതോടെ പണം ഈ പ്രകൃതി നിയമത്തിന് പുറത്തേക്ക് പോകുന്നു. പണം വെറുതെയിരുന്നാലും വളരുമെന്ന അവസ്ഥയുണ്ടാകുന്നു. പലിശ പ്രകൃതി വരുദ്ധമാണെന്നർത്ഥം.

മൂന്നാം ലോകത്തിന്റെ വളർച്ചക്കു മുന്നിൽ വിലങ്ങു തടിയായി നിൽക്കുന്നത് പ്രധാനമായും പലിശയാണ്. നഗരവൽക്കരണമാണ് പുരോഗതിയെന്ന നവ ലിബറലിസ്റ്റ് ബുദ്ധിജീവികളുടെ വ്യായാമക്കസർത്തുകളിൽ പെട്ട് പരമാവധി കടം വാങ്ങാൻ ദരിദ്ര രാഷ്ട്രങ്ങൾ സന്നദ്ധമാകുന്നതോടെ സാമ്രാജ്യത്വമൊരുക്കുന്ന കെണിയിൽ അവർ വീഴാൻ തുടങ്ങുന്നു. പിന്നെ ഒരിക്കലും ആ കടക്കെണിയിൽ നിന്ന് രക്ഷപ്പെടാൻ അവർക്ക് കഴിയില്ല. അത് ദരിദ്ര രാഷ്ട്രങ്ങളിലുള്ളവരുടെ ജീവിത നിലവാരത്തെ സാരമായി ബാധിക്കുന്നു. പട്ടിണിയും ദാരിദ്ര്യവും അവ മൂലമുള്ള മരണങ്ങളും രോഗങ്ങളുമെല്ലാം സാർവത്രികമായിത്തീരുന്നു. കടം തിരിച്ചടക്കാൻ വേണ്ടിയുള്ള പരിശ്രമത്തിന്റെ ഫലമായി ഓരോ വർഷവും എഴുപത് ലക്ഷം കുട്ടികളാണ് മരിച്ചുവീഴുന്നത് എന്ന വസ്തുത ഹൃദയമുള്ളവരുടെ കണ്ണുതുറപ്പിക്കേണ്ടതാണ്. അമേരിക്കയുടെ പ്രതിശീർഷവരുമാനം 1960 ൽ 9,983 ഡോളർ ആയിരുന്നെങ്കിൽ 2000 ത്തിൽ അത് 34100 ഡോളറാണ്. നാലിരട്ടി വർധന! എന്നാൽ സോമാലിയയുടെ 1960 ലെ പ്രതിശീർഷ വരുമാനം 891 ഡോളർ ആയിരുന്നത് 2000 ആയപ്പോഴേക്ക് 600 ഡോളറായി ചുരങ്ങി. 1013 ഡോളർ ഉണ്ടായിരുന്ന മഡഗാസ്കറിന്റേത് 820ഉം 1172 ഡോളർ ഉണ്ടായിരുന്ന സാംബിയയുടേത് 750ഉം ആയി കുറഞ്ഞു. എങ്ങനെ ചുരുങ്ങാതിരിക്കും? ഈ രാഷ്ട്രങ്ങളെല്ലാം ധനികരാഷ്ട്രങ്ങൾക്ക് കടപ്പെട്ടവരാണ്. ഇവരുടെ കഞ്ഞി വറ്റുകൾ പെറുക്കിത്തിന്നാണ് ഒന്നാം ലോകരാഷ്ട്രങ്ങൾ വളർന്നു വലുതാകുന്നതും തടിച്ചു ചീർക്കുന്നതുമെല്ലാം.

2006ൽ വികസ്വര രാഷ്ട്രങ്ങൾക്കു മേൽ ഉണ്ടായിരുന്ന കടബാധ്യത 29000 കോടി ഡോളറായിരുന്നു. അവർ ആ വർഷം മാത്രം അടച്ചു തീർത്തത് 5730 കോടി ഡോളറാണ്. ഈ കടത്തിൽ നിന്ന് ദരിദ്രരാഷ്ട്രങ്ങൾക്ക് കരകയറാൻ കഴിയുമോ? ഇല്ലെന്ന് എല്ലാവർക്കും അറിയാം. കടംകൊടുത്ത് വികസ്വര രാഷ്ട്രങ്ങളിലെ രാഷ്ട്രീയക്കാർക്കും ഉദ്യോഗസ്ഥ ദുഷ്പ്രഭുക്കൾക്കും അഴിമതിയിലൂടെയും കുത്തക മുതലാളിമാർക്ക് കച്ചവടങ്ങളും കരാറുകളും വഴിയും സമ്പന്നരാകുവാനും ബഹുഭൂരിപക്ഷം വരുന്ന സാധാരണക്കാരെ കൂടുതൽ കൂടുതൽ ദരിദ്രരാക്കി അവരുടെ അധ്വാനവും സമ്പാദ്യവും പലിശയിനത്തിൽ പിടിച്ചടക്കി ചൂഷണം ചെയ്യുകയുമാണ് ലോകബാങ്കിന്റെയും ഐ.എം.എഫിന്റെയും സഹായത്തോടെ ഒന്നാം ലോക രാഷ്ട്രങ്ങൾ ചെയ്തു കൊണ്ടിരിക്കുന്നത്.

ദരിദ്ര രാഷ്ട്രങ്ങളെ തങ്ങളുടെ ചൊൽപടിയിൽ നിർത്തുന്നതിനും ചൂഷണം ചെയ്യുന്നതിനും വേണ്ടി പടച്ചെടുത്ത പലിശക്ക് കടം കൊടുക്കുന്ന പദ്ധതി തിരിഞ്ഞു കുത്തിയതാണ് അമേരിക്കയിലെ സാമ്പത്തിക പ്രതിസന്ധിയുടെ പ്രധാനപ്പെട്ട കാരണങ്ങളിലൊന്ന്. പ്രതിസന്ധിയുടെ പേരുകളിലൊന്ന് വായ്പാ പ്രതിസന്ധി 2009 (Credit Crurch 2008) എന്നാണല്ലോ. ഐ.എം.എഫിന്റെ വേൾഡ് എക്കണോമിക് ഔട്ട്ലുക്ക് 1998 ൽ ഇങ്ങനെ കാണാം. 'ഹ്രസ്വകാല വായ്പകൾ പരിധിയിലേറെ വർധിച്ച രാജ്യങ്ങൾ സമ്പദ് വ്യവസ്ഥക്കകത്തുനിന്നോ പുറത്തുനിന്നോ ഉടലെടുക്കുന്ന പ്രതിസന്ധികളാൽ തകർച്ചയിലേക്ക് നയിക്കപ്പെടാം.' തങ്ങളുടെ പക്കൽനിന്ന് കടം വാങ്ങിത്തുലഞ്ഞ് തകരുന്ന ദരിദ്ര രാഷ്ട്രങ്ങളുടെ പതനം പ്രവചിച്ചവർക്ക് അത് അറം പറ്റിയതാണെന്ന് തോന്നുന്നു. അമേരിക്കൻ സമ്പദ്വ്യവസ്ഥ അകത്തുനിന്നും പുറത്തുനിന്നും പ്രതിസന്ധികൾ നേരിട്ടുകൊണ്ടിരിക്കുകയാണ്. പാവപ്പെട്ടവർ പട്ടിണി കിടന്നും രോഗങ്ങളനുഭവിച്ചും മിച്ചം വെച്ച പണം പലിശയിനത്തിൽ വാങ്ങിക്കൊണ്ടു പോയി സ്വന്തം നാട്ടിൽ വിതരണം നടത്തിയപ്പോൾ അതേ പലിശ തന്നെ കുടത്തിലടച്ച ഭൂതമായി തങ്ങളെ തിരിച്ച് അക്രമിക്കുമെന്ന് നിയോലിബറലിസത്തിന്റെ വക്താക്കൾ മനസ്സിലാക്കി

യില്ല. പലിശയിൽ അധിഷ്ഠിതമായ വ്യവസ്ഥിതികൾക്ക് സംഭവിക്കാവുന്ന സ്വാഭാവിക പ്രതിസന്ധി തന്നെയാണ് അമേരിക്കയിൽ ഉണ്ടായിരിക്കുന്നത്. ദൈവിക നീതിയാണത്. അല്ലാഹു പറഞ്ഞുവല്ലോ:

'അല്ലാഹു പലിശയെ ക്ഷയിപ്പിക്കുകയും ദാനധർമ്മങ്ങളെ പോഷിപ്പിക്കുകയും ചെയ്യും. യാതൊരു നന്ദികെട്ട ദുർവൃത്തനെയും അല്ലാഹു ഇഷ്ടപ്പെടുന്നതല്ല' (ഖുർആൻ 2:276)

പലിശയിൽ അധിഷ്ഠിതമായ സാമ്പത്തിക വ്യവസ്ഥിതി പണത്തിന്റെ വളർച്ചയെ കേന്ദ്രീകരിച്ചുകൊണ്ടാണ് നിലനിൽക്കുന്നത്. പണത്തെ പരമാവധി വളർത്താൻ എന്തൊക്കെ ചെയ്യണമെന്നതാണ് അതിന്റെ നൈതികത. പണം പണത്തെ പ്രസവിക്കുകയില്ല. കഴിവും പ്രാപ്തിയുമുള്ള സംരംഭകർ കൈകാര്യം ചെയ്യുമ്പോഴാണ് പണം വളരുന്നത്. പലിശ വ്യവസ്ഥിതിയിൽ സംരംഭകരെക്കൊണ്ട് നിർബന്ധമായും കടമെടുപ്പിക്കുവാനാവശ്യമായ സേവന- നികുതി വ്യവസ്ഥകൾക്ക് സർക്കാർ രൂപം നൽകുന്നു. കടമെടുക്കേണ്ടത് ബാങ്കുകളുടെ നിലനിൽപ്പിന് അനിവാര്യമായതുകൊണ്ടാണിത്. സംരംഭകർ ഉണ്ടാക്കുന്ന ലാഭത്തിന്റെ നല്ലൊരു ഓഹരി അങ്ങനെ ബാങ്കുകളുടെ കൈവശം എത്തിച്ചേരുന്നു. അവർക്കുണ്ടായേക്കാവുന്ന നഷ്ടത്തിന്റെ ഉത്തരവാദിത്തം ബാങ്ക് ഏറ്റെടുക്കുന്നുമില്ല. സംരംഭകരിൽ നിന്ന് ലഭിക്കുന്ന പലിശ വീണ്ടും ബാങ്കിന്റെ മൂലധനമായിത്തീരുകയും അവ വീണ്ടും കടമായി നൽകുകയും ചെയ്ത് ബാങ്ക് തടിച്ചു കൊഴുക്കുന്നു. അതോടൊപ്പം തന്നെ ബാങ്കുകൾക്ക് കടം സൃഷ്ടിക്കുന്ന പരിപാടിയുമുണ്ട്. (Credit Creation) മൂലധനത്തിന്റെ അഞ്ചും പത്തും ഇരട്ടി തുക കടം കൊടുക്കുന്ന സമർത്ഥമായ തന്ത്രമാണിത്. അങ്ങനെ പരമാവധി പലിശ ഈടാക്കുവാൻ ബാങ്കുകൾക്ക് കഴിയുന്നു. നാലും അഞ്ചും ഇരട്ടി പലിശ! ഈ വ്യാപാരത്തിൽ കടം വാങ്ങിപ്പിക്കേണ്ടത് ബാങ്കിന്റെ ആവശ്യമാണ്. അതുകൊണ്ടു തന്നെ വായ്പാ വ്യവസ്ഥകൾ ഉദാരമാക്കിയാൽ കൂടുതൽ പലിശ ലഭിക്കും. പലിശ പരമാവധി വസൂലാക്കുവാനുള്ള ബാങ്കുകളുടെ മത്സരമാണ് വായ്പാ പ്രതിസന്ധി 2008ന്റെ കാരണങ്ങളിലൊന്നായി വിലയിരുത്തപ്പെടുന്നത്. പലിശ വ്യവസ്ഥിതി പാപ്പരാകുമെന്നത് പ്രവാചകന്റെ ﷺ പ്രവചനമാണ്. അതിന്റെ ലക്ഷണങ്ങളാണ് കണ്ടു കൊണ്ടിരിക്കുന്നത് എന്നു പറഞ്ഞാൽ അത് തെറ്റാവുകയില്ല.

നബി ﷺ പറഞ്ഞു: പലിശ ഉപയോഗം വർധിപ്പിക്കുന്നവരുടെയെല്ലാം അവസാനം അതു കൂടുന്നതിനനുസരിച്ച് അയാൾ പാപ്പരാകുമെന്നതാണ്. (ഇബ്നുമാജ)

പലിശമുക്തമായ സാമ്പത്തിക സ്ഥാപനങ്ങളെക്കുറിച്ച അന്വേഷണം ഇസ്‌ലാമിക ബാങ്കുകളിലാണ് നമ്മെ കൊണ്ടുചെന്നെത്തിക്കുക. 1940 മുതൽക്കാണ് ആധുനിക ബാങ്കുകൾ മുന്നോട്ടുവെക്കുന്ന സാമ്പത്തിക ക്രമത്തിന് ഒരു ഇസ്‌ലാമിക ബദൽ എന്ന ആശയം വ്യാപകമായി ചർച്ച ചെയ്യപ്പെടാൻ തുടങ്ങിയത്. ഇക്കാലത്തുതന്നെ ഇന്ത്യാ ഉപഭൂഖണ്ഡത്തിൽ ഏതാനും ചെറുകിട വായ്പാ പദ്ധതികൾ പ്രവർത്തിക്കാൻ തുടങ്ങിയിരുന്നു. 1963ൽ ഈജിപ്തിൽ തുടങ്ങിയ 'മിത്ഗമർ' ആണെന്നു തോന്നുന്നു ഈ രംഗത്തെ അൽപം വിശദമായ ആദ്യ സംരംഭം. ഹജ്ജിന് പോകാൻ ഉദ്ദേശിക്കുന്നവരുടെ സമ്പാദ്യം സ്വരൂപിച്ച് നിക്ഷേപങ്ങൾ നടത്തുകയും എല്ലാവർക്കും ഹജ്ജിന് പോകുവാൻ കളമൊരുക്കുകയും ചെയ്യുന്നതിന് വേണ്ടി മലേഷ്യയിൽ അതേ വർഷം തന്നെ ആരംഭിച്ച 'തുബ്ബുംഗ് ഹാജി ഫൈനാൻസ് കോർപറേഷൻ' ഇപ്പോഴും വിജയകരമായി പ്രവർത്തിച്ചു വരുന്നു. 1975 ൽ നിലവിൽ വന്ന 'ദുബൈ ഇസ്‌ലാമിക് ബാങ്ക്' ആണ് സമാന്തര ഇസ്‌ലാമിക് ബാങ്കുകളിൽ ഒന്നാമത്തേത്. 1985 ആയപ്പോഴേക്കും വിവിധ മുസ്‌ലിം രാജ്യങ്ങളിലായി 27 ഇസ്‌ലാമിക് ബാങ്കുകൾ നിലവിൽ വന്നു; അതോടൊപ്പം തന്നെ പരമ്പരാഗത ബാങ്കുകളും ഇസ്‌ലാമിക ക്രയവിക്രയങ്ങൾക്കായി പ്രത്യേക ജാലകം തുറന്നു. രണ്ടായിരമാണ്ടോടുകൂടി ഇരുനൂറോളം ഇസ്‌ലാമിക ധനകാര്യസ്ഥാപനങ്ങൾ നിലവിൽ വന്നു. 800 കോടി അമേരിക്കൻ ഡോളർ മൂലധനവും പതിനായിരം കോടി ഡോളറിന്റെ നിക്ഷേപവുമുള്ള സ്ഥാപനങ്ങളാണിവ.



ലാഭ-നഷ്ട സാധ്യതകൾ പരിഗണിക്കുന്ന ധനവിനിമയങ്ങളാണ് ഇസ്‌ലാമിക് ബാങ്കുകൾ നടത്തുന്നത്. പലിശക്കു പകരം ലാഭ-നഷ്ടങ്ങളാണ് നിക്ഷേപകരുമായി പങ്കുവെക്കുന്നത്. പണം വിൽക്കുകയും വാങ്ങുകയും ചെയ്യുന്ന ചരക്കല്ലന്നും പ്രത്യുത മൂല്യമാപിനിയും കൈമാറ്റോപാധിയും മാത്രമാണെന്നുമുള്ള സങ്കൽപമാണ് ഇസ്‌ലാമിക് ബാങ്കിംഗ് വെച്ചു പുലർത്തുന്നത്. പണത്തിനല്ല മൂലധനത്തിനാണ് ഉൽപാദനക്ഷമതയെന്ന് അത് മനസ്സിലാക്കുന്നു. പണം ലക്ഷ്യമല്ല; ഉൽപാദന വർധനവിനും ആസ്തിയുടെ നിർമ്മാണത്തിനും മൂല്യവർധനവിനുമുള്ള ഒരു ഇടനിലക്കാരന്റെ പങ്കാണ് അതിനുള്ളത്. അതുകൊണ്ട് തന്നെ ബാങ്കിന്റെ കണ്ണ് പണത്തിന്റെ വർധനവിലല്ല, മറിച്ച് ഉൽപാദനത്തിന്റെ ഉയർച്ചയിലും വിഭവങ്ങളുടെ വർധനവിലുമായിരിക്കും. യഥാർത്ഥത്തിൽ, ഉൽപാദകർക്കും നിക്ഷേപകർക്കും ഇടയിലുള്ള ഒരു ഇടനിലക്കാരന്റെ പങ്കാണ് ഇസ്‌ലാമിക് ബാങ്ക് വഹിക്കുന്നത്. നിക്ഷേപകനും സംരംഭകനും ബാങ്കും ഉൾപ്പെടു

**നിക്ഷേപകനും സംരംഭകനും ബാങ്കും ഉൾപ്പെടുന്ന മുദാറബ, നിക്ഷേപകനും ബാങ്കും പങ്കാളിയാകുന്ന മുശാറക്ക, ആവശ്യക്കാർക്ക് വസ്തുക്കൾ പാട്ടത്തിന് കൊടുക്കുന്ന ഇജാറ, ആവശ്യക്കാരന് വസ്തുക്കൾ നൽകുകയും തവണകളായി പണമടക്കുകയും ചെയ്യുന്ന മുറാബഹ, പാവപ്പെട്ടവർക്ക് നൽകുന്ന പലിശരഹിത വായ്പകളായ ഖർദ് ഹസൻ എന്നിവയാണ് ഇസ്‌ലാമിക് ബാങ്കുകളുടെ ക്രയവിക്രയ മാർഗങ്ങൾ.**

ന്ന മുദാറബ, നിക്ഷേപകനും ബാങ്കും പങ്കാളിയാകുന്ന മുശാറക്ക, ആവശ്യക്കാർക്ക് വസ്തുക്കൾ പാട്ടത്തിന് കൊടുക്കുന്ന ഇജാറ, ആവശ്യക്കാരന് വസ്തുക്കൾ നൽകുയും തവണകളായി പണമടക്കുകയും ചെയ്യുന്ന മുറാബഹ, പാവപ്പെട്ടവർക്ക് നൽകുന്ന പലിശ രഹിത വായ്പകളായ ഖർദ് ഹസൻ എന്നിവയാണ് ഇസ്ലാമിക് ബാങ്കുകളുടെ ക്രയവിക്രയ മാർഗങ്ങൾ. ഇവയൊന്നും പരിഗണിക്കുന്നത് പണത്തിന്റെ ക്രമാതീതമായ വളർച്ചയല്ല; പ്രത്യുത വിഭവങ്ങളുടെ വർധനവാണ്. വിഭവവർധന വഴി നിക്ഷേപകർക്കും സംരംഭകർക്കും ബാങ്കിനും മാത്രമല്ല സമൂഹത്തിലെ സാധാരണക്കാർക്കുകൂടി നേട്ടമുണ്ടാകുന്നുവെന്നതിനാൽ തന്നെ ചൂഷണമുക്തമാണ് ഇസ്ലാമിക് ബാങ്കുകൾ എന്ന് വാദിക്കപ്പെടുന്നു. ഇന്നത്തെ സാമ്പത്തിക പ്രതിസന്ധിയിൽ ഇസ്ലാമിക് ബാങ്കുകൾ പിടിച്ചു നിൽക്കുന്നത് അതിന്റെ മാനവിക മുഖം കൊണ്ടാണെന്നാണ് വിലയിരുത്തപ്പെടുന്നത്.

പലിശയിൽ മുങ്ങിക്കൊണ്ടിരിക്കുന്ന സാമൂഹ്യ ക്രമത്തിൽ ഇന്നു നിലനിൽക്കുന്ന ഇസ്ലാമിക ബാങ്കുകൾ ഒരു കച്ചിത്തുരുമ്പ് തന്നെയാണ്. എന്നാൽ അവ പൂർണമായി ഇസ്ലാമീകരിക്കപ്പെട്ടിട്ടുണ്ടെന്ന് പറയാനാവില്ല. നിലവിലുള്ള പലിശയിലും വഞ്ചനയിലും അധിഷ്ഠിതമായ നാണയ വ്യവസ്ഥയെ (Monitary System) തന്നെയാണ് ഇസ്ലാമിക് ബാങ്കുകളും പിൻതുടരുന്നത്. വഞ്ചനയും അധീശത്വവുമാണ് ഈ നാണയ വ്യവസ്ഥയുടെ അടിത്തറയെന്ന് നടേ സൂചിപ്പിച്ചിട്ടുണ്ട്. ഈ വ്യവസ്ഥക്ക് അകത്തുനിന്നു കൊണ്ട് ഇസ്ലാമിക സാമ്പത്തിക നിയമങ്ങളെ പ്രയോഗവൽക്കുവാനുള്ള പരിശ്രമം ഭാഗികമായി മാത്രമെ വിജയിക്കുകയുള്ളൂ. പ്രസ്തുത നാണയ വ്യവസ്ഥക്ക് പകരമായി സ്വന്തമായി മൂല്യമുള്ള വസ്തുക്കളുടെ -സ്വർണം, വെള്ളി, പ്ലാറ്റിനം, ചെമ്പ്- അടിസ്ഥാനത്തിലുള്ള നാണയ വ്യവസ്ഥയുണ്ടാക്കുക അത്ര പ്രയാസമുള്ള കാര്യമൊന്നുമല്ല. ഇന്ന് വ്യാപകമായി ഉപയോഗിക്കപ്പെടുന്ന ഇലക്ട്രോണിക് പണത്തിന് സ്വയം മൂല്യമുള്ള വസ്തുക്കളുടെ പിൻബലം നൽകിയാൽ അവ കൊണ്ടു നടക്കുവാനുള്ള അസൗകര്യത്തിനും പരിഹാരമാവും. ഇസ്ലാമിക് ബാങ്കുകൾക്ക് ഒരു അന്താരാഷ്ട്ര കൂട്ടായ്മയുണ്ടാവുകയും പ്രസ്തുത കൂട്ടായ്മ പുതിയൊരു നാണയ വ്യവസ്ഥയുടെ അടിസ്ഥാനത്തിൽ പണമിടപാടുകൾ നടത്തുവാൻ നേതൃത്വം നൽകുകയും ചെയ്താൽ മൂന്നാം ലോകത്തെ ദരിദ്ര രാഷ്ട്രങ്ങൾക്കു കൂടി ഇസ്ലാമിക സാമ്പത്തിക വ്യവസ്ഥയുടെ ഗുണഭോക്താക്കളാകാൻ കഴിയും. ചൂഷണ രഹിതവും മാനവികവുമായ സാമ്പത്തിക വിനിമയങ്ങളുടെ നല്ല നാളുകൾക്കു വേണ്ടിയുള്ള മണിമുഴക്കമായി ഇന്നത്തെ സാമ്പത്തിക പ്രതിസന്ധിയെ മാറ്റിത്തീർക്കുവാൻ മുസ്ലിംകൾക്കേ കഴിയൂ. കളങ്കരഹിതമായ ദൈവിക ബോധനം അവരുടെ കൈയിൽ മാത്രമാണല്ലോ അവശേഷിച്ചിട്ടുള്ളത്.

വഞ്ചനയിലും ചൂഷണത്തിലും അധീശത്വത്തിലും അധിഷ്ഠിതമായ സാമ്പത്തികക്രമം തകരുകയെന്നത് ഒരു പ്രകൃതി നിയമമാണ്. അതാണ് സംഭവിച്ചുകൊണ്ടിരിക്കുന്നത്. അല്ലാഹു പറയുന്നത് കാണുക.

ജനങ്ങളുടെ സ്വത്തുക്കളിലൂടെ വളർച്ച നേടുവാനായി നിങ്ങൾ വല്ലതും പലിശയ്ക്ക് കൊടുക്കുന്ന പക്ഷം അല്ലാഹുവിങ്കൽ അത് വളരുകയില്ല. അല്ലാഹുവിന്റെ പ്രീതി ലക്ഷ്യമാക്കിക്കൊണ്ട് നിങ്ങൾ വല്ലതും സകാത്തായി നൽകുന്ന പക്ഷം അങ്ങനെ ചെയ്യുന്നവരത്രെ ഇരട്ടി സമ്പാദിക്കുന്നവർ. (ഖുർആൻ 30:39)

**റഫറൻസ്**

1. Francis Fukuyama The end of History and The Last Man (1992)
2. Samuel P. Huntington: The Clash of Civilisations and The Remarking of World Order(1996)
3. www. whitehouse gov/usc/nss.pdf
4. The Newyork Times October 7, 2002
5. Asia Times November 19, 2002
6. The Newyork Times December 12, 2001
7. Asia Times October 12, 2002
8. Extinction Risk from Climate Change: Nature 8, Jan 2004
9. Lin Lean Lim (Editor ) The Sex sector:The Eco nomic and Scoical Bases of Prostitution in Southeast Asia (1998)
10. Carl G Leukfeld, Frank M Times(Ed) Compulsony Treatment of Drug Abuse ( 1988)
11. CBASSE: Alcohol in America; Taking Action to prevent Abuse (1985)
12. World Economic Out look May 2001 www.imf.org.
13. UNDP Human Development Report 1997 (http://hdr. undp.org)
14. Global Development Finance 2001 ( http:/econ. worldbank.org)
15. www.jubileesearch.org
16. undp Human Development Report 1998.
17. www.economy.point.org
18. (www.jbradford.delong.net)
19. www.econlib.org
20. www.econbrowser.com

**(അമേരിക്കൻ പ്രതിസന്ധി......പേജ് 27ൽ നിന്ന് തുടർച്ച)**

ളും വാങ്ങലുകളും, അർഹതയില്ലാത്ത വായ്പകളുടെമേൽ ക്രെഡിറ്റ് ഡിഫാൾട്ട് (Credit Default) എന്ന ഇൻഷൂറൻസ് അനുവദിച്ചത്, തുടങ്ങിയവയാണ് ഇന്ന് അനുഭവിച്ചുകൊണ്ടിരിക്കുന്ന സാമ്പത്തിക മാന്ദ്യത്തിനുള്ള കാരണങ്ങളായി അമേരിക്കൻ സാമ്പത്തിക ശാസ്ത്രജ്ഞന്മാർ ചൂണ്ടിക്കാണിക്കുന്നത്. ഇതിന്റെയടിസ്ഥാനത്തിലുള്ള പരിഹാരമാർഗങ്ങളാണ് അമേരിക്കൻ സർക്കാറും ഫെഡറൽ റിസർവും പയറ്റിക്കൊണ്ടിരിക്കുന്നത്. ഇവ എത്രത്തോളം പ്രയോജനപ്രദമാകുമെന്ന് കണ്ടറിയുക തന്നെ വേണം.

അമേരിക്കയിലെയും മുതലാളിത്തരാഷ്ട്രങ്ങളിലെയും സാമ്പത്തിക വിദഗ്ധന്മാർ വ്യവസ്ഥക്കകത്ത് നിന്നുകൊണ്ടാണ് പ്രശ്നത്തെ അപഗ്രഥിക്കുകയും പരിഹാരങ്ങൾ നിർദേശിക്കുകയും ചെയ്യുന്നത്. അതുകൊണ്ട് തന്നെ പ്രശ്നത്തിന്റെ യഥാർഥ വേരുകൾ കാണാൻ അവർക്ക് കഴിഞ്ഞുകൊള്ളണമെന്നില്ല. ലോകത്ത് ഇന്ന് നിലനിൽക്കുന്ന സാമ്പത്തിക വ്യവസ്ഥക്ക് പുറത്ത് നിന്നുകൊണ്ട് ചിന്തിച്ചാൽ മാത്രമേ പ്രശ്നത്തെ യഥാർഥമായി വിലയിരുത്താനാവൂ. മുതലാളിത്ത സാമ്പത്തിക യന്ത്രത്തിന്റെ ചില ഭാഗങ്ങൾക്ക് സംഭവിച്ച തുരുമ്പിക്കലുകൾ മാത്രമല്ല; പ്രസ്തുത യന്ത്രത്തിന്റെ തന്നെ നിർമിതിയിലെ കുഴപ്പങ്ങളാണ് പ്രതിസന്ധിക്ക് കാരണമെന്ന വസ്തുത പരിഗണിക്കാതെയുള്ള പരിഹാരനിർദേശങ്ങളെല്ലാം തൊലിപ്പുറത്തെ ചികിത്സ മാത്രമായിത്തീരുമെന്ന് സംശയമില്ല. ഇത് മനസ്സിലാകണമെങ്കിൽ ആ യന്ത്രത്തിന് പുറത്തുപോയി അതിനെ സമഗ്രമായ പരിശോധനക്ക് വിധേയമാക്കേണ്ടി വരും. അങ്ങനെ പരിശോധിക്കുമ്പോൾ മാത്രമേ ഇടക്കിടക്ക് പ്രതിസന്ധികൾ സൃഷ്ടിച്ചുകൊണ്ടിരിക്കുന്ന സ്വതന്ത്രവിപണിയുടെ സാമ്പത്തിക വ്യവസ്ഥക്കകത്തും പുറത്തുമുള്ള പുഴുക്കുത്തുകൾ കണ്ടെത്തുവാനും പരിഹാരം നിർദേശിക്കുവാനും കഴിയൂ.